

25

# ഭഗവദ്ഗീതയിലെ ശ്രീകൃഷ്ണസന്ദേശങ്ങൾ

## ശാസ്ത്രയുഗത്തിൽ


**Dr. N. GOPALAKRISHNAN** Ph.D., D.Litt.
(Scientist & Hon. Director IISH)



**Indian Institute of Scientific Heritage**
Thiruvananthapuram 695 018

Heritage Publication Series - 99


Scanned with CamScanner

# ഭഗവദ്ഗീതയിലെ ശ്രീകൃഷ്ണസന്ദേശങ്ങൾ ശാസ്ത്രയുഗത്തിൽ

DR. N. GOPALAKRISHNAN Ph. D., D.Litt.
(Scientist, Hon. Director IISH)

**Indian Institute of Scientific Heritage**
Thiruvananthapuram 695 018

Heritage Publication Series 99

Scanned with CamScanner

ഭഗവത്ഗീതയിലെ ശ്രീകൃഷ്ണസന്ദേശങ്ങൾ ശാസ്ത്രയുഗത്തിൽ

**Dr. N. Gopalakrishnan**
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D. (Chem); D.Lit
(Scientist & Hon. Director IISH)

*Published by*

**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph. 2490149)
www.iish.org

**Rs. 25/-**

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

## നമ്മളറിഞ്ഞിരിക്കേണ്ട ഭഗവദ്ഗീതാസന്ദേശം.........

ഏകദേശം എൺപതു വയസ്സു വരെ ജീവിക്കുന്ന നമ്മൾ, ഈ ജീവിത യാത്രയിൽ സുഖവും വേദനയും ശരീരത്തിലും, സന്തോഷവും ദുഃഖവും മനസ്സിലുമനുഭവിക്കുന്നു. എല്ലാവർക്കുമറിയാം നമ്മളിവിടെ ശാശ്വതരല്ലെന്ന്. എന്നാലും ശാശ്വതരായിരിക്കുന്നവരെപ്പോലെ ജീവിക്കുന്ന നമുക്ക് ജീവിതത്തിൽ വഴികാട്ടിയായിരിക്കുന്നത് മനസ്സിലെ ചിന്തകളാണ്. ആ ചിന്തകളിലാണ് മനസ്സിലെ പല യാഥാർത്ഥ്യങ്ങളും പ്രതിഫലിക്കുന്നത്. മനസ്സിൽ നിറഞ്ഞിരിക്കുന്നത് ദുഃഖവും, വാശിയും, പകയും, വിദ്വേഷവും, അഹങ്കാരവുമെല്ലാമാണെങ്കിൽ അതെല്ലാം ചിന്തയിലുമുണ്ടാകും. ചിന്തയിലൂടെ ഉരുത്തിരിയുന്ന കർമ്മങ്ങളിലുമത് പ്രതിഫലിക്കും. അത് കർമ്മഫലത്തിന്റേയും ഭാഗമായിത്തീരും.

അതേ മനസ്സിൽ നിറഞ്ഞിരിക്കുന്നത് സ്നേഹം, ബഹുമാനം, കരുണ, ദയ, അഭിമാനം, ആദരവ്, കടപ്പാട്...... എന്നിവയാണെങ്കിൽ ആ മനസ്സിൽ നിന്നുയരുന്ന ചിന്തകളിലുമതായിരിക്കുമുണ്ടാകുക. ആ ചിന്തകളിൽ നിന്നുത്ഭവിക്കുന്ന കർമ്മത്തിലും, കർമ്മഫലത്തിലും മനസ്സിലെ വികാരങ്ങൾ പ്രതിഫലിക്കുമെന്നതും തീർച്ച. ഈ കർമ്മങ്ങളെല്ലാം ചെയ്യുന്നത് കർമ്മേന്ദ്രിയങ്ങളാണ്. അതിനു നിർദ്ദേശം നൽകുന്നത് മനസ്സാണ്. ആ മനസ്സിന് നിർദ്ദേശം നൽകുന്നത് ബുദ്ധിയാണ്. ബുദ്ധി തീരുമാനമെടുക്കുന്നത് പഞ്ചജ്ഞാനേന്ദ്രിയങ്ങളിൽ നിന്നു ലഭിക്കുന്ന വിവരങ്ങൾ വെച്ചുകൊണ്ടാണ്. അതുകൊണ്ടു തന്നെ പഞ്ചജ്ഞാനേന്ദ്രിയങ്ങളിലൂടെ ശരീരത്തിനു ലഭിക്കുന്ന വിവരങ്ങൾ, അതു ശേഖരിക്കുന്നതിൽ പഞ്ചജ്ഞാനേന്ദ്രിയങ്ങൾക്കുള്ള പങ്ക്, ഈ വിവരങ്ങളെല്ലാം മനസ്സ് സംസ്കരിക്കുന്നത്, അതിൽ നിന്ന് ബുദ്ധി വിവേചിച്ചറിയുന്നത്, വിവേകത്തിലൂടെയുള്ള വിശകലനത്തിനു ശേഷം വീണ്ടും മനസ്സിനെ ഏൽപ്പിച്ച ദൗത്യം പഞ്ചകർമ്മേന്ദ്രിയങ്ങൾ ചെയ്യുന്നത്, അതിൽ നിറഞ്ഞു നിൽക്കുന്ന ജ്ഞാനവും എല്ലാം ശ്രീകൃഷ്ണന് ഭഗവദ്ഗീതയിൽ വിശദീകരിക്കേണ്ടിവന്നു. അതിനു കാരണമെന്തായിരുന്നു?

അർജ്ജുനൻ വില്ലാളി വീരനാണ്. പാണ്ഡവകുലജാതൻ, യുദ്ധം ചെയ്യുന്നതിൽ ഭയമില്ലാത്തവൻ, ബുദ്ധിയും യുക്തിയും ശാസ്ത്രവും ധർമ്മവും വ്യക്തമായിട്ടറിയാവുന്നവൻ, അത്യാഗ്രഹമില്ലാത്തവൻ, അനുസരണയുള്ളവൻ, ജ്ഞാനമുള്ളവൻ,..... ഇങ്ങിനെയെല്ലാമുള്ള ഗുണനിലവാരത്തിൽ നിലകൊള്ളുന്ന വ്യക്തി എന്തുകൊണ്ടു യുദ്ധക്ഷേത്രത്തിൽ വന്നപ്പോൾ തളർന്നു? അർജ്ജുനനറിയാമായിരുന്നു, കൗരവരുമായിട്ടാണ് യുദ്ധമെന്ന്; കൗരവ പക്ഷത്താരെല്ലാമുണ്ടായിരി



Scanned with CamScanner

ക്കുമെന്നുമറിയാമായിരുന്നു. രണ്ടുവശത്തുള്ള കുറേ പേരെങ്കിലും വധിക്കപ്പെടുമെന്നുമറിയാം. യുദ്ധമായതിനാൽ ജയവും പരാജയവും ഏതെങ്കിലുമൊന്ന് ഉറപ്പാണെന്നുമറിയാം. ജയിക്കേണ്ടതാവശ്യമാണെന്നുമറിയാം. ജയിക്കണമെങ്കിൽ മറുപക്ഷത്തുള്ളവരെ വധിച്ചേമതിയാകൂ എന്നുമറിയാം. അതിനായിത്തന്നെയായിരുന്നു സൈനീക സന്നാഹം നടത്തിയതും, ഓരോ രാജാക്കന്മാരുടേയും അവരുടെ സൈന്യങ്ങളുടേയും സഹായമഭ്യർത്ഥിച്ചതും. യുദ്ധക്കളത്തിലേക്കാണു പോകുന്നതെന്ന് വ്യക്തമായ അറിവുള്ള അർജ്ജുനൻ എന്തുകൊണ്ട് സന്ദിഗ്ദഘട്ടത്തിൽ തളർന്നു. ഇംഗ്ലീഷിൽ എഴുതിയാൽ Crisis വന്നപ്പോൾ മാനേജർ തളർന്നു പോകുന്നതുപോലെ! ഇവിടെ തളരാനുള്ള കാരണം ഇല്ലാതാക്കി തളർച്ചയില്ലാതാക്കലാണ് Crisis management! അതാണിവിടെ വേണ്ടത്.

കഠിനമായ മനസ്സിൽ അഥവാ മനസ്സിൽ കഠിനമായ സംശയമുദിച്ചതു കൊണ്ടു തളർന്നു എന്നതാണുത്തരമെങ്കിൽ ആ സംശയങ്ങളെന്തായിരുന്നു? അത് അർജ്ജുനന്റെ മനസ്സിനേയും, ചിന്തകളേയും, കർമ്മത്തേയും എങ്ങിനെ സ്വാധീനിച്ചു? അതാണ് നമുക്കു പാഠമാകേണ്ടത്. യുദ്ധം ചെയ്താൽ, യുദ്ധം ചെയ്തു ജയിച്ചാൽ, യുദ്ധം ചെയ്തു ജയിച്ച് ഭരണഭാരമേറ്റെടുത്താൽ എന്തു സംഭവിക്കും? യുദ്ധം ചെയ്തു തോറ്റാൽ അഥവാ മരിച്ചാൽ എന്തു സംഭവിക്കും? ഈ രണ്ടു ചോദ്യങ്ങളും സംശയതീവ്രതയോടെ അർജ്ജുനന്റെ മനസ്സിൽ പ്രതിഫലിച്ചു. അതായത് ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ സ്വധർമ്മത്തെ തിരസ്കരിക്കാനുള്ള അവസരവാദപര തത്വശാസ്ത്രമായി മാറ്റാൻ അർജ്ജുനൻ ശ്രമിച്ചു!

ഞാനെന്റെ ബന്ധുക്കളോടു യുദ്ധം ചെയ്യുന്നത് ശരിയോ? അവരെ കൊല്ലുന്നതു ശരിയോ? ആചാര്യനെ വധിക്കുന്നത് ധർമ്മമോ? പിതാമഹൻ വധിക്കപ്പെട്ടാൽ ജനങ്ങളെന്തു പറയും? ഞാൻ ചെയ്യുന്നത് ധർമ്മശാസ്ത്രവിരുദ്ധമല്ലേ? ധർമ്മത്തിനും വിരുദ്ധമാണെന്ന് പിന്നീട് വ്യാഖ്യാനിക്കപ്പെട്ടില്ലേ? അധികാരമോഹമാണെന്ന് ജനത വിമർശിക്കില്ലേ? എന്റെ പ്രവൃത്തി ഹിംസയാകില്ലേ? ആത്മവഞ്ചനയാകില്ലേ? സമൂഹത്തിൽ അപച്യുതിയുണ്ടാവില്ലേ? അതിന്റെ ഉത്തരവാദിത്വം എന്നിലാരോപിക്കപ്പെടില്ലേ? ............ ചിന്തകൾ കാടുകയറിയ അർജ്ജുനന് അപഭ്രംശം സംഭവിച്ചു. സംശയത്തിലുഴലുന്ന മനസ്സിലുള്ള വികാര വിചാരങ്ങളെല്ലാം ശ്രീകൃഷ്ണൻ പുറത്തു കൊണ്ടുവന്നു പറയിപ്പിച്ചു. മനസ്സിലുള്ളതെല്ലാം പുറത്തു വന്നു കഴിഞ്ഞപ്പോൾ അർജ്ജുനന്റെ വൃത്തിയായ മനസ്സിൽ ഇച്ഛാശക്തിയും ക്രിയാശക്തിയും ജ്ഞാനശക്തിയുമുണ്ടാക്കി. അപ്പോ

ളാണ് മനസ്സിൽ ധാർമ്മബോധത്തോടെയുള്ള ധാരണയുണ്ടായത്. അത നുസരിച്ചുള്ള ചിന്തകളുമൂടലെടുത്തതും അതിനനുസരിച്ചുള്ള കർമ്മ വുമാരംഭിച്ചതും, അതിന്റെ പരിണിതകർമ്മഫലവുമുണ്ടായതും!

ഇനി നാം ചിന്തിക്കേണ്ടത്. ഏതു ധീരനും വീരനും ധർമ്മബോ ധമുള്ളവനും ആത്മാർത്ഥതയുള്ളവനും, സമർപ്പണബോധമുള്ളവനും മനസ്സിൽ സംശയത്തിന്റേയും ഭയത്തിന്റേയും ബന്ധനത്തിന്റേയും ചിന്ത കളുദയം ചെയ്താൽ തളരും. ആ തളർച്ചയെ തളരുന്നവരെല്ലാം പലവി ധത്തിൽ ന്യായീകരിക്കും. ആ ന്യായീകരണം ധാർമ്മീകവും സത്യസ ന്ധവും ആത്മാർത്ഥവും ആണെന്ന് സമർത്ഥിക്കും. അവർ സ്വയം കുറ്റ ഭാരം ഏറ്റെടുക്കും. സ്വയം ശിക്ഷ സ്വീകരിക്കാൻ തയ്യാറാണെന്നുവരെ സമർത്ഥിക്കും. എന്തെല്ലാം നഷ്ടപ്പെട്ടാലും ഞാനിനി ആ വഴിക്കില്ലെന്ന് ആണയിട്ടു പറയും. ഇനിയൊന്നും എന്റെ ജീവിതത്തിൽ വേണ്ടെന്നും പറയും. അതെല്ലാം മഹത്വമേറിയ ധർമ്മബോധത്തിന്റെ പ്രതിഫലനവും, അധാർമ്മീകമെന്നു തിരിച്ചറിഞ്ഞതിന്റെ പരിണത ഫലവുമാണെന്ന് അംഗീകരിപ്പിക്കാൻ ശ്രമിക്കും. ശരീരവും മനസ്സും തളരുന്നുവെന്നും, ഞാൻ നിസ്സഹായനാണെന്നും, വാക്കുകളിലൂടെ ഏറ്റവും വേണ്ടപ്പെട്ട വരോട് പ്രത്യക്ഷമായോ പരോക്ഷമായോ തെളിയിച്ചുകൊണ്ടിരിക്കും. അനുകമ്പയർഹിക്കുന്ന വിധത്തിൽ അവർ കരയും, എല്ലാം ത്യജിക്കും, ....... ഇതെല്ലാം നമ്മളെപ്പോലെ പാണ്ഡവകുലത്തിലെ വില്ലാളിവീരനായ അർജ്ജുനനും ചെയ്തു. ആ സംഘർഷപൂരിതമായ മാനസീകാവസ്ഥ യിൽ പൂർണമായും തളർന്ന വേളയിലാണ് ശ്രീകൃഷ്ണൻ അർജ്ജു നന് ഇച്ഛാശക്തിയും ജ്ഞാനശക്തിയും ക്രിയാശക്തിയും ശാന്തമായി അർത്ഥഗർഭമായി ഉറച്ചവാക്കുകളിലൂടെ എക്കാലത്തേക്കുമായി പകർന്നു നൽകി ഉത്തേജിപ്പിച്ചത്.

സ്വാമി ചന്മയാനന്ദൻ പറഞ്ഞതുപോലെ ഒരു നോട്ടം കൊണ്ടോ ഒരു വാക്കുകൊണ്ടോ-വരികൊണ്ടോ-ശ്ലോകം കൊണ്ടോ-അഥവാ പൂർണമായ രൂപത്തിലോ ശ്രീകൃഷ്ണൻ (അർജ്ജുനന്റെ സംശയങ്ങളും ദുഃഖവുമറിഞ്ഞ്) വിവരിച്ചു കൊടുത്തത് സഞ്ജയൻ ദർശിച്ച്, യുദ്ധം തുടങ്ങി ഏതാനും ദിവസം കഴിഞ്ഞ് ധൃതരാഷ്ട്രർക്ക് വിവരിച്ചുകൊടു ത്തത്, വ്യാസഭഗവാൻ മഹാഭാരതത്തിൽ എഴുതിച്ചേർത്തപ്പോൾ ഇന്നു നമുക്കു ലഭിച്ച എഴുന്നൂറു ശ്ലോകങ്ങളുള്ള ഭഗവദ്ഗീതയായി. ചരിത്ര കുതുകികളല്ലാത്ത എല്ലാവർക്കും ബാധകമായത് ഭഗവദ്ഗീതയുടെ സന്ദേശമാണ്. ഗീത അർജ്ജുനനു വേണ്ടിയായാലും, നമുക്കുവേണ്ടി യായാലും, കുരുക്ഷേത്രഭൂമിയിലായാലും, മനസ്സിനുള്ളിലായാലും ആയി



Scanned with CamScanner

രക്കണക്കിന് വർഷങ്ങൾക്കുമുമ്പായാലും, ദ്വാപരയുഗത്തിലായാലും, കലിയുഗത്തിലായാലും, ഇന്നലെയായാലും അവയിലെ സന്ദേശങ്ങൾക്ക് ഇന്നത്തെ പ്രസക്തിയെന്താണെന്നതാണ് നാം ചിന്തിക്കേണ്ടത്. ഒരു ശ്ലോകത്തിലാണുപദേശിച്ചതെങ്കിലും, ഉപദേശം യുദ്ധഭൂമിയിലോ മനസ്സിലോ ആയാലും,........ ഗീതാ സന്ദേശം സ്വീകരിക്കുന്നവർക്ക് പ്രയോജനപ്പെടേണ്ട നിർദ്ദേശമിതാണ്; തളർന്ന അർജ്ജുനൻ ഉണർന്നെഴുന്നേറ്റതുപോലെ ഉയർന്നെഴുന്നേൽക്കണം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പരിമിതികളിലും, പരാധീനതകളിലും, യുക്തിരഹിത സയൻസിന്റെ തള്ളിക്കയറ്റത്തിലും, കുടുംബ പ്രശ്നങ്ങളിലുമുഴലുന്ന നമ്മളാരും അർജ്ജുനന്മാരല്ലെങ്കിലും, അർജ്ജുനന്റെ മാനസീക തളർച്ചയുടെ ഒരംശമെങ്കിലും കൊണ്ടു നടക്കുന്നവരാണ്. ആ നമുക്കും തളർച്ചയിൽ നിന്നും തകർച്ചയിൽ നിന്നും വളർച്ചയിലേക്കുയരാനും കർമ്മധർമ്മധീരരാകാനും സാധിക്കും. അർജ്ജുനന്റെ ദുഃഖവും, തളർച്ചയും, ഭയവും, എല്ലാം നമ്മളിലും നിറഞ്ഞുനിൽക്കുന്നതുകൊണ്ട് ശ്രീകൃഷ്ണന്റെ നിർദ്ദേശം മാത്രം മതിയാകും നമ്മുടേയും പ്രശ്നപരിഹാരത്തിന് അതിനാൽ ശ്രീകൃഷ്ണന്റെ ഉപദേശങ്ങൾ ഇന്നത്തെക്കാലഘട്ടത്തിലെ പ്രശ്നങ്ങളെക്കൂടി മുന്നിൽ കണ്ടുകൊണ്ടാണ് സംക്ഷിപ്തമായി വിവരിക്കുന്നത്.

## ഗീതാസന്ദേശങ്ങളിലൂടെ....!

സംഘർഷപൂരിതമായ ലോകത്തിൽ പ്രശ്നങ്ങളഭിമുഖീകരിക്കുമ്പോൾ ധീരന്മാർ ഒരിക്കലും തളരരുത്. പ്രശ്നങ്ങളഭിമുഖീകരിക്കുന്ന വേളയിൽ ദുർബലമായതും മനുഷ്യസഹജവുമായ ഹൃദയദൗർബല്യത്തെ ത്യജിച്ച് ഊർജ്ജസ്വലതയോടെ കർമ്മനിരതരാകണം. ദുഃഖിക്കേണ്ട ആവശ്യമില്ലാത്തതിനെക്കുറിച്ച് പലരും ദുഃഖിക്കുന്നു. അവർ തന്നെ ധർമ്മബോധമുള്ള ജ്ഞാനികളെപോലെ സംസാരിക്കുകയും ചെയ്യാറുണ്ട്. ധീരന്മാർക്ക് ഇത്തരത്തിലുള്ള പെരുമാറ്റം ഭൂഷണമല്ല. (2 : 2,3)

2. കഴിഞ്ഞുപോയതിനെക്കുറിച്ച് ദുഃഖിക്കേണ്ടതായ ആവശ്യമേയില്ല. ഇനി കഴിയാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചും ദുഃഖിച്ചിട്ടു കാര്യമില്ല. ഭൂതകാലവും ഭാവികാലവും വർത്തമാനകാലവുമെല്ലാം കാലത്തിന്റെ തുടർ പ്രവാഹങ്ങളാണ്. അവിടെ നാം ചെയ്തുതീർക്കേണ്ടതായ കാര്യങ്ങൾ ചെയ്തേ മതിയാകൂ! (2:11)

3. പരമമായ സത്യത്തിന്റേയും വസ്തുതകളുടേയും തലത്തിൽ വിശകലനം ചെയ്താൽ വ്യക്തമാകുന്ന കാര്യങ്ങളുണ്ട്. നമ്മളിലെല്ലാം അധി



Scanned with CamScanner

വസിക്കുന്ന ജീവാത്മാവിന് ജനനമരണങ്ങളില്ല. അതൊരിക്കലും ഇല്ലാതിരുന്നിട്ടില്ല. ഇനി ഒരിക്കലും ഉണ്ടാകാത്ത അവസ്ഥയും സംജാതമാകില്ല. ജീവാത്മാവ് തെരഞ്ഞെടുക്കുന്ന ശരീരത്തിലധിവസിച്ച്, ആ ശരീരം ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം, ജരാനര എന്നീ അവസ്ഥയിലൂടെ കടന്നു പോകുന്നു എന്നത് പ്രകൃതിനിയമമാണ്. ശരീരം ജീർണിക്കുമ്പോൾ സ്വാഭാവികമായും ജീവാത്മാവ് ആ ശരീരത്തെയുപേക്ഷിച്ച് മറ്റൊന്നിലേക്ക് പ്രയാണം ചെയ്യും. ഈ മാറ്റത്തിൽ ധീരന്മാർ ദുഃഖിക്കേണ്ട ആവശ്യമില്ലല്ലോ. അതാണ് എല്ലാവരും ഭയപ്പെടുന്ന മരണം. അതു കാലത്തിന്റെ നിയമവും നിയതിയുമാണ്. (2 : 12,13).

4. ചെവി ശബ്ദവുമായി ബന്ധപ്പെടുമ്പോഴും, കണ്ണു ദൃശ്യവുമായി പ്രകാശത്തിലൂടെ ബന്ധപ്പെടുമ്പോഴും, മൂക്കും, നാക്കും ത്വക്കും വാസനയും, സ്വാദും, ശീതോഷ്ണവുമായി ബന്ധപ്പെട്ട തന്മാത്രകളുമായി ബന്ധപ്പെടുന്ന വേളയിലും മാത്രമാണ് നമുക്ക് ശബ്ദ-ദൃശ്യ-ഘ്രാണ-രസ-സ്പർശന ബോധമുണ്ടാകുന്നത്. (2: 14)

ചെവി കേൾക്കാത്തവന് ശ്രവണവുമായി ബന്ധപ്പെട്ടവയിൽ സന്തോഷവും ദുഃഖവുമുണ്ടാകില്ല. കണ്ണുകാണാത്തവന് കാഴ്ചയുടേയും ദൃശ്യത്തിന്റേയും സന്തോഷ സന്താപങ്ങളില്ല....! അപ്രകാരം ഈ ജ്ഞാനേന്ദ്രിയങ്ങളിലൂടെ മനസ്സിലേക്കു വരുന്ന സന്ദേശങ്ങളെ തടയാൻ കഴിവുള്ളവന് അവയുമായി ബന്ധപ്പെടുന്ന വികാരങ്ങളുണ്ടാകില്ല. അവയെല്ലാം നീങ്ങിയാൽ നൈമിഷികങ്ങളായ ബന്ധനങ്ങളെല്ലാം അപ്രത്യക്ഷമാകും. നമ്മുടെ ജ്ഞാനേന്ദ്രിയങ്ങൾ (sensory organs) ഒന്നിനോടും ശാശ്വതമായ ബന്ധം പുലർത്തുന്നില്ല. മനസ്സാണ് ബന്ധവും ബന്ധനവുമുണ്ടാക്കുന്നതും നിലനിർത്തുന്നതും. അതുകൊണ്ടുതന്നെ മനസ്സ് കൊണ്ട് അവഗണിക്കേണ്ടതിനെ അവഗണിക്കാൻ പഠിക്കുക.

5. അമരത്വവും, ശാശ്വതസമാധാനവും, കർമ്മനിരതമായ ജീവിതവും, വളർച്ചയും, ഉയർച്ചയും, പുരോഗതിയും ആഗ്രഹിക്കുന്നവർ സുഖത്തേയും ദുഃഖത്തേയും സമചിത്തതയോടെ അഭിമുഖീകരിക്കണം. എല്ലായിപ്പോഴും സുഖവും, ജയവും, കീർത്തിയും, പ്രോത്സാഹനവും, അഭിനന്ദനവും ലഭിക്കില്ല. ദുഃഖവും, പരാജയവും, വിമർശനവും, അവഹേളനവുമെല്ലാം ചേർന്നതാണ് ജീവിതം. (2 : 15)

6. ഈ ലോകത്തിൽ ഇല്ലാത്തതൊന്നും ഇനിയുണ്ടാകാൻ പോകുന്നില്ല. ഉള്ളതൊന്നും ഇനിയില്ലാതാകാനും പോകുന്നില്ല. പരമമായ സത്യമതാണ്; അത് പരമാണുവായാലും ഊർജ്ജമായാലും അവയെ



Scanned with CamScanner

ഉണ്ടാക്കാനോ നശിപ്പിക്കാനോ സാദ്ധ്യമല്ല. എന്നാൽ ജീവനുള്ളവയുടെ ശരീരത്തിനു നാശമുണ്ട്. അത് മരണത്തിലൂടെ വിട പറയും. എന്നാൽ ആത്മാവിന് നാശമില്ല. അത് ശാശ്വതമാണ്. ജനനമരണങ്ങൾക്കതീതമാണ് (2:16 -18). (Energy can neither be created nor be destroyed..... ! അറിയുക) (Many lifes many masters എന്ന പുസ്തകവും Same soul many bodies എന്ന പുസ്തകവും വായിക്കുക! by Dr. Brian L Weiss)

7. ജീവാത്മാവ് വധിക്കപ്പെടുന്നുമില്ല ആരെയും വധിക്കുന്നുമില്ല. അതൊരിക്കലും ഇല്ലാതിരുന്നിട്ടുമില്ല ഇനിയില്ലാതിരിക്കുകയുമില്ല. ജനനമരണങ്ങൾക്കതീതമായ ആത്മാവിനെക്കുറിച്ചോർത്ത് ദുഃഖിക്കേണ്ട കാര്യവുമില്ല. ദുഃഖിച്ചതുകൊണ്ടു പ്രയോജനവുമില്ല. ജനനമരണങ്ങൾക്കതീതമായ ഒന്നിനെക്കുറിച്ച് ചിന്തിച്ചുവേവലാതിപ്പെടുന്നത് സമയനഷ്ടവും ഊർജ്ജ നഷ്ടവുമാണെന്നറിയുക. മുഷിഞ്ഞതും ജീർണിച്ചതുമായ വസ്ത്രങ്ങളുപേക്ഷിച്ച്, നമ്മൾ നല്ല വസ്ത്രങ്ങളുടുക്കുന്നതു പോലെ മാത്രമാണ്, ജീർണിച്ച ശരീരത്തെയുപേക്ഷിച്ച് ആത്മാവ് പുതിയ ശരീരത്തെ തിരഞ്ഞെടുക്കുന്നത്. ആത്മാവിനെ ആയുധമോ, അഗ്നിയോ, ജലമോ, വായുവോ നശിപ്പിക്കില്ല. അത് നിത്യവും, അചഞ്ചലവും, എല്ലാത്തിലും എക്കാലവും നിലനില്ക്കുന്നതുമാണ്. പരിമിതമായ അക്ഷരങ്ങളുള്ള ഭാഷാപ്രയോഗത്തിലൂടെ ആത്മാവിനെക്കുറിച്ച് എങ്ങിനെയെല്ലാം വിവരിച്ചാലും ആത്മാവിനെക്കുറിച്ചുള്ള വിവരണം അപൂർണമായിരിക്കും.(2: 19–25) (If one form of energy changes it will appear in another form)

8. ആത്മാവ് എന്ന പ്രതിഭാസം അവ്യക്തമാണ്, ചിന്താതീതമാണ്, വികാരാതീതമാണ്. ചിലർ ധരിക്കുന്നു ആത്മാവിനും ജനനമരണമുണ്ടെന്ന്. ഇനി അപ്രകാരം ധരിക്കുന്നുവെങ്കിൽ പോലും ഒരു വസ്തുത സത്യമാണ്. ജനിച്ചതിനെല്ലാം മരണമുണ്ട്, മരിച്ചതിലെ ആത്മാവ് പുനർജനിക്കുകയും ചെയ്യുന്നതിനാൽ ജനനമരണത്തെക്കുറിച്ച് ദുഃഖിക്കേണ്ടയാവശ്യമേയില്ല. (2: 26–28) (Searching for soul in between the strands of DNA by Dr. Deepak Chopra

9. ജീവിതമെന്നതുതന്നെ അത്ഭുതകരമായ ഒരു പ്രതിഭാസമാണ്. ജനനത്തിനു മുമ്പുള്ള അവസ്ഥയും, മരണത്തിന് ശേഷമുള്ള അവസ്ഥയും അവ്യക്തമാണ്. ജനനമരണങ്ങൾക്കിടക്കുള്ള ജീവിതകാലത്തിലെ ഓരോ ബിന്ദുവും വിശകലനം ചെയ്താൽ നമ്മുടെ ജീവിതം എന്ന പ്രതിഭാസം എത്ര അത്ഭുതകരമാണെന്നു ബോധ്യമാകും. ജീവിതത്തെക്കുറിച്ച് ചിലർ



Scanned with CamScanner

അത്ഭുതത്തോടെ വിവരിക്കുന്നു, ചിലർ അത്ഭുതത്തോടെ അതു കേൾക്കുന്നു. ചിലർ അത്ഭുതത്തോടെ ജീവിതത്തെക്കാണുന്നു. ഈ മൂന്നുവിഭാഗത്തിൽപ്പെടുന്നവരും ജീവിതയാഥാർത്ഥ്യമെന്താണെന്നു വ്യക്തമായും സത്യസന്ധമായും വസ്തുതാപരമായും അറിയുന്നില്ല. അന്ധൻ അന്ധനെ നയിക്കുന്നതുപോലെ പലരും കണ്ടതും കേട്ടതും അനുഭവിച്ചതും പരിമിതമായ അക്ഷരങ്ങളും വാക്കുകളുമുള്ള ഭാഷയുപയോഗിച്ച് ഭാഗികമായി മാത്രമറിവുള്ളവന് വിവരിക്കുന്നതല്ലേ ഇതെല്ലാം. (2: 28-29) (ജീവിതം എന്ന അത്ഭുതം എന്ന പുസ്തകം വായിക്കുക. by. Dr. V.P. Gangadharan)

10. നാശമില്ലാതെ കാലാതീതമായി നിലനിൽക്കുന്ന ജീവാത്മാവിനെക്കുറിച്ചും, അത് ജനനമരണത്തിന്നതീതമായതുകൊണ്ട്, ദുഃഖിക്കേണ്ടതില്ല. ജനിച്ചാൽ ശരീരത്തിന് മരണമുള്ള സ്ഥിതിക്ക്, മരണത്തെക്കുറിച്ച് ചിന്തിച്ചിട്ടും ദുഃഖിച്ചിട്ടും കാര്യമില്ല. നാം ചെയ്യേണ്ടത് നമ്മൾ ഏറ്റെടുത്ത ധർമ്മമാണ്. പ്രകൃതി നമ്മളെ ഏൽപ്പിച്ചതായ ധർമ്മം, മാനവരാശിയുടെ നന്മക്കുതകുന്ന ധർമ്മം! ധർമ്മത്തെ പുനസ്ഥാപിച്ച് അധർമ്മത്തെയില്ലാതാക്കുന്ന സ്വകർമ്മം സ്വാർത്ഥതയില്ലാതെ അനുഷ്ഠിക്കുക. ധർമ്മം അനുഷ്ഠിക്കുന്ന വേളയിൽ ലഭിക്കുന്ന സുഖവും സന്തോഷവും അതാഗ്രഹിക്കുന്നവർക്ക് അനുഭവിക്കുകയും ചെയ്യാം. അതിലൂടെ കീർത്തിയും പേരും പ്രസിദ്ധിയും അനുഭവിക്കുകയുമാകാം (12 : 30-33) (Dharma based management Business week, USA)

11. അതേ സമയം നമ്മളനുഷ്ഠിക്കേണ്ടതായ മേൽ പറഞ്ഞ ധർമ്മങ്ങൾ അനുഷ്ഠിച്ചില്ലെങ്കിൽ നമ്മളെ സമൂഹം അവഹേളിക്കും. അപ്രകാരമുള്ള അവഹേളനങ്ങളും പുച്ഛസ്വരത്തിലുള്ള അപകീർത്തിപ്പെടുത്തലും ധർമ്മബോധമുള്ളവർക്കും, ധർമ്മസംരക്ഷണമെന്ന ദൗത്യം ഏറ്റെടുത്തവർക്കും, ശ്രേഷ്ഠന്മാർക്കും മരണത്തേക്കാൾ വേദനാജനകമാണ്. കർമ്മധർമ്മങ്ങളുടെ ഉത്തരവാദിത്വമേറ്റെടുക്കാനുള്ള ഭയം കൊണ്ടാണ് സ്വധർമ്മം അനുഷ്ഠിക്കാത്തതെന്ന് ആരാധിച്ചിരുന്നവർ പോലും വിമർശിക്കും. ശ്രേഷ്ഠന്മാരായവർക്കും ധീരന്മാർക്കും നേരിടേണ്ടി വരുന്ന വിമർശനം അവരെ അല്പന്മാരായി കാണുവാനും വിലയിരുത്തുവാനും കാരണവുമാകും. അതിനിശിതമായ വാക്കുകളാൽ, കർമ്മരാഹിത്യമാർഗം സ്വീകരിച്ചവരെ സമൂഹം കുറ്റപ്പെടുത്തുമ്പോൾ ധർമ്മബോധമുള്ളവർക്ക് അതിനേക്കാൾ ദുഃഖകരമായിട്ടെന്താണുണ്ടാകുകയെന്നു ചിന്തിക്കണം. എല്ലാ കർമ്മങ്ങൾക്കും അതിന്റേതായ നന്മ തിന്മ



Scanned with CamScanner

കളുണ്ടെന്നറിഞ്ഞ്, പരാജയപ്പെട്ടാലും വിജയിച്ചാലും നാം നമ്മുടെ കർമ്മം ചെയ്യണം (2:34-36).

ജഡ്ജിയും, നിയമപാലകരും, അതിർത്തിയിൽ രാഷ്ട്ര സംരക്ഷണം നടത്തുന്ന ജവാന്മാരും ഭയപ്പെട്ട് സ്വന്തം കർമ്മം ചെയ്യുന്നില്ലെന്നു വിചാരിക്കൂ. എന്താണു സംഭവിക്കുകയെന്ന് ചിന്തിച്ചാൽ ഈയവസ്ഥയുടെ പരിണിതഫലം മനസിലാകും.

12. കർമ്മധീരന്മാർക്ക് സുഖവും ദുഃഖവും, ലാഭവും നഷ്ടവുമെല്ലാം അചഞ്ചലമായ മനസ്സോടെ അഭിമുഖീകരിക്കുവാൻ സാധിക്കണം. ഓരോ കർമ്മത്തിനും കർമ്മഭാഗവുമുണ്ട് ജ്ഞാനഭാഗവുമുണ്ട്. ധർമ്മബോധമുള്ളവരനുഷ്ഠിക്കുന്ന കർമ്മം അധാർമ്മികമാകുകയില്ല. അവർ കർമ്മമണ്ഡലത്തിലൂടെ മുന്നേറുമ്പോൾ മനസ്സിനെ ഏകാഗ്രമാക്കി കൃത്യമായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. മനസ്സ് അസ്ഥിരമായാൽ അതിൽ നിന്നും പലതരത്തിലുള്ള ചിന്തകളായിരിക്കും ഉണ്ടാകുന്നത്. പല ചിന്തകൾ പല മാർഗങ്ങൾ കാണിച്ചു തരുന്നതായാൽ ലക്ഷ്യം പതറിപ്പോകും, ലക്ഷ്യഭ്രംശമുണ്ടാകും. എപ്പോൾ, എങ്ങിനെ, ആര്, എന്ത്, എന്തിന്, എവിടെ വെച്ച് ചെയ്യും അഥവാ ചെയ്യാതിരിക്കുമെന്നു ചിന്തിച്ചുകൊണ്ടേയിരുന്നാൽ ചിന്തിക്കുന്നവരൊരിടത്തുമെത്തുകില്ലെന്നത് സത്യം! (2 : 37-41)

13. കൃത്യമായ ലക്ഷ്യബോധവും, ധർമ്മബോധവും, ജ്ഞാനവുമുള്ള വ്യക്തികൾ പല പല ഗ്രന്ഥങ്ങളേയും, പന്ഥാവുകളേയും, ഉപദേശങ്ങളേയും സംഘർഷാവസ്ഥയിൽ (Crisis ൽ) ആശ്രയിക്കേണ്ടതില്ല. അതേ സമയം സുഖഭോഗങ്ങളെ ലക്ഷ്യമിട്ടു പ്രവർത്തിക്കുന്നവർക്ക്, ഏകാഗ്രതയും ധർമ്മബോധവും നിലനിർത്താൻ പലപ്പോഴും സാധിച്ചു എന്നു വരില്ല. പവിത്രമെന്നു നാം വിചാരിക്കുന്ന ഗ്രന്ഥങ്ങളിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയാൽ, ആ കർമ്മങ്ങളിൽ പോലും സത്വ രജസ് തമോ ഗുണപ്രദങ്ങളായ ഫലങ്ങളുണ്ടാകും. ധർമ്മബോധത്തോടെ പ്രവർത്തിക്കുന്നവർ ഈ മൂന്നു ഗുണ/ദോഷങ്ങൾക്കുമതീതമായി പ്രവർത്തിക്കണം. ദാഹിക്കുന്ന വ്യക്തിക്ക് ദാഹശമനത്തിന്നായി അൽപം വെള്ളം മാത്രമാണാവശ്യം. കവിഞ്ഞൊഴുകുന്ന വലിയ പാത്രം നിറച്ച് വെള്ളമാവശ്യമില്ല. അതുപോലെ കർമ്മനിരതനായ വ്യക്തിക്ക് അതിന്നാവശ്യമായ മാർഗനിർദ്ദേശങ്ങളുടെ ഉപദേശങ്ങളെ ആവശ്യമുള്ളൂ. എല്ലാ വേദ-ധർമ്മ ഗ്രന്ഥങ്ങളിലുമുള്ള പലതരം ഉപദേശങ്ങളാവശ്യമില്ല. (2:42-46)

പലഗ്രന്ഥങ്ങളും, പലവീക്ഷണങ്ങളും, പല ഉപദേശങ്ങളുമെല്ലാം കർമ്മത്തിന്നിറങ്ങി പുറപ്പെടുന്നതിനു വളരെ മുമ്പു പ്രയോജനപ്പെട്ടേ



Scanned with CamScanner

ക്കാം. കർമ്മമണ്ഡലത്തിലിറങ്ങിക്കഴിഞ്ഞ് വീണ്ടും ചിന്തിച്ചും വിശകലനം ചെയ്തും നിൽക്കുന്നവനൊരിടത്തുമെത്തുകയില്ല. ലക്ഷ്യവും മാർഗവും തീർച്ചപ്പെടുത്തിയവൻ വീണ്ടും വീണ്ടും സംശയാലുവിനെപ്പോലെ ഗ്രന്ഥങ്ങൾ പരിശോധിച്ചുകൊണ്ടേയിരുന്നാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല.

14. കർമ്മവും കർമ്മഫലവും പരസ്പരം ചേർന്നിരിക്കുന്നതിനാൽ ഫലത്തോടു കൂടിയ കർമ്മം ചെയ്യുവാൻ മാത്രമേ നമുക്കധികാരമുള്ളൂ. കർമ്മത്തിന്റെ പ്രതിഫലത്തിന്, അവകാശമുണ്ടെങ്കിലും അധികാരമില്ല. ആ പ്രതിഫലത്തെക്കുറിച്ചും പുരസ്കാരത്തെക്കുറിച്ചുമുള്ള ആസക്തിയോ വിരക്തിയോ ഉണ്ടാകുവാനും പാടില്ല. പുരസ്കാരം ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യട്ടെ! കർമ്മപ്രതിഫലത്തിൽ ബന്ധനമില്ലാതെ സമബുദ്ധിയോടെ കർമ്മം ചെയ്യുന്നതിനെയാണ് യോഗം എന്നറിയപ്പെടുന്നത്. ഫലത്തേയും പ്രതിഫലത്തേയും പുരസ്കാരത്തേയും മാത്രം ചിന്തിച്ച് കർമ്മം ചെയ്യുന്നവർ നീചരാണ്. (2:45-49)

പരീക്ഷക്കു പഠിക്കുകയും ജയിക്കുകയും ചെയ്യുന്നത് കർമ്മവും കർമ്മഫലവുമാണ് പരീക്ഷാർത്ഥിക്ക് അതിന്നവകാശമുണ്ട്. എന്നാൽ അഭിനന്ദനങ്ങളും, പുരസ്കാരങ്ങളും വേണമെന്നാരോപിക്കാൻ അവന് അധികാരമില്ല.

15. സംഘർഷപൂരിതമായ അവസ്ഥകളിലും ഘട്ടത്തിലും നന്മ തിന്മകളെക്കുറിച്ച് ചിന്തിച്ച് സമയം കളയുന്നതിനുപകരം സ്വന്തം ധർമ്മം ചെയ്യുക. അപ്രകാരം സ്വധർമ്മം അനുഷ്ഠിക്കുന്നവരാണ് യോഗികൾ. കർമ്മഫലവും, പ്രതിഫലവും പുരസ്കാരവും വേണ്ടെന്നു വെക്കുവാനുള്ള മനസ്സാന്നിദ്ധ്യമുള്ളവന് താൽക്കാലിക സന്തോഷത്തേക്കാൾ മഹത്തായ ശാശ്വത സന്തോഷം ലഭിക്കുന്നു. (2:50, 51)

ചില കർമ്മങ്ങൾ താൽക്കാലിക സന്തോഷം തരുന്നു. ചിലത് ശാശ്വത സന്തോഷവും. ശാശ്വതസന്തോഷത്തിനുള്ള കർമ്മമാർഗങ്ങളനുഷ്ഠിക്കാനാണ് എന്നും ശ്രമിക്കേണ്ടത്.

16. നമ്മുടെ മനസ് അസ്ഥിരമാകുമ്പോൾ ബുദ്ധിക്ക് ഇളക്കം തട്ടുന്നു. ബുദ്ധിക്ക് വിവേകത്തിന്റെ പിൻബലമില്ലാതെ വരുന്ന ചഞ്ചലമായ മാനസികാവസ്ഥയിൽ നാം കേട്ടതും കേൾക്കുന്നതും കേൾക്കാൻ സാദ്ധ്യതയുള്ളതുമെല്ലാം നാം തെറ്റായിട്ടെടുക്കാനും, നാം തെറ്റിദ്ധാരണക്കു വിധേയരാകാനും സാദ്ധ്യതയുണ്ട്. പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങൾ കേൾക്കുന്നതും, കേട്ടതും, കേൾക്കാൻ സാദ്ധ്യതയുള്ളതു

മെല്ലാം നമുക്ക് മനസ്സിലും, ചിന്തയിലും, കർമ്മത്തിലും, ധർമ്മത്തിലും, അപഭ്രംശം സംഭവിപ്പിക്കും. ശരിയേത് തെറ്റേതെന്ന് തിരിച്ചറിയാൻ പോലും സാധിക്കാത്ത അവസ്ഥയിലെത്തും. പരസ്പരവിരുദ്ധങ്ങളോ വ്യത്യസ്ഥങ്ങളോ ആയ അഭിപ്രായങ്ങൾ കേട്ട് മനസ്സും ബുദ്ധിയും ഭ്രമിക്കുമ്പോൾ, ധ്യാനനിരതനായി മനസ്സിനെ ഏകാഗ്രമാക്കിയാൽ ബുദ്ധിയും മനസ്സും ശാന്തമായി, ചിന്തകളെ നേർവഴിക്കു നയിച്ച് കർമ്മമനുഷ്ഠിക്കാനുള്ള മാനസീകാവസ്ഥയുണ്ടാകും. അതുകൊണ്ട് മനസ്സിനേയും ചിന്തകളേയും വ്യത്യസ്ഥ വഴികളിലൂടെ ചരിക്കാനനുവദിക്കാതെ ഒറ്റപന്ഥാവിലൂടെ നയിക്കുക!

അവനവനിൽ വിശ്വാസമർപ്പിച്ച്, മനസ്സിനെ ദൃഢമാക്കിയാൽ നാം ദൃഢചിത്തരായിത്തീരും. ദൃഢചിത്തനായാൽ ദുഃഖം വരുമ്പോൾ തളരില്ല. സുഖത്തിൽ മതിമറക്കുകയുമില്ല. ബന്ധങ്ങളൊന്നും ബന്ധനങ്ങളാകുകയുമില്ല. നാം ഭയത്തിനും ക്രോധത്തിനുമടിമപ്പെടുകയുമില്ല. ബന്ധങ്ങളും, ഇഷ്ടാനിഷ്ടങ്ങളും ബന്ധനമാകാത്ത വ്യക്തിക്ക് നന്മ തിന്മകളും, സുഖദുഃഖങ്ങളും ജീവിതത്തിൽ പ്രശ്നമേ ആകുകയില്ല (2: 52-57)

ലക്ഷ്യവും മാർഗവും വ്യക്തമായിക്കഴിഞ്ഞാൽ അതിലേക്കുള്ള പ്രയാണം മാത്രമാണല്ലോ ഉള്ളത്.

17. മനസ്സിനെ നിയന്ത്രിക്കുവാൻ സാധിക്കുന്ന ദൃഢചിത്തനായ വ്യക്തി, ആമ അതിന്റെ ഇന്ദ്രിയങ്ങളെ ഉള്ളിലേക്ക് വലിച്ച് അചഞ്ചലമായും നിർവികാരമായുമിരിക്കുന്നതു പോലെ കേൾക്കുന്നതിൽ നിന്നു ചെവിയേയും, കാണുന്നതിൽ നിന്ന് കണ്ണിനേയും, വാസനിക്കുന്നതിൽ നിന്ന് മൂക്കിനേയും, സ്വാദറിയുന്നതിൽ നിന്ന് നാക്കിനേയും, സ്പർശനത്തിൽ നിന്ന് ത്വക്കിനേയും മാനസീകമായി പിൻവലിക്കാൻ ഈ വ്യക്തിക്ക് സാധിക്കും. അത്തരത്തിൽ സാധിക്കുന്നവരുടെ എല്ലാ ഇന്ദ്രിയങ്ങളും മറ്റു വ്യക്തികളെപോലെ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴും അവയിൽ നിന്നെല്ലാം ശ്രദ്ധയെ അഥവാ മനസ്സിനെ പിൻവലിക്കാൻ സാധിക്കും. Hearing, listening ആകുന്നതും, Seeing, watching ആകുന്നതും, Eating, tasting ആകുന്നതും, Breathing, smelling ആകുന്നതും, മനസ്സിന്റെ സ്വാധീനം കൊണ്ടുമാത്രമാണ്. (2 : 58,59)

18. എത്രയെല്ലാം സാധനയും പരിശീലനവും ത്യാഗമനോഭാവവുമുള്ള ദൃഢചിത്തനായ വ്യക്തിക്കും മനസ്സ് എപ്പോൾ വേണമെങ്കിലും ചഞ്ചലമാകാം, ഇളക്കം തട്ടിയേക്കാം. പക്ഷേ ആ വ്യക്തിക്ക് ഉടനെ ദൃഢചിത്താവസ്ഥയിലേക്കു തന്നെ മടങ്ങാൻ സാധിക്കും. എല്ലാവർക്കും മനചാഞ്ചല്യം സ്വാഭാവികമാണ് എന്നറിയണം. (2 : 60, 61)



Scanned with CamScanner

എല്ലാ മനുഷ്യർക്കും, യോഗിക്കും, പരമമായ അവസ്ഥയിലെത്തിയവനും ദേഷ്യം, വാശി, ദുഃഖം, വേദനയെന്നിവയെല്ലാമുണ്ട്. അവരുടെ പ്രത്യേകത അവരെളുപ്പത്തിൽ പൂർവ്വസ്ഥിതിയിലെത്തുന്നു എന്നതാണ്.

19. ഏതൊന്നിനെയാണോ മനസ്സിൽ സ്മരിച്ചു കൊണ്ടു നടക്കുന്നത് അതിനോടു ബന്ധമുണ്ടാകുന്നു. ബന്ധം ബന്ധനമായിത്തീരുമ്പോൾ ആഗ്രഹങ്ങളുണ്ടാകുന്നു. ആഗ്രഹങ്ങൾ നിറവേറാതെ വന്നാൽ ദേഷ്യമുണ്ടാകും. ദേഷ്യം വരുമ്പോൾ മാനസീക സ്ഥിരത നഷ്ടമാകും, മാനസീക സ്ഥിരത നഷ്ടമാകുമ്പോൾ ചിന്തിച്ചു പറയേണ്ടതും ചെയ്യേണ്ടതുമെല്ലാം സ്മൃതിമണ്ഡലത്തിൽ നിന്ന് (താൽക്കാലികമായിട്ടാണെങ്കിലും അപ്രത്യക്ഷമാകും. അതോടെ വിവേകം നശിക്കും, തുടർന്ന് ബുദ്ധിയും നശിക്കും. അത് വ്യക്തിയുടെ മാനസീകാവസ്ഥയുടെ നാശത്തിനുകാരണമാകും. അപ്പോൾ നല്ല ബുദ്ധിമാനും വിവേകിയും പോലും വിഡ്ഢിയെ പോലെയും ബുദ്ധി ശൂന്യരെപോലെയും പെരുമാറും. (2: 62, 63).

ഈ വരിയാണ് മുൻ റഷ്യൻ പ്രസിഡന്റ് ശ്രീ ഗോർബച്ചേവ് നിരന്തരം പ്രഭാഷണങ്ങളിൽ ഉദ്ധരിക്കാറുള്ളത്. മനഃശാസ്ത്രത്തിന്റെ പരമമായ വിശകലനമാണിത്. ആധുനീക മനഃശാസ്ത്രത്തിനും ഇതിലപ്പുറമൊന്നും കൂട്ടിച്ചേർക്കാനായിട്ടുണ്ടാകില്ല.

19. ദൃഢചിത്തനായ വ്യക്തിക്ക് മറ്റുള്ളവരെപോലെ തന്നെ എല്ലാ കർമ്മമണ്ഡലങ്ങളിലും വ്യവഹരിക്കാൻ സാധിക്കുമ്പോഴും, എല്ലാ സന്തോഷവും സുഖവും അനുഭവിക്കാൻ സാധിക്കുമ്പോഴും മനസ്സിനേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിച്ച് പൂർവസ്ഥിതിയിലെ ദൃഢചിത്താവസ്ഥയിലെത്തിക്കാനും സാധിക്കും. അവന് എല്ലാ ദുഃഖങ്ങളിൽ നിന്നും, ഭയത്തിൽ നിന്നും, വാശി-പക-വിദ്വേഷം-അഹങ്കാരം എന്നിവയിൽ നിന്നും മനസ്സിനെ അതിവേഗത്തിൽ പിൻവലിക്കാൻ വളരെയെളുപ്പമാണ്. മനസ്സിനെ നിയന്ത്രിക്കാത്തവന്റെ കണ്ണും, കാതും, നാക്കുമെല്ലാം സന്തോഷങ്ങളും സുഖങ്ങളുമന്വേഷിക്കുമ്പോൾ, താൽക്കാലിക സുഖവും സന്തോഷവും അവന് ലഭിച്ചേക്കാം. അതൊരിക്കലും ശാശ്വത സുഖമായിരിക്കുകയില്ല. കാറ്റടിക്കുന്നതിനനുസരിച്ച് പായ് വഞ്ചി പോകുന്നതുപോലെ ഇന്ദ്രിയങ്ങളുടെ ആകർഷണ വികർഷണങ്ങൾക്കനുസൃതമായി മനസ്സും ശരീരവും നീങ്ങിക്കൊണ്ടിരിക്കും. അതുകൊണ്ട് ഇന്ദ്രിയങ്ങളെല്ലാം അവയ്ക്കു പ്രകൃതി നൽകിയ കർമ്മങ്ങൾ ചെയ്യുമ്പോഴും ഇന്ദ്രിയങ്ങളുടെ ആകർഷണ കേന്ദ്രത്തിലേക്ക് മനസ്സിനെ നിയന്ത്രണമില്ലാതെ വിഹരിക്കാൻ ദൃഢചിത്തനായ വ്യക്തി അനുവദിക്കില്ല. (2: 64-68)



Scanned with CamScanner

ഇവിടെ നാം ഓർമ്മിക്കേണ്ടത് വ്യാസനും, വസിഷ്ഠനും, പരമഹംസനും, ശ്രീകൃഷ്ണനും, ശ്രീരാമനുമെല്ലാം നമ്മളെ പോലെ വികാരങ്ങളും വിചാരങ്ങളുമുണ്ടായിരുന്നു. നമ്മെപ്പോലെയുള്ളവർ വികാരവിചാരങ്ങൾക്കടിമകളായിരിക്കുമ്പോൾ അവർ വികാരവിചാരങ്ങളുടെ യജമാനന്മാരായിരുന്നു.

20. മഹാസാഗരത്തിലേക്ക് നദികളെല്ലാം ഒഴുകിവരുമ്പോഴും സാഗരം ശാന്തമായി അവയെ സ്വീകരിക്കുന്നു. എന്റേതെന്ന ഭാവവും ഞാനെന്ന ഭാവവുമില്ലാതെ ഉണർന്നിരിക്കുന്നതിലും ഉറങ്ങിയിരിക്കുന്നതിലുമെല്ലാമുള്ളത് ഒരേ ചൈതന്യമാണെന്നറിയുന്ന യോഗി, മഹാസാഗരത്തെപോലെ ശാന്തനായിരിക്കുന്നു, അദ്ദേഹത്തിന്റെ മനസ്സും, ബുദ്ധിയും, ചിന്തകളും ശാന്തമായി നിലനിൽക്കുന്നു. വികാരതീവ്രമായാലും നിമിഷങ്ങൾക്കകം യോഗി പൂർവ്വാസ്ഥയിലേക്കുതന്നെ മടങ്ങുന്നു. (2: 69–71)

എത്രയെല്ലാം പ്രശ്നങ്ങളും, വേദനകളും സുഖങ്ങളും വന്നു ചേരുമ്പോഴും വികാരവിക്ഷോഭങ്ങളില്ലാത്ത സമുദ്രം എന്തിനേയും സ്വീകരിക്കുന്നു. യോഗിയുമതുപോലെയാണ്.

21. ഈ ലോകത്തുള്ള മനുഷ്യർക്ക് രണ്ടുതരം മാർഗമാണുള്ളത്. അറിവുനേടി അറിവുകൊടുക്കുന്ന ജ്ഞാനയോഗമാർഗവും, നിരന്തരം കർമ്മംചെയ്യുന്ന കർമ്മമാർഗവും. രണ്ടുമാർഗങ്ങളുടേയും ആരംഭമെല്ലാം കർമ്മത്തിലൂടെയാണ്. കർമ്മം ചെയ്യാത്തവന് ജ്ഞാനയോഗത്തിലേക്കും കർമ്മയോഗത്തിലേക്കും പ്രവേശിക്കാൻ സാധ്യമല്ല. സന്യാസവേഷം കൊണ്ടുമാത്രം ഒരാൾ സന്യാസിയാകില്ല, ജ്ഞാനിയുമാകില്ല. (3: 3, 4)

ജഡ്ജിയും, അദ്ധ്യാപകനും, വക്കീലുമെല്ലാം ജ്ഞാനത്തെ ഉപയോഗിച്ചു ജീവിക്കുന്നു. ചുമട്ടുതൊഴിലാളിയും, യോദ്ധാവും, ഡ്രൈവറും, ശാരീരിക കർമ്മത്തെയുപയോഗിച്ച് ജീവിക്കുന്നു.

22. ഈ പ്രപഞ്ചത്തിലെ പരമാണു മുതൽ അതിമഹത്തായ പ്രപഞ്ചത്തിലെ ബ്രഹ്മാണ്ഡങ്ങൾ വരെ അനുനിമിഷം കറങ്ങിക്കൊണ്ടേയിരിക്കുന്ന കർമ്മവും, ചരാചരങ്ങൾ പ്രകൃതിയുടെ നിർദ്ദേശമനുസരിച്ചുള്ള കർമ്മങ്ങളുമനുഷ്ഠിക്കുന്നു. ഇന്ദ്രിയങ്ങളെ ബലമായി അടക്കിയൊതുക്കി മനസ്സിനെ സ്വതന്ത്രമായി വിഹരിക്കാൻ വിടുന്നവൻ കള്ളത്തരം ചെയ്യുന്ന മിഥ്യാചാരനാണ്. അതേ സമയം മനസ്സിനെ നിയന്ത്രിച്ച് ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കുവാൻ സാധിക്കുന്നവനാണ് ശ്രേഷ്ഠൻ. ഒരു കർമ്മവും ചെയ്യാതെ ജ്ഞാനിയാണെന്നു പറഞ്ഞു നടക്കുന്നവരേക്കാൾ എത്രയോ ശേഷ്ഠരാണ്, സ്വധർമ്മം കർമ്മമായിട്ടനുഷ്ഠിക്കുന്നവർ. (3:5–8)



Scanned with CamScanner

പ്രദർശിപ്പിച്ചും അഭിനയിച്ചും, കളവുചെയ്തും, ജീവിക്കുന്നവരെ ഗീതയിലെ വിമർശനത്തിലൊഴിവാക്കിയിട്ടില്ല. ഒരു കർമ്മവും ചെയ്യാതെ ജ്ഞാനിയാണെന്നഭിനയിച്ച് കാവിയും, രുദ്രാക്ഷവും, ഭസ്മവും ധരിച്ചു നടക്കുന്നവരാണ് ഈ വിവരണത്തിന്റെ കേന്ദ്രബിന്ദു.

23. നമ്മുടെയെല്ലാം ശരീരത്തിന്റെ നിലനിൽപ്പുപോലും അനുനിമിഷം എല്ലാ സെല്ലുകളും, കോശവും, ഇന്ദ്രിയങ്ങളും, നിരന്തരം കർമ്മം ചെയ്യുന്നതുകൊണ്ടു മാത്രമാണ്. കർമ്മത്തിൽ ബന്ധനമില്ലാതെയാണ് ഓരോ സെല്ലും കോശവും ശരീരത്തിന്റെ നിലനിൽപ്പിനായി കർമ്മം ചെയ്യുന്നത്. അതുപോലെ കർമ്മബന്ധനമില്ലാതെ കർമ്മം ചെയ്യണം. യജ്ഞഭാവത്തിലുള്ള കർമ്മം ചെയ്തുകൊണ്ട് കർമ്മത്തിന്റെ ഫലവും പ്രതിഫലവും ലഭ്യമാകുന്നത്, അനുഭവിച്ചുജീവിച്ചുകൊള്ളാനുള്ള നിർദ്ദേശത്തോടെയാണ് സർവ്വജീവജാലങ്ങളേയും സൃഷ്ടികർത്താവ് സൃഷ്ടിച്ചത്. (3:8–10)

ഓരോ സെല്ലും, കോശവും, ഇന്ദ്രിയവും, ഈ പ്രപഞ്ചവുമെല്ലാം പ്രകൃതിയുടെ നിർദ്ദേശമനുസരിച്ച് കർമ്മനിരതമാകുന്നതുപോലെ, നമുക്ക് കർമ്മയോഗിയാകുകയാണ് ജ്ഞാനയോഗിയാകുന്നതിനേക്കാൾ പ്രായോഗികമായിട്ടെളുപ്പമുള്ളത്.

24. പ്രകൃതിയെ പോഷിപ്പിക്കുന്ന കർമ്മം ചെയ്യുക. പ്രകൃതി നമ്മളെ പോഷിപ്പിക്കുന്ന കർമ്മം ചെയ്തുകൊണ്ടേയിരിക്കുന്നു. അങ്ങിനെ പരസ്പരം പോഷിപ്പിച്ചുകൊണ്ട് ഈ ലോകത്ത് ജീവിക്കുക. പ്രകൃതിയെ ചൂഷണം ചെയ്ത്, പ്രകൃതിയെ പോഷിപ്പിക്കാത്തവൻ കള്ളനാണ്. അവനവന്റെ സ്വാർത്ഥതയ്ക്ക് വേണ്ടി മാത്രം കർമ്മം ചെയ്യുന്നവന്റെ ജീവിതം പാപപങ്കിലമാണ് (3:11–13)

ഇതിന്നത്തെ യാഥാർത്ഥ്യമാണ്. പ്രപഞ്ച സൈക്കിളിൽ ഒരു ഘടകമായി സഹകരിച്ചും, സഹായിച്ചും, സഹവർത്തിച്ചും ജീവിക്കാൻ പഠിക്കുമ്പോഴാണ് അത് ധന്യമായ സമഞ്ജസമായ ജീവിതമായിത്തീരുന്നത്.

25. പ്രകൃതിയുടെ ചാക്രിക പ്രവർത്തനങ്ങളെ മനസ്സിലാക്കുക. അന്നം കൊണ്ടാണ്, സർവജീവജാലങ്ങളും നിലനിൽക്കുന്നത്. മഴയിലെ ജലത്തിലൂടെ അന്നം ഉൽപാദിപ്പിക്കപ്പെടുന്നു. പ്രകൃതിയുടെ യജ്ഞഭാവത്തിലുള്ള കർമ്മത്തിന്റെ ഫലമാണ് (കടലിൽ നിന്ന് ജലം ആവിയായി മേഘങ്ങളായി) മഴയുണ്ടാകുന്നത്. ഈ യജ്ഞം പ്രകൃതിയിലുണ്ടായത് പ്രകൃതി സൃഷ്ടികളുടെ സംഭാവനയാണ്. ആ യജ്ഞമാകട്ടെ ഊർജ്ജത്തിൽ നിന്നും, ഊർജ്ജം ബ്രഹ്മത്തിൽ നിന്നുമാണുത്ഭവിച്ചത്. ബ്രഹ്മം



Scanned with CamScanner

നാശരഹിതമായിട്ടുള്ളതും സ്ഥിരമായിട്ടുള്ളതുമാകുന്നു. അതുകൊണ്ട് എല്ലാകർമ്മവും ബ്രഹ്മാർപ്പണമായി ചെയ്യുക. ഈ കർമ്മ-യജ്ഞചക്രത്തിന്റെ ഭാഗമാകാത്തവന്റെ ജീവിതം വ്യർത്ഥമാണ്. ആത്മസംതൃപ്തിയോടെ ആത്മജ്ഞാനത്തോടെ ചെയ്യുന്ന കർമ്മമാണ് ധന്യമായ കർമ്മം. കർമ്മയോഗിക്ക് മറ്റൊന്നും ചെയ്യേണ്ടതായിട്ടില്ല. ചെയ്യാതിരിക്കാനായിട്ടുമില്ല. (3:14-18)

പ്രപഞ്ചത്തിലൊരു വാട്ടർ സൈക്കിളുണ്ട്. അതുപോലൊരു കർമ്മസൈക്കിളും, വ്യത്യസ്ഥമല്ലാത്തൊരു എനർജി സൈക്കിളുമുണ്ട്, കാരണം ബ്രഹ്മം നാശരഹിതമാണ്. Entropy of a system is constant.

26. അത്യാഗ്രഹവും, അമിതാവേശവും, ബന്ധനവുമില്ലാതെ കർമ്മം ചെയ്യുക. ജനകൻ തുടങ്ങിയ മഹാരാജാക്കന്മാർ, മഹാരാജ്യം ഭരിച്ചതു പോലും ബന്ധനങ്ങളില്ലാതെയാണ്. ഒരു മഹാരാജാവിന് ഒരു രാഷ്ട്രം പോലും അത്തരത്തിൽ ഭരിക്കാൻ സാധിക്കുമെങ്കിൽ നമ്മെപോലുള്ള സാധാരണക്കാർക്ക് സാധാരണ കർമ്മങ്ങളും ബന്ധനങ്ങളില്ലാതെ ചെയ്യാൻ സാധിക്കില്ലേ? ശ്രേഷ്ഠന്മാർ ആചരിക്കുന്നതുപോലെ മറ്റുള്ളവരും ആചരിക്കും. ശ്രേഷ്ഠന്മാരാണ് വ്യക്തികൾക്കും, കുടുംബത്തിനും, സമൂഹത്തിനും, രാഷ്ട്രത്തിനും മാർഗദർശികളാകുന്നത്. അവരുണ്ടാകുന്ന പന്ഥാവ് ജനങ്ങൾ സ്വീകരിക്കുന്നു. (3:18-21)

27. അവതാരങ്ങൾക്കും, വൈകല്യാവസ്ഥയിലെത്തിയ പരമ ജ്ഞാനികൾക്കും, ഈശ്വരനു തന്നേയും ഈ ലോകത്തിൽ ഒന്നും ചെയ്യേണ്ടതായിട്ടില്ലെങ്കിൽ പോലും അവരും നിരന്തരം കർമ്മത്തിൽ മുഴുകിയിരിക്കുന്നത് അവരുടെ ജീവിതം ലോകജനതക്ക് മാതൃകയാകാനാണ്. അവർ കർമ്മനിരതരായില്ലെങ്കിൽ ഈ ലോകം ആ അവസ്ഥയനുകരിക്കും! ലോകം, നിശ്ചലമാകും, കർമ്മരഹിതമാകും, കാരണം ലോകജനതകർമ്മരാഹിത്യത്തിന്റെ പന്ഥാവ് പിന്തുടരും. അകർമ്മണ്യത ലോകനാശത്തിനു കാരണമാകുയും ചെയ്യും. അതിലൂടെ സമൂഹത്തിലും രാഷ്ട്രത്തിലും അപഭ്രംശമുണ്ടാകും. പ്രകൃതിയുടെ താളം തെറ്റുകയും ചെയ്യും. (3: 22-24)

ഭരണകർത്താക്കളും, അദ്ധ്യാപകരും, സമൂഹത്തെ നേർവഴിക്കു നയിക്കേണ്ടവരും അവരുടെ ധർമ്മത്തിൽ നിന്ന് വ്യതിചലിക്കുമ്പോൾ സംഭവിക്കുന്നതുമിതാണ്.

28. ഭൗതികസുഖ സന്തോഷങ്ങൾക്കായി സാധാരണക്കാർ കർമ്മം ചെയ്യുന്ന അതേ ഇച്ഛാശക്തിയോടെ വേണം ശ്രേഷ്ഠന്മാർ സുഖസന്തോ



Scanned with CamScanner

ഷങ്ങൾക്കല്ലാതെ കർമ്മം ചെയ്യേണ്ടത്. അജ്ഞാനികളെപോലെ ചെറിയ സുഖസന്തോഷങ്ങൾക്കായും കാര്യസിദ്ധിക്കായുമല്ല ജ്ഞാനികൾ കർമ്മനിരതരാകേണ്ടത്. എല്ലാവരും എല്ലാ ജീവജാലങ്ങളും പ്രവർത്തിക്കുന്നത് പ്രകൃതിയുടെ നിർബന്ധത്താലാണ്. അജ്ഞാനികളും അഹങ്കാരികളും വിചാരിക്കുന്നു ഞാനാണതു ചെയ്യുന്നതെന്ന്. ജ്ഞാനികളറിയണം ഇതെല്ലാം പ്രകൃതി നമ്മെക്കൊണ്ട് ചെയ്യിക്കുകയാണെന്ന് (3:25-27)

സമൂഹത്തിലെ 20% ജനങ്ങൾ തികച്ചും താമസിക സ്വഭാവമുള്ളവരാണ്. 20% നന്മയുള്ളവരും, 60% ഇടക്കുപെടുന്നവരും, ഇതിൽ 3% വ്യക്തികളാണ് സമൂഹത്തെ നന്മയിൽ നിലനിർത്തുന്നത്. അവരാണ് 100% ജനതയും തകർച്ചയിലേക്കു പോകാതെ സംരക്ഷിക്കുന്നത്. അതിൽ എല്ലാ വിഭാഗം കർമ്മ-ജ്ഞാനയോഗികളുമുണ്ടാകും. ഇവരാണ് സമൂഹത്തെ സന്തുലിതമായി നിലനിർത്തുന്നത്.

29. സ്വയം അനുഷ്ഠിക്കേണ്ടതായ സ്വധർമ്മത്തിലെ കർമ്മങ്ങളുടെ ഗുണത്തിലും ദോഷത്തിലും കർമ്മയോഗി ബന്ധിതനാകാറില്ല. കർമ്മത്തിന്റെ ഗുണദോഷങ്ങളിൽ ബന്ധിതനായ വ്യക്തിക്ക് കർമ്മബന്ധനങ്ങളിൽ നിന്ന് മോചനം സാദ്ധ്യവുമല്ല. കർമ്മയോഗികളും കർമ്മജ്ഞാനികളും അവരുടെ കർമ്മവും കർമ്മഫലവും കർമ്മപ്രതിഫലവുമെല്ലാം ഈശ്വരാർപണമായി സമർപ്പിച്ച് കർമ്മം ചെയ്യുന്നു. അമിതാഗ്രഹങ്ങളും, അഹങ്കാരവുമില്ലാതെ, ഈശ്വരാർപിതമനോഭാവത്തോടെ പ്രവർത്തിക്കുന്നവരാണ് കർമ്മാതീതരാകുന്നത്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവർ പിന്നീട് പശ്ചാത്തപിക്കുകയും ചെയ്യുന്നു. (3:28-32)

അവരെ സമൂഹം തിരസ്കരിക്കും. അവരുടെ ചിത്രവും പേരും എവിടെയെല്ലാം പ്രതിഷ്ഠിക്കാൻ ശ്രമിച്ചാലും മനുഷ്യമനസ്സുകളിൽ നിന്നവർ വിസ്മൃതിയിലേക്കു പോകും. ആയിരക്കണക്കിന് വർഷങ്ങളുടെ ചൈതന്യമുള്ള ഗ്രന്ഥങ്ങളും അവയുടെ രചയിതാക്കളും ഇന്നും നമ്മുടെ മനസ്സിലുണ്ട്. കഴിഞ്ഞ ദശാബ്ദത്തിലെ ശ്രേഷ്ഠരെന്ന് വാഴ്ത്തപ്പെട്ടവർ മാഞ്ഞുപോയിക്കഴിഞ്ഞു.

30. ചിലർ സംശയിക്കുന്നു, പ്രകൃതിയുടേയും ചുറ്റുപാടുകളുടേയും സ്വാധീനത്താൽ നല്ല ജ്ഞാനികൾ പോലും ചിലപ്പോൾ സുഖഭോഗങ്ങളിൽ ആകൃഷ്ടരായിത്തീരുന്നതെന്തുകൊണ്ടാണെന്ന്. ഇതിനു കാരണമുണ്ട്! ഓരോ മനുഷ്യനിലും, അവൻ എത്ര ജ്ഞാനിയാണെങ്കിലും യോഗിയാണെങ്കിലും, ഒരേ പോലെ ഇന്ദ്രിയങ്ങൾ അവയുടെ കർമ്മം



Scanned with CamScanner

ചെയ്തുകൊണ്ടേയിരിക്കും. അവയുടെ കർമ്മം നിരന്തരം എല്ലാ വ്യക്തി കളിലും പ്രകടമാകുക തന്നെ ചെയ്യും. അതിനു കാരണം ആ ഇന്ദ്രിയ ങ്ങളിൽ സ്വതസിദ്ധമായി നിലനിൽക്കുന്ന രാഗദ്വേഷങ്ങളാണ്. (ആകർഷ ണവും വികർഷണവും). ഇന്ദ്രിയങ്ങളുടെ അടിമയായി ജീവിക്കുന്ന ഏതു വ്യക്തിക്കും ഈ ആകർഷണവികർഷണങ്ങളുടെ സ്വാധീനമു ണ്ടാകും. നമ്മളിൽ തന്നെയുള്ള, ഏവരേയും വഴിതെറ്റിക്കുന്ന രണ്ടു ശത്രുക്കളാണിവ. സാധാരണക്കാർക്ക് അവയെ നിയന്ത്രിക്കാൻ സാധി ക്കുന്നില്ല. ജ്ഞാനികൾക്ക്, ഇടക്ക് ഈ ഇന്ദ്രിയങ്ങളുടെ നിയന്ത്രണം വിട്ടു പോകാമെങ്കിലും, അവരതു തിരിച്ചറിഞ്ഞ് മനസ്സിനേയും ഇന്ദ്രി യങ്ങളേയും നിയന്ത്രിക്കുന്നു. (3:33-35)

പുരാണകഥകളിലും, ഇതിഹാസ സംഭവങ്ങളിലും, ലോക ത്തിലെവിടേയും, പല പ്രഗത്ഭരും അധാർമ്മികതയിലും പ്രലോഭനങ്ങ ളിലും പെട്ടുപോകുകയും അവരുടെ സത്പേരും പ്രസിദ്ധിയും നിമിഷ ങ്ങൾ കൊണ്ട് ഇല്ലാതാകുകയും, സമൂഹം അവരെ ബഹിഷ്കരിക്കു കയും ചെയ്യുന്ന കാഴ്ച നാം കാണാറുണ്ട്. ഇതിൽ രാഷ്ട്രീയക്കാരും, ശാസ്ത്രജ്ഞന്മാരും, ജഡ്ജിമാരും, നയതന്ത്രജ്ഞന്മാരും പെടുന്നുണ്ട്.

31. എല്ലാത്തരം മനുഷ്യരും വികാരത്തിന്നടിമയാകുമ്പോഴും വിചാര ത്തിന്നടിമയാകുമ്പോഴും അവരുടെ മനസ്സിലുണ്ടാകാനും, ഇടക്കു വള രാനും സാധ്യതയുള്ള (കാമവും ക്രോധവും) ആഗ്രഹങ്ങളും വാശി യുമാണ്, അവരെക്കൊണ്ട് അധാർമ്മികവും അന്യായവുമായ പലതും ചെയ്യിക്കുന്നത്. മറ്റൊരർത്ഥത്തിൽ പലതരം പ്രവൃത്തിയും ചെയ്യിക്കു ന്നത്. കാമവും ക്രോധവും അവരുടെ മനസ്സിനേയും, ബുദ്ധിയേയും, ജ്ഞാനത്തേയും പലവിധത്തിൽ ബാധിക്കുന്നു. ചിലപ്പോൾ വ്യക്തി യുടെ സമഗ്ര ജ്ഞാനത്തെ, ഗർഭസ്ഥ ശിശുവിനെ ഗർഭത്താലാവരണം ചെയ്തിരിക്കുന്നതുപോലെ, അജ്ഞാനം പൂർണമായും മറയ്ക്കുന്നു. ചിലപ്പോൾ കണ്ണാടിയിൽ പൊടിപിടിച്ചിരിക്കുന്നതുപോലെ, അജ്ഞാനം ഭാഗീകമായി മറയ്ക്കുന്നു. ചിലപ്പോൾ അഗ്നിയെ പുക ആവരണം ചെയ്തി രിക്കുന്നതുപോലെ ഉപരിപ്ലവമായും ആവരണം ചെയ്തിരിക്കും. ജ്ഞാനി കളിൽ കാമവും ക്രോധവും അതിശക്തമായി ഏറെക്കാലം നിലനില്ക്കില്ല.

എന്നാൽ അതു നിലനിർത്തുന്ന വ്യക്തികളും, കുടുംബങ്ങളും, സമൂഹ ങ്ങളും, രാഷ്ട്രങ്ങളുമുണ്ട്. ഇവയെല്ലാം ഏതാനും മണിക്കൂറുകൾ മാത്രം നിലനിർത്തി Forgive and forget എന്നു പറഞ്ഞു മുമ്പോട്ടു പോകുന്ന സമൂഹവുമുണ്ട്. കാമക്രോധത്തിന്റെ ആവരണം അഗ്നിയെ വലയം



Scanned with CamScanner

ചെയ്തിരിക്കുന്ന പൂകപോലെ ജ്ഞാനികളുടെ മനസ്സിൽ നിന്ന് എളുപ്പത്തിൽ മാറ്റാവുന്നതാണ്. (3:36-40)

കാമം, ക്രോധം എന്നീ ശത്രുക്കളധിവസിക്കുന്നത് നമ്മുടെ-ഇന്ദ്രിയങ്ങളിലും, മനസ്സിലും, ബുദ്ധിയിലുമാണ്. അതുകൊണ്ട് മനുഷ്യനിലെ നന്മകളെ കാമവും ക്രോധവും കീഴ്പ്പെടുത്താതിരിക്കാൻ ഇന്ദ്രിയങ്ങളേയും, മനസ്സിനേയും നിയന്ത്രിക്കണം. അവയെ നിയന്ത്രിക്കാത്തവന്റെ ജ്ഞാനവിജ്ഞാനത്തെ കാമവും ക്രോധവും ദഹിപ്പിച്ചുകളയുന്നു. അതിനാൽ ഓർമ്മിക്കേണ്ടത്, ഇന്ദ്രിയങ്ങളെ മനസ്സുകൊണ്ടു നിയന്ത്രിക്കുക. മനസ്സിനെ ബുദ്ധിക്കൊണ്ടു നിയന്ത്രിക്കുക. ബുദ്ധിയെ ആത്മചൈതന്യം കൊണ്ടു നിയന്ത്രിക്കുക. ഇത്രയും സാധിച്ചാൽ ഈ ലോകത്തിലെ ആരും അധാർമ്മീക പ്രവർത്തനങ്ങൾ ചെയ്യുകയില്ല. അമിതാഗ്രഹങ്ങളേയും (കാമം) ദേഷ്യത്തേയും (ക്രോധം) നിയന്ത്രിക്കാനുള്ള പരിശീലനമാണ് നൽകേണ്ടത്. (3:40-43)

വാശി, പക, വിദ്വേഷം, അഹങ്കാരം എന്നിവയിൽ നിന്ന് മനസ്സിനെ പിൻതിരിപ്പിച്ചാൽ, അവയൊന്നുമില്ലാത്ത ചിന്തകളുദയം ചെയ്യും. ആ ചിന്തകളിൽ നിന്ന് കർമ്മേന്ദ്രിയങ്ങളേറ്റെടുക്കുന്ന കർമ്മങ്ങൾ നന്മനിറഞ്ഞതാകും. അതിന്റെ കർമ്മഫലങ്ങളും നന്മനിറഞ്ഞതാകും. അതേ സമയം തിന്മ നിറഞ്ഞ മനസ്സിലേക്കുവരുന്നതെല്ലാം തിന്മയായിരിക്കും. ബുദ്ധിയും വിവേകവും ആ മനസ്സിനെ പന്തുടരും.

33. മനുഷ്യസമൂഹത്തിലെ ധർമ്മവാസന കുറയുകയും അധർമ്മവാസന കൂടുകയും ചെയ്താൽ പ്രകൃതി തന്നെ ധർമ്മത്തെ പുനസ്ഥാപിച്ച്, നന്മകളേയും നന്മ ചെയ്യുന്നവരേയും നിലനിർത്തി പ്രപഞ്ചത്തിന്റെ ഭാവരാഗതാളങ്ങൾ സന്തുലിതമാക്കുന്നു. (4:7,8)

വാശിയും പകയും വിദ്വേഷവും നിറഞ്ഞ സദ്ദാം ഹുസൈന് സംഭവിച്ചതും ലോകത്തെ ഭരിക്കുന്ന അമേരിക്കക്കു സംഭവിച്ചതും, വാളെടുത്തു മതം പ്രചരിപ്പിച്ചവർക്കു സംഭവിക്കുന്നതും, തീവ്രവാദം ജീവിതചര്യയായിട്ടെടുത്തവർക്കും പ്രകൃതിശിക്ഷ നൽകുന്നതു കാണാം.

34. പരമാർത്ഥ ചൈതന്യത്തെ ആരെപ്രകാരം ആരാധിക്കുന്നുവോ അവർക്ക് അപ്രകാരം തന്നെ ഈശ്വരസാക്ഷാത്ക്കാരം ലഭിക്കുന്നു. കർമ്മഫലത്തിന്റെ സുഖദുഃഖങ്ങൾ ലക്ഷ്യമിടുന്നവർക്ക് ഈശ്വരാരാധനയിലൂടെ അതു പ്രാപ്യമാകുന്നു. കർമ്മഫലത്തിനും പ്രതിഫലത്തിനുമാസക്തിയില്ലാത്തവർ കർമ്മഫലത്തിന്നതീതരായിത്തീരുന്നു. ഈശ്വരനിൽ സർവ്വതും സമർപ്പിച്ച് മോക്ഷത്തിന്നായി നിരന്തരം കർമ്മം



Scanned with CamScanner

ചെയ്തവരാണ് നമ്മുടെ പൂർവ്വീകർ. കർമ്മത്തിൽ അകർമ്മത്തേയും (കർമ്മരാഹിത്യത്തേയും) അകർമ്മത്തിൽ കർമ്മത്തേയും ദർശിക്കാൻ സാധിച്ച ജ്ഞാനികളും യോഗികളുമിവിടെയുണ്ടായിരുന്നു. (4:9-18)

35. ഭൗതുക സുഖത്തിലാസക്തിയും അത്യാഗ്രഹവുമില്ലാതെ പ്രവൃത്തിക്കുന്നവനെ ഋഷിയെന്നു പറയുന്നു. ഋഷിയുടെ കർമ്മങ്ങളെല്ലാം ജ്ഞാനാഗ്നിയിൽ ശുദ്ധീകരിക്കപ്പെട്ടതാകണം. കർമ്മത്തിൽ നിരന്തരം ബന്ധനങ്ങളില്ലാതെ മുഴുകിയിരിക്കുന്നവൻ യഥാർത്ഥത്തിൽ വിശ്രമിക്കുകയാണ്. അയാൾവ്യക്തികർമ്മത്തിന്റെ ഉപകരണമായ സ്വശരീരം ഉപയോഗിക്കുന്നു എന്നുമാത്രം. സുഖദുഃഖങ്ങളും, ലാഭനഷ്ടങ്ങളും, ഉപകരണത്തെ ബാധിക്കാത്തതുപോലെ ഋഷിയേയും ബാധിക്കുന്നില്ല. സർവ്വതും ബ്രഹ്മത്തിലർപ്പിച്ച് ഞാനാണിതൊക്കെ ചെയ്യുന്നതെന്ന ഭാവമില്ലാതെ യജ്ഞഭാവത്തിൽ തന്നെ ഋഷി പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. (4:16-23)

ദണ്ടികടൽത്തീരയാത്രാപരിപാടികളാവിഷ്കരിച്ചുകൊണ്ടിരിക്കേ, നെഹ്റു ഗാന്ധിയോടു പറഞ്ഞു. It is impossible! അത്രയും ദുഷ്കരമായ ഈ യാത്ര അസാദ്ധ്യമാണെന്ന്! ഗാന്ധിജി മറുപടി കൊടുത്തു. It is impossible for Nehru but possible for Gandhi. തന്നിലെ ആത്മവിശ്വാസവും സമർപ്പണ ബോധവും രാഷ്ട്രജനതയിലും ഈശ്വരനിലുമുള്ള അർപ്പണഭാവവും ഗാന്ധിയിൽ നിറഞ്ഞുനിന്നു. അതുകൊണ്ട് ലോകം കണ്ട ഏറ്റവും വലിയ ഒരു ഋഷിവര്യനും കർമ്മയോഗിയുമായി ഗാന്ധിജി മാറി.

36. ദ്രവ്യങ്ങൾ പവിത്രമായ അഗ്നിയിൽ യജ്ഞഭാവത്തോടെ ഹോമിക്കുന്നതുപോലെ കർമ്മയോഗികൾ ചെവി, കണ്ണ്, മൂക്ക്.... തുടങ്ങിയ ഇന്ദ്രിയങ്ങളെ സംയമം എന്ന അഗ്നിയിൽ ഹോമിച്ച് നിയന്ത്രിക്കുന്നു. അതേ സമയം ശ്രവണം, ദർശനം, ഘ്രാണം, സ്പർശനം തുടങ്ങിയതിനെ ഇന്ദ്രിയങ്ങളിൽ തന്നെ ഹോമിച്ച് (മനസ്സിലേക്ക് വരാതെ തടയുന്നു) ആത്മസംയമം എന്ന അഗ്നിയുടെ ജ്ഞാനദീപപ്രകാശം ഇന്ദ്രിയകർമ്മങ്ങളെ നിയന്ത്രിക്കുന്നു. ഋഷിയെ കർമ്മബന്ധനത്തിൽ പെടാതെ സംരക്ഷിക്കുന്നു. (4:26,27)

കേൾക്കുന്നത് ചെവിയിൽ നിന്നും, കാണുന്നത് കണ്ണിൽ നിന്നും, വാസനിക്കുന്നത് നാസികയിൽ നിന്നും സ്വാദറിയുന്നത് നാവിൽ നിന്നും മനസ്സിലേക്ക് കുടിയേറിപ്പാർക്കാനനുവാദിക്കാതിരുന്നാൽ, ഇന്ദ്രിയങ്ങളിലതു



Scanned with CamScanner

ഹോമിച്ചാൽ പ്രശ്നസങ്കീർണമാകാത്ത ഒരു ജീവിതം ഉണ്ടാക്കാം! ആ മനസ്സിനെ ആത്മസംയമത്തിലെത്തിക്കുക. കർമ്മേന്ദ്രിയങ്ങളെ യജ്ഞ - ഭാവത്തിലാക്കുക!

37. പലവിധത്തിലുള്ള യജ്ഞങ്ങളുണ്ട്. ദ്രവ്യം ഹോമിച്ചു ചെയ്യുന്നത് ദ്രവ്യയജ്ഞം! യോഗയിലൂടെ അനുഷ്ഠിക്കുന്നത് യോഗയജ്ഞം, പഠിച്ച് പഠിപ്പിക്കുന്നത് ജ്ഞാനയജ്ഞം. ഇതിൽ ജ്ഞാനയജ്ഞമാണ് ഏറ്റവും മഹത്തായത് കാരണം എല്ലാ കർമ്മങ്ങളും പന്ഥാവുകളും ജ്ഞാന ത്തിൽ പരിസമാപിക്കുന്നു. ജ്ഞാനം സ്വീകരിക്കുക. ജ്ഞാനം എല്ലാ കർമ്മങ്ങളേയും പരിശുദ്ധമാക്കുന്നു. ജ്ഞാനത്തിനുതുല്യം പവിത്രമാ യിട്ടീലോകത്തിലൊന്നുമില്ല. ശ്രദ്ധയുള്ളവന് മാത്രമേ ജ്ഞാനലബ്ധി യുണ്ടാകൂ. ജ്ഞാനിക്ക് ശാന്തിയും ലഭിക്കുന്നു. അജ്ഞാനികൾക്കെന്നും അശാന്തിയും, എല്ലാത്തിനേയും സംശയിക്കുന്നവന് നാശവും സംഭ വിക്കുന്നു. സംശയാലുവിന് ഈ ലോകത്തിലും പരലോകത്തിലും സ്വസ്ഥതയുണ്ടാകില്ല. അജ്ഞാനത്തെ ജ്ഞാനമാകുന്ന ആയുധം കൊണ്ട് നശിപ്പിക്കണം (4:28-42).

എത്ര വർഷക്കാലം ഏതെല്ലാം കമ്പനിയിൽ കർമ്മം ചെയ്താലും അതിനു തെളിവായി ലഭിക്കുന്നത് കർമ്മം ചെയ്തപ്പോൾ ഉണ്ടാക്കിയ സാധനങ്ങളല്ല experience certificate കർമ്മത്തിലെ അറിവുണ്ടെന്ന തിനു തെളിവായ പത്രം. ഏതു സങ്കീർണപ്രശ്നവും വിശകലനം ചെയ്ത് പരിശോധിക്കുമ്പോൾ അതിനെക്കുറിച്ച് ജ്ഞാനം ലഭിക്കുന്നു. ആ ജ്ഞാനമാണ് പ്രശ്നപരിഹാരത്തിനും ശാന്തിക്കും കാരണമാകുന്നത്.

38. ഭൗതിക സുഖസന്തോഷങ്ങളെല്ലാം ത്യജിച്ചുകൊണ്ടുള്ള സന്യാസം ശ്രേഷ്ഠമാണ്. കർമ്മയോഗത്തിലൂടെയുള്ള പന്ഥാവും ശ്രേഷ്ഠമാണ്. എന്നാൽ കർമ്മഫലവും കർമ്മപ്രതിഫലവും ത്യജിച്ചുകൊണ്ട് ചെയ്യുന്ന കർമ്മ സന്യാസയോഗമാണ് ഇതിൽ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത്. ജ്ഞാനയോഗവും കർമ്മയോഗവും വ്യത്യസ്ഥമാണെന്നും വ്യത്യസ്ഥ ഫലങ്ങൾ തരുന്നുവെന്നുമുള്ള ധാരണ ശരിയല്ല. കർമ്മയോഗിയും ജ്ഞാനയോഗിയും ഒരേ ഫലമനുഭവിക്കുന്നു. അപ്രകാരമുള്ള വീക്ഷ ണമുള്ളവനാണ് യോഗി. (5:1-5)

അരവിന്ദമഹർഷി കർമ്മയോഗിയായിരുന്നു. സ്വാതന്ത്ര്യത്തിന്റെ അടർക്ക ളത്തിൽ നിന്ന് മഹർഷി പദത്തിലേക്കുയർന്ന് രണ്ടുമനുഭവിച്ചറിഞ്ഞ വ്യക്തി. അരവിന്ദനറിയപ്പെട്ടാൻ തുടങ്ങിയത്, താൻ ചെയ്ത കർമ്മ ത്തിന്റെ ഫലം തിരസ്കരിച്ച് മഹർഷി പദത്തിലേക്കുയർന്നപ്പോഴാണ്.



Scanned with CamScanner

താൻ ചെയ്ത കർമ്മഫലം തിരസ്കരിച്ച് കർമ്മയോഗിയായി ജീവിച്ച ആൽബർട്ട് ഐൻസ്റ്റീനും ലോകജനതയുടെ മനസ്സിലുണ്ട്. വെട്ടിപിടിക്കാനും കെട്ടിപ്പടുക്കാനും ശ്രമിച്ച എത്ര ലോകനേതാക്കളുടെ ചിത്രം ജനതയുടെ മനസ്സിലുണ്ട്?

39. നിരന്തരം ചെയ്യേണ്ടുന്ന കർമ്മത്തിലൂടെയല്ലാതെ, അഥവാ കർമ്മയോഗത്തിലൂടെയല്ലാതെ ജ്ഞാനയോഗിയാകാൻ സാധ്യമല്ല. ദൃഢചിത്തനായ കർമ്മയോഗിക്ക് ബ്രഹ്മസാക്ഷാത്കാരവും എളുപ്പമാണ്. മനസ്സ്, ഇന്ദ്രിയം, എന്നിവയെ നിയന്ത്രിച്ച് നിർമ്മലഹൃദയത്തോടെ കർമ്മം ചെയ്യുന്ന കർമ്മയോഗിയും ജ്ഞാനയോഗിക്കു തുല്യനാണ്. ശരീരത്തിലെ ഓരോ കോശവും കർമ്മനിരതമാകുമ്പോൾ ജ്ഞാനയോഗിയറിയുന്നു ഞാനല്ല ഈ കർമ്മം ചെയ്യിക്കുന്നതെന്ന്. താമരയില, ജലത്തിൽ എപ്രകാരമാണോ നനയാതെ നിലനില്ക്കുന്നത്, അപ്രകാരം കർമ്മത്തിലൂടെ ചരിക്കുമ്പോഴും കർമ്മയോഗിക്ക് കർമ്മബന്ധനമുണ്ടാകുന്നില്ല. ശ്രേഷ്ഠന്മാരായ കർമ്മയോഗികൾ കർമ്മഫലവും പ്രതിഫലവും വകവെക്കാതെ ശാന്തിയനുഭവിക്കുന്നു. കർമ്മം ചെയ്യുന്ന സാധാരണക്കാർ കർമ്മഫലത്തെ ചുറ്റിപ്പറ്റി ജീവിക്കുന്നു. (5:6–12)

വേദവ്യാസൻ മഹാഭാരതത്തിലെ സംഭവങ്ങളിൽ ദുഃഖിച്ചിട്ടുമില്ല, സന്തോഷിച്ചിട്ടുമില്ല. കുന്തീദേവി മക്കളുടെ വിജയത്തിൽ ആഹ്ളാദിച്ചിട്ടുമില്ല അഭിനന്ദിച്ചിട്ടുമില്ല. ഭാരതം സ്വാതന്ത്ര്യ സമയം ആഘോഷിച്ച 1947 ആഗസ്റ്റ് 14 അർദ്ധരാത്രിക്ക് ഭാരത പാക്കിസ്ഥാൻ അതിർത്തിയിലൂടെ സമാധാന സന്ദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടു മഹാത്മാഗാന്ധി നടന്നു. ഇതാണ് കർമ്മയോഗികളുടെ നിസ്സംഗത, നന്മ നിറഞ്ഞ നിസ്സംഗത.

40. ഈശ്വരൻ പാപത്തെയോ പുണ്യത്തെയോ തരുന്നില്ല. തെറ്റിദ്ധാരണയും അജ്ഞതയും കൊണ്ടു ചിലർക്കങ്ങിനെ തോന്നുന്നു. അജ്ഞതയകറ്റിയവനും അന്ധവിശ്വാസമകറ്റിയവനും മറ നീക്കിയ ജ്ഞാനത്തിന്റെ സൂര്യതേജസ്സ് അനുഭവപ്പെടുന്നു. ഗഹനമായ ജ്ഞാനം എല്ലാ പാപത്തേയും കഴുകി കളയുന്നു. വിനയാന്വിതനായ ജ്ഞാനിക്ക് എല്ലാവരോടും എല്ലാത്തിനോടുമുള്ള വീക്ഷണവും ഒരേ പോലെയാണ്. പരമമായ സത്യത്തെ തിരിച്ചറിഞ്ഞവന് ഒന്നിലും വേർതിരിവ് കാണാൻ സാദ്ധ്യമല്ല. (5: 15–19)

നല്ല മനസ്സിൽ നിന്ന് നല്ല ചിന്തകൾ, അതിൽ നിന്ന് നല്ല കർമ്മങ്ങൾ, അതിൽ നിന്ന് നല്ല കർമ്മഫലങ്ങൾ, ആ കർമ്മഫലമാണ് കർമ്മം ചെയ്തവന്റെ പുണ്യം. തിന്മ നിറഞ്ഞ മനസ്സിൽ നിന്ന് തിന്മ നിറഞ്ഞ ചിന്തകളും തിന്മ നിറഞ്ഞ ദുഷ്കർമ്മങ്ങളും അതിൽ നിന്നുണ്ടാകുന്ന



Scanned with CamScanner

ദുഷ്കർമ്മഫലങ്ങളുമാണ് പാപം. പാപവും പുണ്യവും കർമ്മം ചെയ്ത വന്റെ കർമ്മഫലം. അതിലെവിടെ ഈശ്വരൻ വരുന്നു? അതിൽ ദൈവ ത്തിനു പങ്കില്ല.

41. താൽക്കാലികമായ ഇന്ദ്രിയ സുഖത്തേക്കാൾ മഹത്താണ് കാമത്തിൽ നിന്നും ക്രോധത്തിൽ നിന്നും മോചിതമായ ജ്ഞാനസുഖം. ആത്മസാ ക്ഷാത്ക്കാരം ലഭിച്ചവന് യോഗാവസ്ഥയിലെത്താൻ അധിക ദൂരം സഞ്ച രിക്കേണ്ടതില്ല (5: 21–29)

അത്യാഗ്രഹത്തിൽ നിന്നും വാശി, പക എന്നിവയിൽ നിന്നും ഉടലെടു ക്കുന്ന വികാരം തിന്മനിറഞ്ഞ ചിന്തകൾക്ക് കാരണമാകും. ആ ചിന്ത കളിൽ നിന്നാണ് കൊലപാതകം, ബലാൽസംഗം, കള്ളനോട്ടടി, ചതി, വഞ്ചന..... എന്നിവയെല്ലാം ഉണ്ടാകുന്നത്. അവയ്ക്കെല്ലാം എത്ര സമയം വരെ സന്തോഷവും സുഖവും തരാൻ സാധിക്കുമെന്നു ചിന്തിക്കുക. അത് താൽക്കാലികമോ ശാശ്വതമോ?

42. എന്തെല്ലാം ത്യജിച്ചാലും ഒരുവൻ സന്യാസിയും യോഗിയുമാകു കയില്ല. കർമ്മത്തിന്റെ പ്രതിഫലമിച്ഛിക്കാതെ പ്രവർത്തിക്കുന്നവനെ യോഗിയാകൂ. കർമ്മഫലാസക്തി ത്യജിക്കാതെ കർമ്മയോഗിയാകാൻ സാദ്ധ്യമല്ല. അവനവൻ അവനവനെ ഉയർത്തണം, സ്വയം അപകീർത്തി പ്പെടുത്തരുത്. അവനവന്റെ ബന്ധു അവനവൻ തന്നെയാണെന്നറിയണം. അവനവന്റെ ശത്രു അവനവനാകാതിരിക്കാനും ശ്രദ്ധിക്കണം. ശത്രു മിത്ര വ്യത്യാസമില്ലാതെ മനോനിയന്ത്രണത്തിലൂടെ യോഗാവസ്ഥയിലേ ക്കുയരാൻ സാധിക്കും. (6: 1–11)

മനുഷ്യന് ശാരീരികവളർച്ച, മാനസീകവളർച്ച, ബുദ്ധിപരമായ വളർച്ച, പക്വതയിലെ വളർച്ച, ജ്ഞാന-വിജ്ഞാന മണ്ഡലത്തിലെ വളർച്ച, വിവേകപരമായ വളർച്ച, സാമൂഹിക വളർച്ച എന്നീപ്രകാരമുള്ള അന വധി വളർച്ചയും ഉയർച്ചയുമുണ്ട്. ഈ വളർച്ചയെല്ലാം അവനവനെ അവ നവൻ തന്നെ പൂർണതയിലേക്കെത്തിക്കാനുള്ള ശ്രമമാണ്. അങ്ങിനെ വളരുന്ന മനുഷ്യൻ സ്വയം അപകീർത്തിപ്പെടുത്തുന്ന ഒന്നും ചെയ്യരു ത്. അവനവനാണ് അവനവന്റെ എല്ലാ ചിന്തകൾക്കും, കർമ്മങ്ങൾക്കും, വീക്ഷണങ്ങൾക്കും, വിജയത്തിനുമാധാരമായ ബന്ധു. ഇതെല്ലാം വഴി തെറ്റിയാൽ നരാധമനായിത്തീരുന്നതും അവനവന്റെ തന്നെ മനസ്സും, ചിന്തയും, പ്രവൃത്തിയും വഴിതെറ്റി, സ്വന്തം ശത്രുവിനെ അവനവനിൽ വളർത്തിയെടുക്കുന്നതു കൊണ്ടാണ്. എന്റെ പരിമിതിയെക്കുറിച്ച്



Scanned with CamScanner

എനിക്കു വ്യക്തമായിട്ടറിയാമെന്ന്, മറ്റുള്ളവർക്കെന്നെക്കുറിച്ചറിയാവു ന്നതുകൊണ്ടാണ് അവരെന്നെ മഹാത്മാ എന്നു വിളിക്കുന്നതെന്ന് ഗാന്ധിജി പറഞ്ഞതിന്റെ സാരമിതാണ്.

43. അഷ്ടാംഗയോഗത്തിൽ യോഗാനുശാസനത്തിന് യോഗചെയ്യുന്ന വ്യക്തി, അധികം ഉയരമോ താഴ്ചയോ ഇല്ലാത്ത, സ്ഥിരമായ സ്ഥലത്ത് ദർഭയിലോ, കൃഷ്ണമൃഗത്തോലിലോ ഇരുന്ന്, മനസ്സ് ഏകാഗ്രമാക്കി, ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച്, കഴുത്ത്-തല-ശരീരം നേരെപിടിച്ച് നാസി കാഗ്രത്തിൽ കണ്ണും ശ്രദ്ധയും കേന്ദ്രീകരിച്ച്, നിർഭയനായി, പവിത്രനാ യി, ശാന്തനായി, മനസ്സിനെ ഈശ്വരനിലർപ്പിച്ച് അചഞ്ചലനായി ധ്യാനാ വസ്ഥയിലേക്ക്, നിരന്തരയജ്ഞഭാവത്തിലൂടെയും അഭ്യാസത്തിലൂ ടെയും എത്തിചേരാൻ സാധിക്കുമ്പോൾ ആ വ്യക്തിക്ക് യോഗിയുടെ തലത്തിലേക്കുയർന്ന് പരമമായ ആനന്ദം ലഭിക്കുന്നു. (6:11–15)

ഇതുതന്നെയാണ് പ്രാർത്ഥിക്കുമ്പോഴും, പ്രാണായാമം ചെയ്യുമ്പോഴും, ചിന്തകളേകാഗ്രമാക്കാൻ ശ്രമിക്കുമ്പോഴും, പഠിക്കുമ്പോഴും പഠിച്ച തോർമ്മിക്കുമ്പോഴും സ്വീകരിക്കേണ്ട മാനദണ്ഡം.

44. അമിതഭക്ഷണം കഴിക്കുന്നവനും ഒന്നും കഴിക്കാത്തവനും, അമിത മായി ഉറങ്ങുന്നവനും ഉറങ്ങാത്തവനും യോഗവിദ്യക്കനുയോജ്യനല്ല. മിതാഹാരവും മിതമായ ഉറക്കവും മിതമായ വ്യവഹാരങ്ങളും, സമ ദർശിത്വവും, സർവതിലും ഈശ്വരാംശവും ദർശിക്കാൻ സാധി ക്കുന്നവനുമായ വ്യക്തി ഈശ്വരതുല്യനായിട്ടുയരുന്നു. അഭ്യാസത്തി ലൂടെയും വൈരാഗ്യ (ബന്ധനമില്ലായ്മ) ത്തിലൂടെയും യോഗി നിര ന്തരം ഉയരുന്നു. (6:16–36)

പട്ടിണികിടന്നും, വേണ്ടതും വേണ്ടാത്തതും സമയത്തും അസമയത്തും അടിച്ചകത്താക്കിയും ഈശ്വരോപാസന നടത്തുന്ന എല്ലാവർക്കും ബാധ കമായ സന്ദേശമാണിത്. ജീവിതഗന്ധിയായ ആത്മീയസന്ദേശം.

45. നിരന്തരം നന്മ ചെയ്യുന്ന വ്യക്തികൾക്കൊരിക്കലും ദുർഗതിയുണ്ടാ കുകയില്ല. യോഗസാധനയിലൂടെ പരമമായ അവസ്ഥയിലേക്കുയരാൻ സാധിക്കുന്നതിനുമുമ്പ് ഈ ലോകവാസം വെടിയേണ്ടിവന്നാലും, അടുത്ത ജന്മത്തിൽ ശ്രേഷ്ഠകുലത്തിൽ പുനർജനിച്ച് പൂർവജന്മ സ്മര ണയുമായി, തുടർന്നുള്ള പദവിയിലേക്കുയരുകയും പരമാവസ്ഥ പ്രാപി ക്കുകയും ചെയ്യും (6.40 –44)

ബ്രയൻ എൽ വെയ്സിന്റെ മെനി ലൈവ്സ് മെനി മാസ്റ്റേഴ്സ് എന്ന പുസ്തകത്തിൽ സുപ്രസിദ്ധ അമേരിക്കൻ സൈക്കാട്രിസ്റ്റും യുക്തിവാ



Scanned with CamScanner

ദ്ധിയുമായ അദ്ദേഹം കാതറിൻ എന്ന കുട്ടിയെ റിഗ്രസ്സീവ് ഹിപ്നോട്ടിസത്തിനു വിധേയമാക്കി ശേഖരിച്ച് വിവരിച്ച വരികളിൽ പറയുന്നു: ആത്മാവിന് ആറുതലങ്ങളിലേക്കുയരേണ്ടതുണ്ട്. ഓരോ ഉയർച്ചയിലും നന്മ നിറഞ്ഞ ജന്മമെടുത്തുയരാൻ ആത്മാവ് വെമ്പുന്നു. അതിന് സഹായിക്കുന്നത് നന്മ നിറഞ്ഞ കർമ്മവും അതിന്റെ കർമ്മഫലമായ പുണ്യവുമാണ്. തടസ്സമായി നിൽക്കുന്നതാകട്ടെ തിന്മ നിറഞ്ഞ കർമ്മഫലവും അതിന്റെ പാപവും. ഈ ശാസ്ത്രം അമ്പത്തൊന്നര നൂറ്റാണ്ടു മുമ്പ് ശ്രീകൃഷ്ണൻ അസന്ദിഗ്ദമായി പ്രഖ്യാപിച്ചതാണ്.

46. വേദപണ്ഡിതരേക്കാളും, യാഗയജ്ഞങ്ങളനുഷ്ഠിക്കുന്നവരേക്കാളും, പണ്ഡിതശ്രേഷ്ഠന്മാരേക്കാളും ശ്രേഷ്ഠമായ അവസ്ഥ ഈ യോഗിക്ക് ലഭിക്കുന്നു. ഈ യോഗി ജീവിക്കുന്നതും നിലനിൽക്കുന്നതും ഈശ്വരീയ ഭാവത്തിലാണ് (6: 45-47)

സമൂഹത്തിലും, രാഷ്ട്രത്തിലും, ലോകത്തിലും മാറ്റം വരുത്തുന്നത് ഇവരുടെ വാക്കുകളും പ്രവർത്തികളുമാണ്. ഇവരാണ് അവതാരങ്ങൾ. അവർ മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നു. അവരുടെ ഉപദേശങ്ങളാണ് ലോകാ സമസ്ഥാ സുഖിനോ ഭവന്തു; ....... സർവേ ഭവന്തു സുഖിനഃ... എന്നത്. അവർ മാനവരാശിയുടെ മനോമണ്ഡലത്തിൽ സഹസ്രാബ്ദങ്ങൾ ജീവിക്കുന്നു. അവരുടെ കർമ്മമാണ് യജ്ഞം. അവരുടെ സാന്നിദ്ധ്യം ആയിരങ്ങളിൽ സന്തോഷമുണ്ടാക്കുന്നു.

47. വളരെക്കുറച്ചു വ്യക്തികൾ മാത്രമേ ഈ ലോകത്തിൽ ശാസ്ത്രീയമായ ആത്മീയതയെന്തെന്നറിഞ്ഞിട്ടുള്ളൂ. എട്ടുവിധ പ്രകൃതിയും അതിനെ ചൈതന്യവത്താക്കുന്ന പ്രപഞ്ചപുരുഷ ചൈതന്യവും ചേർന്നാണ് സർവചരാചരങ്ങളും നിലനില്ക്കുന്നത്. പരമമായ ചൈതന്യത്തിലൂടെ പരസ്പരം ഒരു മാലയിലെ മുത്തുകൾ പോലെ സർവ്വതും കോർത്തിരിക്കുന്നു. അവയെ പരസ്പരം ബന്ധിപ്പിക്കുന്ന ചരടാണീ പ്രപഞ്ച പുരുഷ ചൈതന്യം. സർവചരാചരങ്ങൾക്കും അവയുടെ രസം, ഗന്ധം, രൂപം, ഭാവം, ഊർജ്ജം, ചൈതന്യം, സഹജസ്വഭാവം, നിറം... എന്നിവ കൊടുത്തതും അതു നിലനിർത്തുന്നതും ഈ പ്രകൃതി-പ്രപഞ്ച പുരുഷ ചൈതന്യങ്ങളാണ്. (7:1-9)

ചെവിയിലെ എല്ലാ സെല്ലുകളുമുണ്ടായിട്ടും, കണ്ണിലെ എല്ലാ കോശങ്ങളുമുണ്ടായിട്ടും, മൂക്കിനും നാക്കിനും ത്വക്കിനും ഒരു കേടുപാടും സംഭവിക്കാതിരുന്നിട്ടും ജീവചൈതന്യം നഷ്ടപ്പെട്ട വ്യക്തിയുടെ ചെവിയും, കണ്ണും, മൂക്കും, നാക്കും, ത്വക്കും... അതാതിന്റെ കർമ്മങ്ങൾ ചെയ്യുന്നില്ല. കോശവും ചൈതന്യവും ഒരുമിച്ചു സമഞ്ജസമായാലേ ജീവനുള്ള



Scanned with CamScanner

ശരീരത്തിൽ പ്രതികരണമുണ്ടാകൂ. ജീവാത്മാവുള്ള/ജീവനുള്ള ശരീര
മാണെങ്കിലും ചെവിക്കകത്ത്, കണ്ണിനകത്ത്, മൂക്കിനകത്ത്..... ഘടനക്ക്
(പ്രകൃതിക്ക്) തകരാറുണ്ടെങ്കിൽ ഇന്ദ്രിയങ്ങളവയുടെ കർമ്മം ചെയ്യുക
യില്ല. അതിനാൽ ശക്തമായ ഇന്ദ്രിയങ്ങളും ശക്തമായ ജീവചൈതന്യ
വുമുണ്ടെങ്കിലേ ശരീരപ്രവർത്തനം നടക്കൂ.

48. ശക്തമായ മായാവലയത്താലും അജ്ഞാനത്താലും ആവരണം
ചെയ്തിരിക്കുന്നതിനാൽ സാധാരണക്കാർ ബാഹ്യമായ രൂപഭാവത്തി
ലൂടെ മാത്രം എല്ലാത്തിനേയും വിലയിരുത്തുന്നു. അവർ അഗാധതയി
ലേക്കിറങ്ങിയറിയുന്നില്ല. അറിയാൻ ശ്രമിക്കുന്നുമില്ല (7:15-17)

സാധാരണക്കാർക്ക് ഈ പരമമായ തത്വം മനസ്സിലാക്കാൻ സാധിക്കു
ന്നില്ല. അവർ ശ്രമിക്കാറുമില്ല. ഭക്ഷണം കഴിക്കുന്ന വ്യക്തി അതിലുള്ള
പോഷകാംശങ്ങൾ അളന്നു തൂക്കി മനസ്സിലാക്കാറില്ല. മനസ്സിലാക്കേ
ണ്ടയാവശ്യവുമില്ലല്ലോ. ജീവചൈതന്യമായ പ്രപഞ്ച പുരുഷ ചൈത
ന്യാംശവും എട്ടുവിധപ്രകൃതിഘടകങ്ങൾകൊണ്ടുണ്ടാക്കിയിരിക്കുന്ന
ശരീരത്തിലെ കോശവും സമഞ്ജസമായി പ്രവർത്തിക്കണം. ഭഗവദ്ഗീ
തയുടെ നിലവാരത്തിലേക്ക് ഇന്നത്തെ ആധുനീക വൈദ്യശാസ്ത്രം
വളർന്നുകൊണ്ടിരിക്കുന്നു. ആ നിലവാരത്തിലേക്കെത്താൻ ശാസ്ത്രം
ഇനിയുമൊരു കാൽ നൂറ്റാണ്ടുകൂടി വളരേണ്ടതുണ്ടെന്ന് ചെന്നൈ
അപ്പോളോ ആശുപത്രിയിലെ പ്രസിദ്ധ ന്യൂറോളജിസ്റ്റ് ഡോ. ബി. രാമ
മൂർത്തി പറയുന്നു.

49. നാലുവിധത്തിലുള്ള ജനങ്ങളാണ് ഈശ്വരാരാധനയിൽ മുഴുകുന്ന
ത്. ദുഃഖിതർ, ജിജ്ഞാസുക്കൾ, സാമ്പത്തീക നേട്ടമാഗ്രഹിക്കുന്നവർ,
ജ്ഞാനികൾ. ഇവരിൽ ജ്ഞാനികളാണ് ശ്രേഷ്ഠന്മാർ. ചിലർ അവ്യ
ക്തമായ മാർഗത്തിലൂടെ ഈശ്വരാരാധന നടത്തുന്നു. ആ മാർഗങ്ങളി
ലൂടെ അവർക്കു ലഭിക്കുന്നതാകട്ടെ താൽക്കാലിക ഭൗതീക നേട്ടങ്ങൾ
മാത്രമാണ്. ശാശ്വതമായ സന്തോഷം, സുഖം, സമാധാനം എന്നിവ
യ്ക്കായി നിലവാരത്തിലുള്ള ഉപാസനാ മാർഗത്തിലേക്ക് പ്രയാണം
ചെയ്യണം (7:20-26)

ഇവയിലൊന്നും മോശമാണെന്നോ അരുതാത്തതാണെന്നോ പറഞ്ഞി
ട്ടില്ല. ഏതാണുത്തമം എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. ഉത്തമമായത്
ജ്ഞാനത്തിനുവേണ്ടിയുള്ള ഉപാസനയാണെന്നു പറയാൻ കാരണം;
ജ്ഞാനം ലഭിച്ചാൽ ദുഃഖത്തിനും, ജിജ്ഞാസക്കും, ഭയത്തിനും, വാശി
ക്കുമെല്ലാം കാരണമെന്താണെന്നു തിരിച്ചറിയും. ധനത്തിനു വേണ്ടിയു
ഴലുന്നവനും അതിൽ നിന്നു ലഭിക്കുന്ന സന്തോഷവും സുഖവും



Scanned with CamScanner

താൽക്കാലികമാണെന്നറിയും. ആ അറിവ്/ജ്ഞാനം ലഭിച്ചാൽ മറ്റു ദുഃഖങ്ങളും വേദനകളും ശമിക്കുമെങ്കിൽ അഥവാ എല്ലാ പ്രശ്നങ്ങൾക്കു മതു പരിഹാരമാകുമെങ്കിൽ ജ്ഞാനിയുടെ ഉപാസനയാണ് ശ്രേഷ്ഠമായത്.

50. പരമമായ ഈശ്വരചൈതന്യം തന്നെ കാലാതീതമാണ്. ഭൂതകാല-വർത്തമാനകാല-ഭാവികാലത്തെ അതുബന്ധിപ്പിക്കുന്നു. അതുവ്യക്തമായിട്ടറിയുന്നവർ ആ ചൈതന്യത്തിലാധാര മാണീലോകമെന്നറിഞ്ഞാൽ, ആ തിരച്ചറിവിലൂടെ അത്യാഗ്രഹങ്ങളിൽ നിന്നും, പാപത്തിൽ നിന്നും, ആകർഷണവികർഷണങ്ങളിൽ നിന്നുമവർ മോചിതരായിത്തീരുന്നു. (7:25–30)

ഈശ്വരചൈതന്യം ആർക്കും ഒന്നും നേടിത്തരുന്നുമില്ല അതു സ്വയം ഒന്നും നേടുന്നുമില്ല. പ്രാർത്ഥനയിലൂടെ സ്വയം നാം മനസ്സിനെ വിവിധ ദിശയിലേക്കു നയിക്കുമ്പോൾ മാറ്റമില്ലാത്തതായ ഈശ്വരനെ സാക്ഷി നിർത്തി ചെയ്യുന്നു എന്നു മാത്രം. മാറ്റേണ്ട മനസ്സിനെ മാറ്റമില്ലാത്ത ഒന്നിലാധാരമാക്കുന്നു. വേഗത്തിൽ പായുന്ന തീവണ്ടിക്ക് ഉറപ്പിച്ചനക്കമില്ലാതെ നിർത്തേണ്ട പാളങ്ങൾ ഉണ്ടാകേണ്ടതു പോലെ വണ്ടി മനസ്സും പാളങ്ങൾ ഈശ്വരചൈതന്യവുമായി താരതമ്യം ചെയ്യുക.

51. ഈശ്വരചൈതന്യം തന്നെയാണ് പരമാത്മചൈതന്യം. അതുതന്നെ ആത്മചൈതന്യമെന്നു തിരിച്ചറിയുന്നവർ അവനവനിൽ തന്നെ ആ ചൈതന്യം നിലനിൽക്കുന്നുവെന്നറിയണം. അവനവനിലെ ഓരോ കോശത്തിലുമന്തർലീനമായിരിക്കുന്ന അദ്ധ്യാത്മചൈതന്യമെന്നറിയപ്പെടുന്നതും അതുതന്നെയാണ്. ആ ചൈതന്യമാണെല്ലാത്തിലും അധിവസിക്കുന്നത്. (8:3)

ആ ചൈതന്യത്തെ സാധാരണക്കാരുടെ ഭാഷയിൽ വിവരിക്കാൻ ശ്രമിച്ചാൽ: എല്ലാ മനുഷ്യനും 32 പല്ലുവേണമെന്നും, മൂക്കു താഴെക്കാകണമെന്നും, മിനിറ്റിൽ ഹൃദയം 68 പ്രാവശ്യം ഇടിക്കണമെന്നും, മിനിറ്റിൽ 16 പ്രാവശ്യം ശ്വസിക്കണമെന്നും, മനുഷ്യശരീരതാപനില 37.3°C ആയി നിലനിർത്തണമെന്നും, ശരീരത്തിൽ ഒരു മിനിറ്റിൽ രക്തം 60,000 കിലോമീറ്റർ ദൂരം സഞ്ചരിക്കണമെന്നും; നിശ്ചയിച്ച് ശരീരത്തെ പ്രവർത്തിപ്പിക്കുന്ന ചൈതന്യമാണത്. അതാണ് സർവചരാചരങ്ങളിലും നിലനിൽക്കുന്ന അദ്ധ്യാത്മചൈതന്യം.

52. ജനിച്ച്/ഉത്ഭവിച്ച് കുറേക്കാലം നിലനിന്ന് ഇല്ലാതാകുന്നതെല്ലാം അധിഭൂതമെന്നറിയപ്പെടുന്നു. പ്രപഞ്ചത്തിൽ നിറഞ്ഞിരിക്കുന്ന പ്രപഞ്ചപുരുഷ



Scanned with CamScanner

ചൈതന്യത്തെ അധിദൈവതമെന്നറിയപ്പെടുന്നു. ജീവാത്മചൈതന്യത്തിന്റെ സാന്നിദ്ധ്യത്തിൽ (ജീവനുള്ളപ്പോൾ) ശരീരത്തിൽ നടക്കുന്ന എല്ലാ പ്രക്രിയകളുമാണ് അധിയജ്ഞം (8:4)

ഭൂമിയിൽ നിലനിൽക്കുന്ന ജീവജാലങ്ങളെല്ലാം, 16 ലക്ഷം തരത്തിലുള്ള ജന്തുക്കളും, 4 ലക്ഷം തരത്തിലുള്ള സസ്യങ്ങളും, 80,000 തരത്തിലുള്ള വൃക്ഷങ്ങളും ജനിച്ച് കുറേക്കാലം നിലനിന്ന് നശിച്ചുപോകുന്നു. നില നിൽക്കുന്ന കാല പരിമാണം, ഏതാനും മിനിറ്റുകളോ, മണിക്കൂറുകളോ, ദിവസങ്ങളോ, വർഷങ്ങളോ ആകാം. പക്ഷേ അനന്തകോടി വർഷങ്ങൾ നിലനിൽക്കുന്ന ഈ ബ്രഹ്മാണ്ഡത്തിന്റെ കാലപരിധിയുമായി താരതമ്യം ചെയ്യുമ്പോൾ അധിഭൂതങ്ങളെല്ലാം നൈമിഷികങ്ങളാണ്.

53. മനുഷ്യൻ മരണസമയത്ത് എന്തിനെ സ്മരിച്ചുകൊണ്ടാണോ ജീവൻ വെടിയുന്നത്; ആ ആത്മാവ് മരണസമയത്ത് സ്മരണയിലുണ്ടായിരുന്നതിലേക്കോ അതുപോലുള്ള ഒന്നിലേക്കോ പ്രയാണം ചെയ്ത് ഒരു ശരീരം സ്വീകരിക്കുന്നു അഥവാ അങ്ങിനെയൊരു ശരീരത്തെ തെരഞ്ഞെടുക്കുന്നു. അതുകൊണ്ടുതന്നെ ഈശ്വരസ്മരണയിൽ നിമഗ്നനായിരിക്കുമ്പോൾ ദേഹം വെടിയുന്ന ആത്മാവ് ഈശ്വരനിലലിയുന്നു എന്നു പറയുന്നത്. (8: 5, 6)

ഭാഗവതത്തിൽ ഭരതന്റേയും, ജഡഭരതന്റേയും, ഭരതൻ മാനിന്റേയും കഥപോലെ ബ്രയൻ എൽ വെയ്സിന്റെ Same soul many bodies എന്ന സൈക്കാട്രിക്/സൈക്കോളജിക്കൽ പുസ്തകം വായിച്ചാലറിയാം; ശ്രീകൃഷ്ണവചനം അത്യുജ്ജ്വല ശാസ്ത്രമാണെന്ന്. കാതറിനും, ജോർജും, താരയും എല്ലാം പിന്നിട്ട ജന്മങ്ങളും, ഓരോ ജന്മത്തിലും അവരെന്തായിരുന്നുവെന്നും അതിനു കാരണമെന്താണെന്നും അദ്ദേഹം വിവരിക്കുന്നു. കോടിക്കണക്കിന് കോപ്പികൾ വിറ്റഴിഞ്ഞ കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ ഈ സൈക്കാട്രിപ്രൊഫസറുടെ വിശകലനാത്മക ഗ്രന്ഥം ഹിന്ദുവല്ലാത്ത അദ്ദേഹത്തിന്റെ ശാസ്ത്ര കണ്ടുപിടുത്തമാണ്. ഏതൊന്നായിത്തീരണമെന്ന് മനസ്സ് കൊതിക്കുന്നുവോ ജീവിതാന്ത്യം വരെ അതു മനസ്സിലുറപ്പിക്കുക. യദ് ഭാവ തദ് ഭവതി.

54. നിരന്തരമായ അഭ്യാസം കൊണ്ട് ഈശ്വരസ്മരണ മനസ്സിൽ നിറയ്ക്കാം. ഏതു കർമ്മം ചെയ്യുമ്പോഴും ഈശ്വര സ്മരണ നിലനിർത്തണം. എല്ലാത്തിലും ഈശ്വര ചൈതന്യമുണ്ടെന്നറിയണം, എല്ലാം നിലനിൽക്കുന്നതും അതിനാലാണെന്നറിഞ്ഞ് സ്മരിച്ചാൽ എല്ലായിപ്പോഴും ഈശ്വരസ്മരണ നിലനിർത്താം. (8, 7-10)



Scanned with CamScanner

മേൽവിവരിച്ച മാനസീകാവസ്ഥയിലെത്താൻ മനസ്സിനെ പക്വപ്പെടുത്ത ണം. ശരീരത്തിൽ നിറക്കേണ്ടത് ശ്രദ്ധയോടെ നിറച്ചാൽ സമ്പുഷ്ടമായ ശരീരമുണ്ടാകുന്നു. മനസ്സിൽ നിറക്കേണ്ടത് ശ്രദ്ധയോടെ നിരന്തരം നിറ ച്ചാൽ സമ്പുഷ്ടമായ മനസ്സുണ്ടാകും.

55. ഒരിക്കൽ ശരീരം വിട്ട് ജീവാത്മചൈതന്യം പരമാത്മചൈതന്യത്തിൽ വിലയം ചെയ്താൽ അത് പിന്നെയൊരു ശരീരത്തെ പ്രാപിക്കേണ്ടതില്ല (8:15,16)

ആറുപടികളും കടന്ന് ജീവാത്മചൈതന്യം ഉയർന്നാൽ അത് പരമാത്മ ചൈതന്യത്തിലെത്തുന്നു. പടിയാറും കടന്നവിടെ ചെല്ലുമ്പോൾ... നാം ശിവൻ തന്നെയായി മാറിക്കഴിഞ്ഞിട്ടുണ്ടാകും. മേൽവിവരിച്ച പുസ്ത കത്തിന്റെ രചയിതാവിന്റെ ഒന്നാം പുസ്തകം Many lifes many masters, ഈ വിവരണം തന്നെ നൽകുന്നു.

56. ജീവാത്മ ചൈതന്യത്തെക്കുറിച്ച് പരിമിതമായ വാക്കുകളുള്ള ഭാഷാ പ്രയോഗത്താൽ വിവരിക്കാനസാദ്ധ്യമാണ്. അതിനേക്കാൾ കഠിനമാണ് പരമാത്മചൈത്യത്തെക്കുറിച്ചു വിവരിക്കുക എന്നത്. അതിലുമപ്പുറത്തു ണ്ടെന്നു പറയാവുന്ന പരബ്രഹ്മ, പ്രപഞ്ച പുരുഷചൈതന്യമെന്നിപ്രകാ രമുള്ള പദങ്ങളെപോലും വിവരിക്കാനൊരിക്കലും സാദ്ധ്യമല്ല തന്നെ. ആ നിലവാരത്തിലുള്ളതിലേക്ക്, ദേഹം വെടിയുന്ന ആത്മാവ് വിലയം പ്രാപിച്ചാൽ, പിന്നീട് തിരിച്ചുവരവോ പുനർജനനമോ മരണമോ ഇല്ല. (8:20)

കുടത്തിലെ കടൽ ജലം ജീവാത്മാവായും, അതി വിസ്തൃതമായ കട ലിലെ ജലം പരമാത്മാവായും സങ്കൽപ്പിച്ചാൽ, ആ കുടംപൊട്ടി അതിലെ ജലം കടൽജലത്തോടുചേരുന്നതുപോലെയായിരിക്കും, ജീവാത്മാവ് പര മാത്മാവിനോട് അലിഞ്ഞു ചേരുന്നത്. പിന്നീട് ആ ജലം അതേപോലെ മറ്റൊരു കുടത്തിലേക്ക് (ശരീരത്തിലേക്ക്) പോകുകയില്ല കാരണം അതു മഹാസാഗരത്തിലലിഞ്ഞു ചേർന്നു കഴിഞ്ഞു. ഇതെല്ലാം ഉപമയിലൂടെ വിവരിക്കാമെന്നല്ലാതെ യാഥാർത്ഥ്യം അപ്രകാരം തന്നെ വിവരിക്കാൻ അസാദ്ധ്യമാണ്. വാക്കുകൾക്കും, അറിവിനും, അനുഭവത്തിനും പരി മിതിയുണ്ട്.

57. ഏതു തരം ജ്ഞാനവും (ആത്മീയജ്ഞാനം) വിജ്ഞാനത്തിന്റെ (ശാ സ്ത്രത്തിന്റെ) അടിത്തറയിൽ വിശകലനം ചെയ്യുകയാണെങ്കിൽ ആത്മീ യതയിലുണ്ടാകാൻ സാദ്ധ്യതയുള്ള അന്ധവിശ്വാസങ്ങളില്ലാതെയാക്കാൻ സാധിക്കും. പ്രപഞ്ചത്തിൽ ഈശ്വരനോ, ഈശ്വരനിൽ പ്രപഞ്ചമോ



Scanned with CamScanner

അലിഞ്ഞു ചേർന്നിരിക്കുന്നില്ല. അന്തരീക്ഷത്തിൽ വായു നിലനിൽക്കുന്നതുപോലെയുള്ള ബന്ധമാണ് പ്രപഞ്ചവും അതിലുള്ള ഈശ്വരചൈതന്യവും. പ്രളയ (ചൈതന്യവത്തായി അലിഞ്ഞു ചേരുന്നത്) കാലത്ത് എല്ലാം പരമാത്മാവിലലിയുന്നതുപോലെ സൃഷ്ടി കാലത്ത് പരമാത്മാവിൽ നിന്നു തന്നെയെല്ലാം പുനർജനിക്കപ്പെടുന്നു. ഈ സൃഷ്ടിയും, സ്ഥിതിയും, സംഹാരവും, പ്രളയവുമെല്ലാം പ്രപഞ്ചത്തിലെ സ്വബോധത്താലും (consciousness) പ്രജ്ഞാനത്താലും (awareness) സ്വയം നടക്കുന്നതാണ്. ഒന്നും മറ്റൊന്നിൽ ബന്ധിതമല്ല. പ്രപഞ്ചത്തിൽ ചൈതന്യവും ചൈതന്യത്തിൽ പ്രപഞ്ചവും, വായുവും അന്തരീക്ഷവും പോലെയുള്ള ബന്ധത്തിൽ നിലനില്ക്കുന്നത് ഈശ്വരചൈതന്യത്താലാണ് (9: 1-10)

58. ഈശ്വര ചൈതന്യത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്തവർ ഈശ്വരന് മനുഷ്യരൂപം കൊടുത്തുപാസിക്കുന്നു. ചിലർ തെറ്റായി ഈശ്വരനെ അറിയുന്നു, ചിലർ തെറ്റായി ഉപാസിക്കുന്നു. ചിലർ തെറ്റായി വിവരിക്കുന്നു, ചിലർ തെറ്റായി വ്യാഖ്യാനിക്കുന്നു. അതേപോലെ ചിലർ പൂർണജ്ഞാനത്തോടെയും ചിലർ ഭക്തിയോടെയും മറ്റു ചിലർ കർമ്മത്തിലൂടെയും ഈശ്വരോപാസന നടത്തുന്നു. (9:11-15)

പല രീതിയിലും, രൂപത്തിലും, ഭാവത്തിലും ഈശ്വരനെ ഉപാസിക്കുന്നത് നാം കാണുന്നു. അവയുടെ ആന്തരാർത്ഥയും, അതിലൂടെ ഉദ്ദേശിക്കുന്നതെന്തോ അതിന്റെ ഉൾക്കാഴ്ചയും ലഭിക്കാത്തീടത്തോളം കാലം ഇതെല്ലാം തെറ്റാണ് അഥവാ യഥാർത്ഥ മാർഗമല്ല എന്നു പിന്നീട് ബോദ്ധ്യമാകും. ശരിയായ ലക്ഷ്യബോധം ലഭിച്ചാൽ ഈ ഈശ്വരരൂപങ്ങളെല്ലാം പരമമായ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന്റെ ചവിട്ടുപടികളാണ്.

59. പ്രകൃതിയിലും പ്രപഞ്ചത്തിലുമുളളതെല്ലാം, അത് ദ്രവ്യമായാലും, ഊർജ്ജമായാലും രൂപ-രസ-ഗന്ധ-സ്പർശ...... മായതെന്തെല്ലാമാണെങ്കിലും അവയെല്ലാം പ്രകൃതി-പ്രപഞ്ചത്തിന്റെ ഭാഗമാണ്. മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ്. അതിനാൽ യാഗവും, യജ്ഞവും, ദ്രവ്യവും, മന്ത്രവും, ഹവിസ്സും, പിതാവും, മാതാവും, പിതാമഹനും, വേദങ്ങളും, ഓംകാരവും, ലക്ഷ്യവും, ആധാരവും, സാക്ഷിയും, സംരക്ഷകനും, അഭ്യുദയകാംക്ഷിയും, ആദിയും, അന്തവും, നശിക്കുന്നതും, നശിക്കാത്തതും, തപസ്സും, വർഷവും, ഉഷ്ണവും, മരണവുമെല്ലാം പ്രകൃതിയുടെ പ്രപഞ്ചത്തിന്റെ പരമാത്മ ചൈതന്യത്തിന്റെ ഭാഗമാണ്. (9:16-19) (Manifestation and manipulations)



Scanned with CamScanner

ഈ പ്രപഞ്ചത്തിലെ എല്ലാ ദ്രവ്യങ്ങളും ഉണ്ടായിരിക്കുന്നത് 108 മൂലകങ്ങളിൽ ഒന്നോ അതിൽ കൂടുതലോ മൂലകങ്ങളുടെ സംയോഗത്താലാണ്. ഈ മൂലകങ്ങളെല്ലാമുണ്ടാക്കിയിരിക്കുന്നത് പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോണുകളും മറ്റനവധി സബ് ആറ്റമിക് പാർട്ടിക്കിളുചേർന്നാണ്. ഇവയെല്ലാം ഇനിയും വിഘടിപ്പിച്ചാൽ അത്യാധുനിക ശാസ്ത്രജ്ഞർ കണ്ടുപിടിച്ച ഊർജ്ജത്തിന്റെ സ്ട്രിങ്ങുകളാലാണ്; എല്ലാം ഊർജ്ജസ്ട്രിങ്ങുകളും ഒരേ പോലെയാണ്. അവയ്ക്കാധാരമായ സൂത്രവാക്യം $E=mc^2$ എന്നതുമാണ്. എല്ലാം ഊർജ്ജത്തിലവസാനിക്കുന്നു എന്നത് മറ്റൊരു പ്രകാരം പറഞ്ഞാൽ എല്ലാം ബ്രഹ്മത്തിലവസാനിക്കുന്നു. ആ ബ്രഹ്മം പരമാത്മ ചൈതന്യമാണ് അപ്പോൾ 108 മൂലകങ്ങൾ കൊണ്ടു സൃഷ്ടിക്കപ്പെട്ടതെല്ലാം പരമാത്മ ചൈതന്യത്തിന്റെ / ബ്രഹ്മത്തിന്റെ manifestation ഉം manipulation ഉം ആണ്.

60. വിവിധ ദേവതാരൂപങ്ങളെയും, ഭൂതപ്രേതങ്ങളേയും അന്യദേവതാസങ്കൽപങ്ങളേയും ആരാധിക്കുന്നവർ, അതിലൂടെയും അവരാരാധിക്കുന്നത് പ്രപഞ്ചചൈതന്യത്തെത്തന്നെയാണ്. ചിലർ നേരെ പ്രപഞ്ച ചൈതന്യത്തിലേക്കും മറ്റു ചിലർ പലതിലൂടേയും കടന്ന് അവിടേക്കു തന്നെയുമെത്തിച്ചേരുന്നു. (9:22-25)

സങ്കീർണമായ ആദ്യത്തെ മാർഗങ്ങൾ സ്വീകരിക്കുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു.

61. ചിലർ ഭക്തിപൂർവം സമർപ്പിക്കുന്നത് പ്രപഞ്ച ചൈതന്യത്തിലലിയുന്നു (അത് പ്രപഞ്ചം സ്വീകരിക്കുന്നു); ചിലർ എല്ലാം ഈശ്വരാർപണമായി ചെയ്യുന്നു. ചിലർ ചെയ്യുന്നതും, അതിന്റെ ഫലവും, പ്രതിഫലവും പൂർണമായോ ഭാഗികമായോ ഈശ്വരനിലർപ്പിക്കുന്നു. എല്ലാവരും സ്മരിക്കേണ്ടതായ സന്ദേശം ഈശ്വരന് ഇഷ്ടമുള്ളത്/ഇഷ്ടമില്ലാത്തത്, ഇഷ്ടമുള്ളവർ/ഇഷ്ടമില്ലാത്തവർ എന്നിപ്രകാരമൊരു വിഭാഗമേയില്ല എന്നതാണ്. (9:26-29).

ഈശ്വരനെ സന്തോഷിപ്പിക്കാനും, പ്രസാദിപ്പിക്കാനുമായി ചെയ്യുന്നു എന്നു നാം ധരിച്ച് ചെയ്യുന്ന പലതിനോടുമുള്ള സമർപ്പണ ഭാവം നഷ്ടപ്പെട്ട് അത് സ്വാർത്ഥഭാവമായാൽ ആ കർമ്മം ഈശ്വരന് കൈക്കൂലി കൊടുക്കുന്നതിനു തുല്യമാകും. അതായത് കൈക്കൂലി വാങ്ങിച്ച് കാര്യം ചെയ്തുകൊടുക്കുന്ന ഉദ്യോഗസ്ഥന്റെ സ്ഥാനം ഈശ്വരന്.

62. മനസ്സിനേയും ചിന്തകളേയും കർമ്മത്തേയും നന്മയിലേക്ക് നയിക്കുന്നതിലൂടെ മഹാപാപികൾ പോലും പാപമോചനം നേടുന്നു. അ



Scanned with CamScanner

വർ നന്മ നിറഞ്ഞവരായിത്തീരുന്നു. എല്ലാ വിഭാഗത്തിലുള്ളവർക്കുമിതു സാദ്ധ്യമാണ്. അവരിലെ ഈശ്വരചൈതന്യത്തെക്കുറിച്ചവർക്ക് അവബോധമുണ്ടാകുമ്പോൾ മനസ്സും ചിന്തകളും തിന്മയിൽ നിന്ന് നന്മയിലേക്ക് പരിവർത്തനം ചെയ്യുന്നതുപോലെ നമ്മളിലും മാറ്റമുണ്ടാകണം. (9:30–34)

വളരെ പ്രായോഗിക നിർദ്ദേശം! ഇന്നലെവരെ ചെയ്ത തെറ്റുകളുടെ ഭാരത്തിന്റെ ദുഃഖവും പേറി നടക്കുന്ന മനസ്സിനെ പോലും ഉയരങ്ങളിലേക്ക് നയിക്കാനുള്ള നിർദ്ദേശമാണ്. വിപ്ലവകാരിയായിരുന്ന അരവിന്ദനെ മഹർഷിയരവിന്ദനാക്കിയതും, നിരീശ്വരവാദിയായ നരേന്ദ്രനെ വിവേകാനന്ദനാക്കിയതും, വാശിയും പകയുമുള്ള വിശ്വാമിത്രനെ ബ്രഹ്മർഷിയാക്കിയതും, കാട്ടാളനായ രത്നാകരനെ വാത്മീകിയാക്കിയതും, ഇന്നലെകളിൽ നിന്ന് ഇന്നിലേക്കുള്ള മാറ്റത്തിന്റെ മഹത്വം കൊണ്ടാണ്.

63. ജീവജാലങ്ങളിൽ സ്വതസിദ്ധമായ ബോധവും പ്രജ്ഞാനവും (consciousness and awareness) ആയി നിലകൊള്ളുന്നതും ഈ പരബ്രഹ്മ ചൈതന്യമായ പരമാത്മചൈതന്യത്തിന്റെ ഭാഗമായ ജീവാത്മചൈതന്യമാണ്. വിവേകം, അറിവ്, ജ്ഞാനം, ക്ഷമ, സഹനശക്തി, ഇന്ദ്രിയനിയന്ത്രണം, മാനസീക വ്യവഹാരം, ഭയം, നിർഭയത്വം, അഹിംസ, സമത്വം, സംതൃപ്തി, പവിത്രത, നന്മ, കീർത്തി..... എന്നിവയെല്ലാം മനുഷ്യനിലുദയം ചെയ്യുന്നത് ഈ പ്രജ്ഞാനവും സ്വബോധവും വളരെ ഉയർന്ന തലത്തിലുള്ളതിനാലാണ്. ഈ ചൈതന്യമാണ് എല്ലാവിധ വികാരവിചാരങ്ങൾക്കും ആധാരമായി നിലകൊള്ളുന്നത് (10:3–8)

ബൾബിൽ വൈദ്യുതി പ്രകാശമായും, ഹീറ്ററിലത് ചൂടായും, മൈക്കിലത് ശബ്ദമായും, കമ്പ്യൂട്ടറിലത് ഓർമ്മയായും, മാറുന്നതു പോലെ നന്മകൾക്കാധാരമായ എല്ലാ ഗുണങ്ങളേയും ഈശ്വരീയമെന്നു പറയുന്നു. ഈശ്വരീയ ഗുണമുള്ളവർ ഈശ്വരന്റെ പ്രതീകമായി ജന്മം കൊള്ളുന്നു. ആസുരീക ഗുണദോഷമുള്ളവൻ അസുരനായും മാനുഷീക ഗുണദോഷങ്ങളുള്ളവൻ മനുഷ്യനായും സാധാരണക്കാർക്ക് മനസ്സിലാക്കാനെളുപ്പത്തിനായി വിഭജിക്കപ്പെടുന്നു,

64. ഈ പ്രപഞ്ചചൈത്യമാണ് ജീവാത്മാവ്. ജനന–മരണം, ആദിത്യൻ, ചന്ദ്രൻ, എന്നിവയിലെല്ലാത്തിലും ശ്രേഷ്ഠമായതുമീശ്വരനാണ്. വേദങ്ങളിൽ സാമവേദം, ദേവന്മാരിൽ ഇന്ദ്രൻ, ഇന്ദ്രിയങ്ങളിൽ മനസ്, ജീവജാലങ്ങളിൽ ചൈതന്യം, രുദ്രന്മാരിൽ ശങ്കരൻ, യക്ഷ–രക്ഷന്മാരിൽ കുബേരൻ, അഷ്ടവസുക്കളിൽ അഗ്നി, പർവതങ്ങളിൽ മേരുപർവതം, പുരോഹിതരിൽ ദേവഗുരുവായ ബൃഹസ്പതി, യോദ്ധാക്കളിൽ



Scanned with CamScanner

സ്കന്ദൻ, ജലസ്രോതസ്സുകളിൽ സമുദ്രം, മഹർഷിമാരിൽ ഭൃഗു, അക്ഷരങ്ങളിൽ ഓംകാരം, യജ്ഞങ്ങളിൽ ജപയജ്ഞം, സ്ഥാവരങ്ങളിൽ ഹിമാലയം, വൃക്ഷങ്ങളിൽ ആൽമരം, ദേവർഷിമാരിൽ നാരദൻ, ഗന്ധർവന്മാരിൽ ചിത്രരഥൻ, സിദ്ധന്മാരിൽ കപിലമഹർഷി, കുതിരകളിൽ ഉച്ചൈശ്രവസ്, ആനകളിൽ ഐരാവതം, മനുഷ്യരിൽ രാജാവ്, ആയുധങ്ങളിൽ വജ്രം, പശുക്കളിൽ കാമധേനു, ആസക്തികളിൽ ലൈംഗീകാസക്തി, സർപ്പങ്ങളിൽ വാസുകി, നാഗങ്ങളിൽ അനന്തൻ, പിതൃക്കളിൽ അര്യമാവ് നീതി പാലകരിൽ യമൻ, ദൈത്യന്മാരിൽ പ്രഹ്ളാദൻ, മൃഗങ്ങളിൽ സിംഹം, പക്ഷികളിൽ, ഗരുഡൻ, ശുദ്ധീകരിക്കുന്നതിൽ വായു, ആയുധധാരികളിൽ ശ്രീരാമൻ, മത്സ്യങ്ങളിൽ സ്രാവ്, നദികളിൽ ഗംഗ, സൃഷ്ടികളിൽ ജനനമരണവും ഈശ്വരചൈതന്യം തന്നെയാണ്. ആത്മീയവിദ്യകളിൽ യുക്തിയും, അക്ഷരങ്ങളിൽ അകാരവും, വ്യാകരണത്തിൽ ദ്വന്ദ്വ സമാസവും, കാലവും, ധാതാവും, സർവതിനേയും നിഗ്രഹിക്കുന്നതിൽ മൃത്യുവും, സർവതിലേയും കീർത്തി-ഐശ്വര്യം-വാക്-ശ്രീത്വം-സ്മൃതിശക്തി-മേധാ ശക്തി-ഉറച്ചതീരുമാനത്തിന്റെ ധൃതി-ക്ഷമാശക്തിയും, സാമഗാനത്തിൽ ബൃഹത്സാമവും, ഛന്ദസ്സുകളിൽ ഗായത്രീ ഛന്ദസ്സും, മാസങ്ങളിൽ മാർഗശീർഷവും, ഋതുക്കളിൽ വസന്തവും, കളികളിൽ ചൂതുകളിയും, തേജസ്വികളിലെ തേജസ്സും, വിജയവും, ഏകാഗ്രതയും, വൃഷ്ണികളിൽ വാസുദേവനും, പാണ്ഡവരിൽ അർജ്ജുനനും, മുനിമാരിൽ വ്യാസനും, കവികളിൽ ഉശനനും, ശിക്ഷകളിൽ ദണ്ഡവും, നീതിവ്യവസ്ഥകളിൽ ധർമ്മബോധവും, രഹസ്യങ്ങളിൽ സൃഷ്ടിരഹസ്യവും, സർവചരാചരങ്ങളുടേയും ബീജവും, ചരാചരങ്ങളുടെ ആധാരവും, അനന്തമായ മറ്റുമഹത്വങ്ങളും, അനവധി മറ്റു വിഭൂതികളുമാണ് പ്രപഞ്ചത്തിലെ ഈശ്വരചൈതന്യത്തിന്റെ ആസ്തിത്വത്തെ സൂചിപ്പിക്കുന്നത്. പരമാണു മുതൽ പ്രപഞ്ചം വരെ അനുനിമിഷം ശക്തമായി പ്രവർത്തിക്കുന്നതും പ്രവർത്തിപ്പിക്കുന്നതുമായ ചൈതന്യമാണ് ഈശ്വരൻ എന്നു മനസ്സിലാക്കുക. (10:20-42)

65. പരമമായ പ്രപഞ്ച പുരുഷചൈതന്യത്തെ ദിവ്യദൃഷ്ടിയിൽ ദർശിച്ചാൽ കാണുവാൻ സാധിക്കുന്നത് മംഗളകരമായ രൂപമായിരിക്കും.കോടാനു സൂര്യന്മാരേയും, വസുക്കളേയും, അശ്വിനികളേയും, ഇന്നുവരെ കാണാത്ത പലതിനേയും, സർവചരാചരങ്ങളേയും ആ പ്രപഞ്ചചൈതന്യത്തിൽ, കാണുവാൻ സാധിക്കും (11. 5-8)

66. ആ ദിവ്യരൂപം ദർശിച്ചാൽ ആയിരക്കണക്കിന് സൂര്യന്മാരുദിച്ച അനുപമമായ ദൃശ്യം! അനേകബാഹുക്കളും, ഭാഗങ്ങളും അടങ്ങിയ വിശ്വരൂ

പത്തിൽ കത്തിജ്വലിക്കുന്ന ആദിയും മധ്യവും അന്തവുമില്ലാത്ത രൂപത്തിൽ, നിന്നുൽഗമിക്കുന്ന തേജസ് സർവതിനേയും പ്രകാശമാനമാക്കുന്നു. ഭയം തോന്നുന്ന ഈ അനന്തരൂപം പ്രപഞ്ചത്തിന്റെ ആത്മാവായിക്കാണുന്നു. ജ്ഞാനികൾ ഈ രൂപത്തിനു മുന്നിൽ നിന്നുകൊണ്ട് വന്ദിക്കുന്നു. കത്തിജ്വലിക്കുന്ന രൂപത്തിൽ ദംഷ്ട്രങ്ങളും, മുഖവും, ദിശകളറിയാത്ത രൂപവും, യുദ്ധക്ഷേത്രവും, യോദ്ധാക്കളുമെല്ലാം കാലത്തിന്റെ പ്രവാഹത്തിൽ നാശത്തിലേക്കു പ്രവഹിക്കുന്നതായ ഭയാനകമായ കാഴ്ച കാണുന്നു. നദികളെല്ലാം സമുദ്രത്തിലേക്കു പ്രവഹിക്കുന്നതു പോലെ സർവജീവജാലങ്ങളും കാലയവനികക്കകത്തേക്ക് പ്രവഹിക്കുന്നു. കത്തിജ്വലിക്കുന്ന അഗ്നിയിലേക്ക് ശലഭങ്ങൾ പറന്നു വീഴുന്നതു പോലുള്ള കാഴ്ച! സർവചരാചരങ്ങളും ഈ രൂപത്തിലേക്ക് അന്ത്യവിശ്രമത്തിനായി വേഗതയോടെയടുക്കുന്നു. ഈ പ്രപഞ്ചരൂപം ദിവ്യദൃഷ്ടിയാൽ കാണുമ്പോൾ പോലും ഭയങ്കരമായിട്ടനുഭവപ്പെടുന്നു. (11:15–31)

മൻഹാട്ടൻ പരീക്ഷണത്തിലൂടെ ആദ്യത്തെ ആറ്റംബോംബ് വികസിപ്പിച്ച്, പരീക്ഷണം നടത്തിയപ്പോൾ ദർശിച്ച ഭയാനകമായ ശബ്ദവും ദൃശ്യവും, ഡോ. റോബർട്ട് ഓപ്പൺ ഹീമർക്ക് അനുഭവവേദ്യമായപ്പോൾ അദ്ദേഹം പറഞ്ഞ വരികളുമിതിലുണ്ട്.

67. ഈശ്വരൻ കാലമാണ്. കാലത്തിന്റെ നിയോഗമനുസരിച്ച് ചെയ്യാനുള്ള ധർമ്മമനുഷ്ഠിക്കുക. നിങ്ങൾ ചെയ്യേണ്ടതെല്ലാം കാലമാണ് ചെയ്യുന്നത് അത് നിങ്ങളിലൂടെയെന്നുമറിയുക. പ്രപഞ്ചചൈതന്യത്തിന്റെ ഈ ഭയാനകമായ രൂപം പോലെ പ്രപഞ്ചത്തിന് ശാന്തമായ ഒരു രൂപവുമുണ്ടെന്നനുഭവിച്ചറിയണം. ഈ രണ്ടുരൂപങ്ങളും വേദം പഠിച്ചാലോ, തപസ്സു ചെയ്താലോ, ദാനത്തിലൂടേയോ ദർശിക്കുവാൻ സാധ്യമല്ല. ഏകാഗ്രഭാവത്തിലുള്ള ഭക്തിയോടെ മാത്രമേ ഈ ദർശനം ലഭ്യമാകുകയുള്ളു. (11: 32–55)

ഓരോപരമാണുവിലും അനന്തവേഗതയോടെ ഭ്രമണം ചെയ്യുന്ന ഇലക്ട്രോണുകളും, കറങ്ങുന്ന ന്യൂക്ലിയസ്സുമുണ്ടെങ്കിലും ആ പരമാണു ശാന്തമായിട്ടിരിക്കുന്നതുപോലെ രണ്ടു ഭാവങ്ങളുണ്ട്. അതിഭയാനകമായ വേഗത്തിൽ കറങ്ങുന്ന ഭൂമിശാന്തമായിക്കാണുന്നു. അനുനിമിഷം ഭ്രമണം ചെയ്യുന്ന സോളാർ സിസ്റ്റവും, ഗാലക്സികളും, നമ്മളിൽ വേഗതയുടെയനുഭവമല്ല ശാന്തമായ പ്രപഞ്ചത്തിന്റെ അനുഭവമാണുണ്ടാക്കുന്നത്. ഓരോ് ആറ്റത്തിലേയും ഇലക്ട്രോണുകൾ അതിവേഗത്തിൽ പായുമ്പോഴും ആറ്റങ്ങൾ കൊണ്ടു നിർമ്മിച്ചിരിക്കുന്ന മോളിക്യൂളുകൾ



Scanned with CamScanner

കൊണ്ട് നിർമ്മിച്ചിരിക്കുന്ന ലഡ്ഡു കറങ്ങുന്നില്ല. അതു ശാന്തമായിരിക്കുന്നു. ആറ്റഘടകങ്ങളുടെ തീവ്രമായ/ഭീകരമായ വേഗത ലഡ്ഡുവിലെ ശാന്തതയിൽ പ്രതിഫലിക്കുന്നില്ല.

68. ശാന്തമായി, ശ്രദ്ധയോടെ, ഏകാഗ്രതയോടെ ഈ പ്രപഞ്ചചൈതന്യത്തെ മനസ്സിൽ ധ്യാനിക്കുന്നവന്, ഈശ്വരസാക്ഷാത്കാരം എളുപ്പത്തിൽ സാധ്യമാകുന്നു. മനസ്സ് ഭൗതികമായതിനോട് ബന്ധിതമാകുമ്പോൾ, അത് അവിടെ നിന്ന് മറ്റൊരു ചിന്തയെ പ്രാപിക്കാതെ ബന്ധിതമായതിൽ തന്നെ നിൽക്കുന്നു. ഈശ്വരനിലേക്ക് പ്രയാണം ചെയ്ത മനസ്സിലെ ചിന്തകളിൽ നിന്ന് നല്ല കർമ്മങ്ങളും അതിൽ നിന്ന് നല്ല കർമ്മഫലങ്ങളും ലഭിക്കുന്നു. ഈ പന്ഥാവ് ദുഷ്കരമായവർക്ക് യോഗമാർഗം സ്വീകരിക്കുന്നതിലൂടെയും നന്മയിലേക്കെത്തിച്ചേരാം. അതും അപ്രായോഗികമണെങ്കിൽ ഈശ്വരാർപ്പണമായി സ്വന്തം കർമ്മം ധർമ്മമായിത്തന്നെ ചെയ്യുക. അതും അസാദ്ധ്യമാണെന്നു വരുകിൽ ഏതു കർമ്മം ചെയ്താലും അതിന്റെ പ്രതിഫലം ത്യജിക്കുക. (12:3-11)

ഇവിടെയാണ് വിവേകാനന്ദൻ പറഞ്ഞത് പ്രയോഗത്തിൽ വരുത്തേണ്ടത്: Never say helping say serving. അതാണ് ജനസേവ ജനാർദ്ദന സേവ, മാനവസേവ മാധവ സേവ, നരസേവ നാരായണ സേവ. വിശക്കുന്ന നായക്ക് ഭക്ഷണം കൊടുക്കുമ്പോഴും അതിലുള്ള ജീവാത്മചൈതന്യത്തിനുള്ള സമർപ്പണമാണത്.

69. കർമ്മത്തേക്കാൾ ശ്രേഷ്ഠമായത് ജ്ഞാനമാണ്. ഈശ്വര ധ്യാനമാകട്ടെ ജ്ഞാനത്തേക്കാൾ മഹത്വമേറിയതാണ്. അതിനേക്കാളും ശ്രേഷ്ഠമായതാണ് കർമ്മത്തിന്റെ പ്രതിഫലങ്ങൾ ത്യജിക്കുക എന്നത്. ഈ ത്യാഗത്തിലൂടെ ശാശ്വതമായ ശാന്തിയിലെത്തുന്നു. കർമ്മഫലവും കർമ്മപ്രതിഫലവും ചിന്തിക്കാത്ത മനസ് ശാന്തമായിരിക്കുകതന്നെ ചെയ്യും. ശാന്തനായ ഈ വ്യക്തിക്ക് ആന്തരീക ശുദ്ധി, നിഷ്പക്ഷത, ഏകാഗ്രത, അഹംഭാവമില്ലായ്മ, സമദർശിത്വം, ശത്രു-മിത്ര ഭേദമില്ലായ്മ, മാനാപമാനത്തിൽ നിന്ന് മുക്തി, ശീതോഷ്ണത്തിലെ സമവീക്ഷണം, നിന്ദാസ്തുതികളിൽ വേവലാതിയില്ലായ്മയെല്ലാം എളുപ്പത്തിൽ സാധിക്കുന്നു. (12:12-19)

70. ജീവാത്മ ചൈതന്യം തന്നെ പരമാത്മ ചൈതന്യത്തിന്റെ ഭാഗമാണ്. അതുകുടികൊള്ളുന്ന ജീവനുള്ള സർവതും, ഈശ്വരാലയമായ ക്ഷേത്രമാണ്. ജീവചൈതന്യമായ ഈശ്വരൻ നിലനിൽക്കുന്നിടത്തോളം മാത്രമാണ് ശരീരത്തിലെ പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, പഞ്ചകർമ്മേന്ദ്രിയങ്ങൾ,



Scanned with CamScanner

പഞ്ചഭൂതം ഇവ ചൈതന്യവത്താകുന്നത്. ആ ചൈതന്യം നിലനിൽക്കുന്നിടത്തോളം ആഗ്രഹം, ദ്വേഷം, സുഖം, ദുഃഖം, വേദന, ദൃഢത, വാശി എന്നിവയും നിലനില്ക്കുന്നു. (13:1-6)

ഇതിനാലാണ് ജീവാത്മ ചൈതന്യം കുടികൊള്ളുന്ന ജീവജാലങ്ങളുടെ ശരീരമായ ക്ഷേത്രത്തെ കൊന്നു തിന്നരുതെന്നു പറയുന്നത്. മാം+സ (മാം +സ = എന്ന + അത്) എന്നതു തന്നെ എന്നെ അതാക്കുന്നതാണ്. എന്നെ മൃഗമാക്കുന്നു. ജന്തുക്കൾക്കും സസ്യങ്ങൾക്കും സമ്പൂർണ നാശം വരുത്താത്ത വിധത്തിൽ അവയിൽ നിന്നുള്ളത് നമ്മളിലെ ജീവൻ നിലനിർത്താനായി സ്വീകരിക്കുക. തിന്നാൻ വേണ്ടി ജീവിക്കുന്നവരാകാതെ ജീവിക്കാൻ വേണ്ടി തിന്നുന്നവരാകുക. ഒരു ക്ഷേത്രമാകുന്ന (മൃഗ) ശരീരത്തെ കൊന്നുനശിപ്പിച്ചു മറ്റൊരു ക്ഷേത്രമാകുന്ന ശരീരം നിർമ്മിക്കുന്നതാണ് അധാർമ്മീകം.

71. എല്ലാ വ്യക്തികളിലും എല്ലാത്തരത്തിലുമുള്ള വികാരവിചാരങ്ങളുണ്ട്. നന്മ നിറഞ്ഞ വ്യക്തികളുടെ മനസ്സിൽ നിന്നുദിക്കുന്ന ചിന്തകൾ നന്മ നിറഞ്ഞതാകുമ്പോൾ അതിൽ സ്വാഭാവികമായും അഹങ്കാരം-അഭിനയം-പ്രദർശനപരത-ഹിംസ-ക്ഷമയില്ലായ്മ-എന്നിവ വളരെ കുറഞ്ഞിരിക്കുകയും, നേർവഴി-നന്മകൾ-നല്ല വാക്കുകൾ-സേവന തൽപരത-ബാഹ്യവും ആന്തരീകവുമായ ശുദ്ധി-മനോനിയന്ത്രണം, ഇന്ദ്രിയ നിയന്ത്രണം - ഭൗതീകസുഖങ്ങളോടുള്ള താൽപര്യക്കുറവും നിറഞ്ഞിരിക്കും. ബന്ധനമില്ലായ്മയും, നിസ്വാർത്ഥതയും, സമചിത്തതയും, ഭക്തിയും, ആത്മീയതയും, നിരന്തരം നിലനിൽക്കുകയും വളരുകയും ചെയ്തു കൊണ്ടുമിരിക്കും. (13:7–10)

നന്മ നിറഞ്ഞ വ്യക്തികളും അതില്ലാത്തവരും തമ്മിലുള്ള വ്യത്യാസങ്ങളിതൊക്കെയാണ്. ഇതെല്ലാം നമ്മുടെ മനസ്സിൽ എന്നു നിറയുന്നുവോ അന്നുമുതൽ നമ്മളും നന്മയുള്ളവരാണ്. അതിനാൽ തിന്മയിൽ നിന്ന് നന്മയിലേക്കുള്ള പ്രയാണം ദുർഘടമായ വഴിയല്ല. അതെളുപ്പമാണ്. മനസ്സിൽ പരിവർത്തനം വരുത്തുന്നതിലൂടെ അതു സാധിക്കും.

72. വേദോപനിഷത്തുക്കൾ പറയുന്ന പ്രജ്ഞാനം ബ്രഹ്മ എന്ന പരിശുദ്ധ ജ്ഞാനമാണ് ഈശ്വരൻ. അത് ആനന്ദം തരുന്നു. ആനന്ദമാണത്. അത് സത്തുമല്ല അസത്തുമല്ല. എല്ലാം അതിൽ ആധാരമാണ്. ആ ജ്ഞാനം ഒന്നിനോടും ബന്ധിതവുമല്ല. അതെല്ലാത്തിനകത്തുമുണ്ട് പുറത്തുമുണ്ട്. ഭൂമിയും, സൗരയൂഥവും, വായുവും, ജലവുമെല്ലാം ജീവനില്ലാത്തതാണെങ്കിൽ പോലും അതു പ്രകൃതി നിയമങ്ങളനുസരിക്കുന്നു.



Scanned with CamScanner

അതുപോലെ ജീവനുള്ളതും അതനുസരിക്കുന്നു. അതിനാൽ ഈ ജ്ഞാനം പരമാണു മുതൽ പരമമായ പ്രപഞ്ചത്തിലെ സർവതിലും നില നിൽക്കുന്നു. അതടുത്തുമുണ്ട് അകലത്തിലുമുണ്ട്. ഈ ജ്ഞാനമാണ് ഒരു സെല്ലു മുതൽ ഈ ബ്രഹ്മാണ്ഡം വരെയുള്ള എല്ലാത്തിന്റേയും സൃഷ്ടിക്കും, നിലനിൽപ്പിനും, നാശത്തിനും കാരണമാകുന്നത്. അതെല്ലാത്തിലും പ്രകാശിക്കുന്നു. എല്ലാത്തിന്റേയും, ഹൃദയത്തിലതധിവസിക്കുന്നു. എല്ലാത്തിനേയും അതിന്നകത്തു വസിച്ചുകൊണ്ട് നിയന്ത്രിക്കുന്നു. ഈ സത്യം നാമറിയണം. (13:12-18)

ഓരോ ജീവജാലവും അതിന്റെ ഇരയേയും ഇണയേയും കണ്ടെത്തുന്നതും, അതിന്റെ അവയവങ്ങൾ പ്രവർത്തിപ്പിക്കുന്നതുമെല്ലാം ഒരു വിദ്യാലയത്തിലും പോയി ആ ജീവി പഠിച്ചിട്ടല്ലല്ലോ. എല്ലാ പശുവിനും, ആടിനും, പക്ഷിക്കും, ചിത്രശലഭത്തിനും പുഴുവിനുമറിയാം എതെല്ലാം തരത്തിലുള്ള ഭക്ഷണമാണ് കഴിക്കേണ്ടതെന്ന്. അതെവിടെയുണ്ട്, അതെങ്ങിനെ തിന്നണം, എങ്ങിനെ ഗർഭം ധരിക്കണം, എങ്ങിനെ പ്രസവിക്കണം, എങ്ങിനെ കുഞ്ഞിനെ സംരക്ഷിക്കണമെന്നുമെല്ലാം അതു പുറത്തു നിന്നു പഠിച്ചതല്ല, അകത്തുനിന്നുത്ഭവിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിലാണീ പ്രവർത്തനങ്ങളെല്ലാം.

73. ഊർജ്ജത്തിന്നാദിയും അന്തവുമില്ല. അതിനാൽ ഈശ്വരചൈതന്യത്തിന്നാദിയും അന്തവുമില്ല. അത് ശരീരത്തിനകത്ത് നിലനിൽക്കുന്നിടത്തോളം ശരീരത്തിന്റെ സ്വതസിദ്ധഭാവങ്ങളും ഗുണങ്ങളും നില നിൽക്കുന്നു. ഈ ഗുണത്തിന്റേയും ദോഷത്തിന്റേയും സ്വതസിദ്ധമായ ഭാവങ്ങൾക്കാധാരം ശരീരം നിർമ്മിക്കപ്പെട്ട പ്രകൃതിയുടെ ഘടകങ്ങളാണ്. എന്നാൽ ഈ കാര്യങ്ങൾക്കാധാരമായ കാരണമാകട്ടെ ഈശ്വര ചൈതന്യമായ ജീവാത്മാവാണ്. ജീവജാലങ്ങളിലെ വികാരവിചാരങ്ങൾക്കാധാരം ശരീരം നിർമ്മിക്കപ്പെട്ട പ്രകൃതിഘടകങ്ങളും പ്രപഞ്ച ചൈതന്യമായ ജീവാത്മചൈതന്യവും (ഈശ്വരൻ) തമ്മിലുള്ള ബന്ധമാണ്. ഈശ്വരചൈതന്യം ശരീരത്തിൽ നിലനിൽക്കുന്നിടത്തോളം മാത്രമേ ചുറ്റുപാടുകളെയും ചുറ്റുപാടുകളിൽ നിന്നുള്ളതും വിവേചിച്ചറിയുവാൻ ശരീരത്തിനു സാധിക്കൂ. ഈശ്വരചൈതന്യമായ ജീവാത്മ ചൈതന്യം സാക്ഷിഭാവത്തിൽ ശരീരത്തിൽ നിലനിൽക്കുന്നു. അതുള്ളിടത്തോളം ശരീരം അനുഭൂതികളിലൂടെയും അനുഭവങ്ങളിലൂടെയും കടന്നുപോകുന്നു. ഈ ഒരറിവ് തന്നെയാണ് പരമമായ ജ്ഞാനം. ശരീരത്തിലെ പ്രകൃതിഘടകങ്ങളും ജീവാത്മ ചൈതന്യവും തമ്മിലുള്ള ബന്ധം അവസാനിക്കുന്ന അന്നു മുതൽ ശരീരം ജഡമാണ്. (13:19-23)



Scanned with CamScanner

പുളിയിലെ പുളിപ്പ് ടാർടാറിക് ആസിഡാണ്. മുളകിലെ എരിവ് കാപ്സൈസിനാണ്, കരിമ്പിലെ മധുരം സുക്രോസാണ്... ഇവയെല്ലാം അതാതിലുള്ള ദ്രവ്യങ്ങളുടെ ഗുണങ്ങളാണ്. എന്നാൽ ഇവയല്ല പുളിയുടേയും, മുളകിന്റേയും കരിമ്പിന്റേയും വളർച്ചക്കാധാരമായത്. വളർച്ചക്കാധാരമായ ചൈതന്യത്തെയാണ് ആത്മചൈതന്യമായി കണ്ടറിയേണ്ടത്. സർവചരാചരങ്ങളിലുമതുണ്ട്.

74. ഈ പരമമായ ജ്ഞാനം ചിലർക്ക് ആന്തരീകമായ കണ്ണുകൊണ്ട് ധ്യാനത്തിലൂടെ ലഭിക്കുന്നു. ചിലർക്ക് നിരന്തരം പഠിച്ച് ജ്ഞാനയോഗത്തിലൂടെ ലഭിക്കുന്നു. ചിലർക്ക് നിരന്തരമായി കർമ്മാനുഷ്ഠാനത്തിലൂടെയും ലഭിക്കുന്നു. അതേ സമയം ചിലർ ആരോ എന്തോ പറഞ്ഞു എന്ന രീതിയിൽ ചിലതു പഠിച്ച് ജ്ഞാനിയാണെന്നു ധരിച്ചു നടക്കുന്നു. (13: 24, 25)

75. എവിടെയെല്ലാമാണോ പ്രകൃതി എന്ന പദമുപയോഗിച്ചിരിക്കുന്നത് അതെല്ലാ ദൃഷ്ടിഗോചരങ്ങളായ എട്ടു വസ്തുക്കളോ വസ്തുതകളോ ആണ്. ഇത്, പൃഥ്വി - ആപസ് - തേജ - വായു - ആകാശ - മനോ - ബുദ്ധി - അഹങ്കാരങ്ങളാകുന്നു. യഥാക്രമം ഖരം, ദ്രവം, ഊർജ്ജം, തരംഗം, അയോണികം, മാനസീകം, ബുദ്ധിപരം-സ്വബോധം (അവെയർനസ്). ഈയെട്ടും പരിണാമവിധേയമാണ്, നിരന്തരം മാറിക്കൊണ്ടേയിരിക്കും. എന്നാൽ ഇവയിൽ നിരന്തരം ചൈതന്യം പകരുന്നത് പരിണാമ വിധേയമല്ലാത്ത മാറ്റമില്ലാത്ത പ്രപഞ്ച പുരുഷ/പരമാത്മ/ജീവാത്മാവാണ്. ഇത് എല്ലാത്തിലും എല്ലാവരിലും സമമായി നിലനിൽക്കുന്ന പ്രകൃതിഘടകങ്ങൾ (ശരീരം) കർമ്മങ്ങളനുഷ്ഠിക്കുന്നു. ആത്മാവ് സാക്ഷിഭാവത്തിൽ നിലനിൽക്കുന്നു. അത് ശരീരത്തെ (പ്രകൃതിയെ) ചൈതന്യവത്താക്കുന്നു. (13:26-34)

76. പ്രകൃതിയാണ് എല്ലാത്തിന്റേയും അടിസ്ഥാനം അഥവാ ആധാരം. അത് അമ്മയുടെ ഗർഭാശയം പോലെ സകലതിനും ജന്മം നൽകുക എന്ന ധർമ്മം ചെയ്യുമ്പോൾ പ്രപഞ്ച പുരുഷചൈതന്യം പിതാവിന്റെ സ്ഥാനത്ത് ബീജം പ്രദാനം ചെയ്യുന്നു. വ്യക്തിയിലുള്ള സത്വ-രജസ്-തമോഗുണങ്ങൾ പ്രകൃതിയുടേതാണ് (ശരീരഘടകങ്ങളുടേത്). ആത്മാവ് ശരീരത്തിന്റെ ഭാഗമായി മരണം വരെ നിലനില്ക്കുമ്പോഴും, അത് ശരീരവുമായി ബന്ധിതമല്ല. ഈ മൂന്നു ഗുണങ്ങൾക്കുമതീതവുമാണത്. എന്നാൽ ശരീരത്തിലെ പ്രകൃതിയിലെ സത്വഗുണങ്ങൾ ജ്ഞാനം ആർജ്ജിക്കാനും ആനന്ദത്തിനും ഇച്ഛാശക്തിയുണ്ടാക്കുന്നു. ആഗ്രഹങ്ങൾക്കും, ബന്ധങ്ങൾക്കും, ബന്ധനങ്ങൾക്കുമുള്ള ഇച്ഛാശക്തിവ്യക്തി



Scanned with CamScanner

യിലുള്ള രജോഗുണ പ്രകൃതിയുണ്ടാക്കുന്നു. അഹങ്കാരത്തിനും, അജ്ഞതക്കുമുള്ള ഇച്ഛാശക്തി വ്യക്തിയിലെ തമോഗുണ പ്രകൃതിയുണ്ടാക്കുന്നു. ഇതുതന്നെ കുറ്റകൃത്യങ്ങൾ, അലസത, ഉറക്കം എന്നിവയ്ക്കും കാരണമായിത്തീരുന്നു (14:4-8)

പല വ്യക്തികൾ പലതരത്തിൽ പെരുമാറുവാൻ കാരണമിതാണ്; അവരിലെ സത്വ-രജോ-തമോ ഗുണങ്ങൾ!

77. സത്വഗുണം ആനന്ദത്തിലും, രജോഗുണം കർമ്മനിരതമായ ശക്തിയിലും, തമോഗുണം ആലസ്യത്തിലും പര്യവസാനിക്കുന്നു. എല്ലാ വ്യക്തികളിലും ഈ മൂന്നെണ്ണത്തിലൊന്ന് മറ്റു രണ്ടിനേക്കാളും ഏറി നിൽക്കുന്നു. ഏതൊരു ഗുണമാണോ വ്യക്തിയിൽ അധികരിച്ചിരിക്കുന്നത് ആ സ്വഭാവമായിരിക്കും വ്യക്തി പ്രകടിപ്പിക്കുന്നത്. എന്നാൽ മനസ്സിലും ചിന്തയിലും നന്മയുടെ പ്രകാശം നിറയുമ്പോൾ സാത്വീകഭാവം പ്രാപിക്കുവാൻ നിരന്തര ശ്രമത്തിലൂടെ സാധിക്കുന്നു. അത്യാഗ്രഹം, അമിതാവേശം, സ്വാർത്ഥത, ഇവ രജോഗുണ പ്രകൃതിക്കാരുടെ കൂടപ്പിറപ്പാണ്. സ്വധർമ്മ വിരക്തി, നശീകരണ സ്വഭാവം, കുറ്റവാസന, ഇത് തമോഗുണക്കാരുടേതും (14 : 9-13)

താമസീക സ്വഭാവത്തിൽ നിന്ന് രാജസീക സ്വഭാവത്തിലേക്കും, അവിടെനിന്ന് സാത്വികതയിലേക്കുമുള്ള പ്രയാണമാണ് മനുഷ്യന്റെ ആത്മീയ വളർച്ച.

78. മരണാനന്തരം ആത്മാവ്, കർമ്മഫലവും ഭാരവും താങ്ങി, ആ കർമ്മഫലങ്ങളും (റിസൾട്ട്) കർമ്മഫലത്തിന്റെ പ്രതിഫലങ്ങളും (റിവാർഡ്) അനുഭവിച്ചു തീർക്കാനായി പ്രയാണം ചെയ്യുന്നു. സത്വഗുണമുള്ളവരുടെ ജീവാത്മാവ് പുനർജനനമില്ലാത്ത അവസ്ഥയിലെത്താനായി പരമാത്മ ചൈതന്യവുമായലിഞ്ഞു ചേരുന്നു. രജോഗുണമുള്ളവരുടെ ആത്മാവ് കർമ്മഫലവും പ്രതിഫലവും അനുഭവിച്ചു തീർക്കാനായി മറ്റൊരു മനുഷ്യശരീരം തെരഞ്ഞെടുത്ത് വീണ്ടും ഭൂമിയിൽ ജനിക്കുന്നു. തമോഗുണസഹിതമായ ആത്മാവ് കർമ്മഫലമനുഭവിച്ച് തീർക്കാനായി നികൃഷ്ട ജന്മവുമെടുക്കുന്നു. സത്വഗുണത്തിലെ ജ്ഞാനത്താൽ അനുദിനം ഉയർച്ചയും വളർച്ചയുമുണ്ടാകുന്നു. രജോഗുണത്തിൽ നിന്ന് ലോഭവും മോഹവുമുണ്ടായി മധ്യത്തിലധിവസിക്കുന്നു. തമോഗുണം കുറ്റ വാസനക്കും കാരണമായി വ്യക്തി അധഃപതിക്കുന്നു. നിരന്തരം നശിച്ചും ക്ഷയിച്ചും കൊണ്ടിരിക്കുന്നു. ഈശ്വരാർപണമായി കർമ്മം ചെയ്യുന്ന സാധാരണക്കാരനു പോലും മൂന്നു ഗുണത്തിനും അതീതമായ അവസ്ഥയിലെത്താൻ സാധിക്കുന്നു. (14:14-21)



Scanned with CamScanner

രാക്ഷസകുലത്തിൽ ജനിച്ച വിഭീഷണനതു സാധിച്ചു. ശബരിക്കും സാധിച്ചു. ഗുണാതീതമായ അവസ്ഥ പ്രാപിക്കുക എന്നത് നിരന്തരമുള്ള/യജ്ഞഭാവത്തിലുള്ള കർമ്മത്തിലൂടെ മാത്രമേ സാധിക്കൂ.

79. ഗുണാതീതനെന്നാൽ സമദർശനം, സാക്ഷിഭാവബോധം, ഉയർച്ച+താഴ്ച, സുഖം+ദുഃഖം ഇവയിലും വിലപിടുപ്പുള്ളതിലും സാധാരണ വസ്തുവിലും ഒരേ വീക്ഷണമുള്ളവൻ. സ്തുതിയിലും വിമർശനത്തിലും വ്യത്യാസമില്ലായ്മ, സമത്വം എന്നിവ സാധിക്കുന്നു. ഈ ഒരു മാനസീകാവസ്ഥയിലെത്തലാണ് ഗുണാതീതമായ വീക്ഷണത്തിലൂടെ സാധിക്കേണ്ടത്. (14:22 –25)

മഹാത്മാഗാന്ധിക്കും, രാമകൃഷ്ണപരമഹംസർക്കും, ശങ്കരാചാര്യർക്കും അതു സാധിച്ചു.

80. വിവരിക്കുവാൻ വിഷമമുള്ള പ്രത്യേകതരത്തിൽ നിലകൊള്ളുന്ന അവ്യക്തമായ ഒരു അശ്വത്ഥ വൃക്ഷത്തെക്കുറിച്ച് ചിന്തിക്കുക. വേരുകൾ മുകളിലും ഇലകളും ശാഖകളും ചുവട്ടിലുമായി നിലകൊള്ളുന്ന ഈ അത്ഭുതവൃക്ഷം ജ്ഞാനത്തിന്റെ പ്രതീകമാണ്. എന്നാൽ ഈ വൃക്ഷത്തിൽ സത്വഗുണ-രജോഗുണ-തമോഗുണങ്ങളായ ശാഖകളാണുള്ളത് എന്നും സങ്കൽപ്പിക്കുക. ഈ ഗുണങ്ങളുള്ള ദിശയിലേക്കാണ് ശാഖകൾ വളരുന്നതും. വേരുകളാകട്ടെ മനുഷ്യലോകത്തിലെ കർമ്മഫലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അത് ഊർജ്ജം വലിച്ചെടുത്ത് അശ്വത്ഥവൃക്ഷത്തെ വളർത്തി വികസിപ്പിക്കുന്നു. ജ്ഞാനത്തിന്റെ ഈ അശ്വത്ഥ വൃക്ഷത്തിൽ അനുദിനം വളരുന്ന വിഷയാസക്തിയുടെ ശാഖകളേയും കർമ്മഫലാസക്തിയുള്ള വേരുകളേയും നിസ്സംഗതയുടേയും ബന്ധന രാഹിത്യത്തിന്റേയും (detachment) ആയുധത്താൽ അറുത്തു മാറ്റുക. (Ignore the sensational matters and detach from the reward of action) അതിലൂടെ ജ്ഞാനവൃക്ഷത്തെ പരിശുദ്ധീകരിക്കുക (15:1–3)

81. വായുവിലെ സുഗന്ധവും ദുർഗന്ധവും താൽക്കാലികമാണ്. ഗന്ധമുണ്ടാക്കുന്ന ദ്രവ്യം മാറ്റുന്നതോടെ വായുവിൽ നിന്നതില്ലാതാകുന്നു കാരണം, വായുവിന് ഗന്ധമുള്ളതിനോട് ബന്ധനമില്ലാത്ത ബന്ധം മാത്രമുള്ളതിനാലാണ് (detached). അതേപോലെ കർമ്മഫലം കർമ്മപ്രതിഫലം ഇയിൽ ബന്ധനമില്ലാത്ത മനസ്സുമായി നിരന്തരം വളരുകയും, ഉയരുകയും ചെയ്താൽ കർമ്മബന്ധിതമല്ലാത്ത ജീവാത്മാവിനെ തിരിച്ചുവരവില്ലാത്ത വിധത്തിലുയർത്തുവാൻ സാധിക്കും. അത്യാഗ്രഹം, അഹങ്കാരം, അജ്ഞത, വികാരം, വിക്ഷോഭം.... എന്നിവയിൽ നിന്ന് മനസ്സിനെ



Scanned with CamScanner

ഉയർത്തുക. സ്വയം പ്രകാശിക്കുന്ന ബ്രഹ്മത്തിന്റെ സാക്ഷാത്ക്കാര നില വാരത്തിലേക്കുയരുക. മനസ്സുൾപ്പെടെ ആറിന്ദ്രിയങ്ങളേയും പരമാത്മാവിലർപ്പിക്കുക. ശരീരം വിട്ടുപോകുന്ന ജീവാത്മാവ് നന്മനിറഞ്ഞ ശ്രേഷ്ഠമായ ഒരു ശരീരം സ്വീകരിക്കുകയോ അഥവാ പരമാത്മ ചൈതന്യത്തിലലിയുകയോ ചെയ്യട്ടെ! നിന്റെ കർമ്മമനുഷ്ഠിക്കുക. (15:4–81)

മോക്ഷണത്തെക്കുറിച്ചോ പുനർജനനത്തെക്കുറിച്ചോ ഒന്നും ഇപ്പോൾ ചിന്തിക്കേണ്ടതില്ല. സ്വകർമ്മം നിരന്തരം അനുഷ്ഠിക്കുക!

82. ജീവാത്മാചൈതന്യമുള്ളതുകൊണ്ട് (ജീവനുള്ളതുകൊണ്ട്) മാത്രമാണ് ചെവി കേൾക്കുകയും, കണ്ണു കാണുകയും, മൂക്ക് വാസനയറിയുകയും, നാവ് സ്വാദറിയുകയും, ത്വക്ക് സ്പർശനമറിയുകയും ചെയ്യുന്നത്. ഈ വസ്തുത ജ്ഞാനികളറിയുന്നു, അജ്ഞാനികളറിയുന്നില്ല. നല്ല മനസ്സുള്ളവനിതറിയാൻ വിഷമമില്ല. (15:9–11)

അതുകൊണ്ട് ജീവചൈതന്യമായ പരമാത്മ ചൈതന്യമാണ് സത്തായിട്ടുള്ളത് എന്നറിയുക.

83. അതിസൂക്ഷ്മമായ പരമാണുവിലും, അതിമഹത്തായ പ്രപഞ്ചത്തിലും നിലനില്ക്കുന്ന ജീവാത്മ/പരമാത്മ/ഈശ്വര ചൈതന്യം സർവചരാചരങ്ങളുടേയും ചൈതന്യത്തിന്നാധാരമാണ്. ശ്വാസകോശവും, ഹൃദയവും, മസ്തിഷ്കവും, ജ്ഞാനവുമതാണ്. അത് ഏതിലെല്ലാം അധിവസിക്കുന്നുവോ (എല്ലാത്തിലും = ഈശാവാസ്യമിദം സർവം) അതെല്ലാം ഈശ്വരീയമാണ്.(15:12–19).

അതുകൊണ്ട് നാം ആരേയും പാപികളെയെന്നു വിളിക്കരുത്. നാം അമരത്വത്തിന്റെ പുത്രന്മാരാണ്. നാം ഈശ്വരചൈതന്യവാഹകരാണ്. ആ ചൈതന്യം മറ്റു ജന്തുക്കളിലുമുണ്ട്. അതുകൊണ്ടു നാം അവയേയും ആരാധിക്കുന്നു.

84. പരമമായ സത്യത്തെക്കുറിച്ചറിഞ്ഞുകഴിഞ്ഞവന് സ്വതസിദ്ധമായി ഉണ്ടാകുന്നതായ ഗുണവിശേഷങ്ങളാണ്; നിർഭയത്വം, മനഃശുദ്ധി, ആത്മസംതൃപ്തി, ധർമ്മബോധം, ഇന്ദ്രിയ നിഗ്രഹം, ഈശ്വരാരാധനാ, പവിത്രകർമ്മാനുശാസനം, പരമജ്ഞാനസമ്പാദനത്വര, സഹനശക്തി, സ്വധർമ്മബോധം, സത്യസന്ധത, നേർവഴി, നല്ല മനസ്സ്, അഹിംസ, സത്വദീക്ഷ, ദേഷ്യമില്ലായ്മ, ത്യാഗമനോഭാവം, മനഃശാന്തി, ദയ, കരുണ, അഹങ്കാരമില്ലായ്മ, മനസോന്നിദ്ധ്യയം, പരദൂഷണവിരക്തി, ബന്ധനമില്ലായ്മ, സൗമ്യത, ചപലതാമുക്തി, ചൈതന്യം, ക്ഷമ, ദൃഢത, വൃത്തി, ശുചി, ശത്രുതയില്ലായ്മ, ആത്മപ്രശംസയില്ലായ്മ. ഇത് സത്വഗുണമാണ് (16:1–3)



Scanned with CamScanner

ഈ ഗുണവിശേഷങ്ങളോരോന്നും നമ്മളിലുണ്ടാകുന്നതനുസരിച്ച് നാം നിരന്തരം വളരുന്നു, ഉയരുന്നു. അതാണ് ധന്യമായ ജീവിതം.

85. ദുഷ്പ്രവൃത്തി, വാശി, അഹങ്കാരം, അമിതാഭിമാനം, ദേഷ്യം, അജ്ഞത, തെറ്റിനെ ന്യായീകരിക്കൽ, ഇതെല്ലാം ആസുരീക ദോഷങ്ങളാണ്. ഈശ്വരീയ ഗുണങ്ങൾ ബന്ധനമില്ലായ്മക്കും ആസുരീക ദോഷങ്ങൾ ബന്ധനത്തിനും കാരണമായിത്തീരുന്നു. ഈ ഗുണദോഷങ്ങളുള്ള രണ്ടു വിഭാഗം മനുഷ്യരാണുള്ളത്. (16 : 4-6)

നമുക്കു സ്വയം പരിശോധിക്കാം നാം ഏതുവിഭാഗത്തിൽപ്പെടുന്നു എന്ന്.

86. ആസുരീക സ്വഭാവമുള്ളവർക്ക് ശരിയേത് തെറ്റേതെന്നറിയാനുള്ള ആഗ്രഹം പോലുമുണ്ടാകില്ല. അതുകൊണ്ടുതന്നെ മനസ്സും, ചിന്തയും, പ്രവൃത്തിയും ശുദ്ധമായിരിക്കില്ല. അവർ പ്രഖ്യാപിക്കും: ഈ ലോകത്തിൽ സത്യം ധർമ്മം എന്നൊന്നല്ല, എല്ലാം വൈരുദ്ധ്യാധിഷ്ഠിത ഭൗതിക വാദത്തിൽ (അപരസ്പര സംഭൂതം) നിന്നുടലെടുത്തതായതിനാൽ അത്തരത്തിലെല്ലാത്തിനേയും വിവരിക്കാം. അവർ പറയും മനുഷ്യനും മനുഷ്യന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളുമാണ് ഈ ലോകത്തിന്റെ ആധാരം. അതല്ലാതെ മറ്റെന്താണ്? (കിമന്യത് കാമഹേതുകം) ജനതയുടെ നിലനിൽപ്പിന്നാധാരമെന്ന്. സ്ത്രീ പുരുഷ സംയോഗത്തിൽ ജനനം നടക്കുന്നു. അതിൽ ദൈവീകമായിട്ടൊന്നുമില്ല എന്നും! ഇവരാണ് താമസ/(താമസീക) സ്വഭാവമുള്ളവർ (16:7,8)

ഇതിൽ നാം എവിടെ നിൽക്കുന്നു എന്നു സ്വയം പരിശോധിച്ചു വിലയിരുത്തുക.

87. ആസുര സ്വഭാവദോഷമുള്ള ഇവർ ആഗ്രഹങ്ങൾക്കടിമകളായിരിക്കും, മുദ്രാവാക്യങ്ങളിൽ എല്ലാം നിറയ്ക്കും. അജ്ഞതയാണ് ജ്ഞാനമെന്നു മറ്റുള്ളവരെ ധരിപ്പിക്കും. ഈ ലോകത്തിൽ അത്തരത്തിലുള്ള ധാരാളം പേരുണ്ട്. അഹംഭാവവും, തന്റേടവും, സ്വാർത്ഥ താൽപര്യവുമല്ലാതെ അവർക്കു മറ്റൊന്നുമുണ്ടാകില്ല. അവരുടെ വിശ്വാസം മാത്രം ശരിയെന്നവർ വാദിക്കും. സുഖമാണ് പരമമായ ലക്ഷ്യമെന്നവർ തെളിയിക്കാൻ ശ്രമിച്ച്, മരിക്കും വരെ ഈ അജ്ഞതയിൽ ജീവിക്കും. എല്ലാ കാര്യത്തിലും അവർ ഇടപെടും, അതിയായ ആഗ്രഹവും പ്രതീക്ഷയും എല്ലാവരിലും നിറയ്ക്കും. ദേഷ്യവും വാശിയും അവരുടെ കൂടെപ്പിറപ്പായിരിക്കും, ഏതു നീച പ്രവൃത്തിയും ചെയ്യും, പണവും ആഡംബരങ്ങളും കൊണ്ട് സുഖം കണ്ടെത്താമെന്നവർ വാദിക്കും, "ഇത്രയും ഞാനുണ്ടാക്കിയതാണ്, ഇന്ന് ഇത്രയുണ്ടാക്കി, ഇനിയും ഞാൻ നേടും,



Scanned with CamScanner

ഇത്രയും സ്വത്തിന്റെ അധിപനാണ് ഞാൻ, ഇനിയുമെനിക്കിത്രയും കൂടി ഉണ്ടാക്കാൻ സാധിക്കും, അവനെ ഞാൻ ശരിയാക്കും, അവന്റെ കഥ ഞാനവസാനിപ്പിക്കും, എന്നെ അവൻ മനസ്സിലാക്കിയിട്ടില്ല, ഞാനാരാണെന്നവനെ പഠിപ്പിക്കും, എന്റെ ശക്തിയവനെ ഞാൻ അറിയിക്കും, ഞാനെന്റെ കഴിവുകൊണ്ടാണ് സന്തോഷിക്കുന്നതും സുഖിക്കുന്നതും, ഞാൻ സമ്പന്നനാണ്, എനിക്ക് വേണ്ടപ്പെട്ടവർ ധാരാളമുണ്ട്, എന്നെപ്പോലെ മറ്റാരാളെക്കാണിച്ചുതാ, ഈശ്വരൻ എന്റെ കൂടെയാ, ഞാനവനു വേണ്ടതുകൊടുക്കും, എല്ലാവരേയും എന്റെ കൂടെയാക്കാനെനിക്കു കഴിയും,......എന്നീ പ്രകാരമുള്ള അജ്ഞതയും, അതിമോഹവും, ഇന്ദ്രിയസുഖത്തിനുള്ള പരക്കം പാച്ചിലും, പലതരം ചിന്തകളും കൊണ്ട് അന്ത്യത്തിൽ അവർ (താമസിക സ്വഭാവമുള്ളവർ) അഗാധ ഗർത്തത്തിൽ പതിക്കും (16:9–16)

ഈ വരികളെല്ലാം ഭഗവദ്ഗീതാ വരികളുടെ പൂർണതർജ്ജമയാണ്. വ്യാഖ്യാനം പോലുമില്ല. ഇതറിഞ്ഞ് നമ്മളിങ്ങിനെ പറയാറുണ്ടോ പറഞ്ഞിട്ടുണ്ടോ എന്നു ആത്മപരിശോധന നടത്തുക.

88. ഇവരും ദേവപ്രീതിക്കായി അനവധി അസാന്മാർഗിക, അപവിത്ര, കർമ്മങ്ങളനുഷ്ഠിക്കും. അഹങ്കാരവും, അഹമ്മതിയും, ദുശ് ശക്തിയും, വെറിയൻ സ്വഭാവവും, അത്യാഗ്രഹവും, ദേഷ്യവും, വെറുപ്പും, പാപവും, ക്രൂരതയും നിറച്ചുകൊണ്ടിവർ പ്രവർത്തിക്കും (16:17–20)

89. നരകത്തിലേക്ക് മൂന്നു വാതിലുകളാണുള്ളത്; അത്യാഗ്രഹം, ദേഷ്യം, പിശുക്ക്. നന്മയുള്ളവർ ഇതു മൂന്നും ത്യജിക്കണം. ഈ മൂന്നു നശീകരണ വികാരവും ത്യജിച്ചവർക്ക് ശാന്തി സുനിശ്ചിതമാണ്. ധർമ്മ മാർഗമുപേക്ഷിച്ച് സ്വച്ഛന്ദം വിഹരിക്കുന്നവർക്ക് പരമമായ അവസ്ഥയിലെത്താൻ വിഷമമാണ്. അതിനാൽ ധർമ്മത്തിന്റെ പന്ഥാവിലേക്ക് തിരിയുക, അതിലൂടെ ചരിക്കുക (16:21–24)

90. ഈ പ്രപഞ്ചത്തിലെ, പ്രകൃതിയിലെ സർവചരാചരങ്ങളിലും സ്ഥാവരജംഗമങ്ങളിലും, വികാര വിചാരങ്ങളിലും എല്ലാത്തിലുമുള്ള ഗുണങ്ങളെ അഥവാ സ്വതസിദ്ധഭാവങ്ങളെ മൂന്നായി വിഭജിക്കാം. സാത്വികം, രാജസീകം, താമസികം. വിശ്വാസങ്ങൾ, സാത്വീകവിശ്വാസം, രാജസീക വിശ്വാസം, താമസീക വിശ്വാസം എന്നീ പ്രകാരമുണ്ട്. ഇതിലേതിലൂടെ വിശ്വാസി ചരിക്കുന്നുവോ അവനതായിത്തീരുന്നു. അത് യഥാക്രമം നന്മയുടെ ഈശ്വരാരാധനയുടെ പന്ഥാവ്, വികലമായ ഈശ്വരാരാധനയുടെ പന്ഥാവ്, വികൃതമായ ആസുരീക/ഭൂത/പ്രേത ആരാധനയുടെ പന്ഥാവ് ഇവയാണ്. സാത്വിക-രാജസിക-താമസിക രീതിയിലുള്ള



Scanned with CamScanner

ആരാധനാ വഴി ചിലർ അധാർമ്മിക കർമ്മങ്ങൾ അഹങ്കാരത്തോടെ പ്രദർശിപ്പിക്കാനായി, അത്യാഗ്രഹത്തോടെ, അതിന്റെ ഫലത്തോടുള്ള ബന്ധനത്തോടെ യഥാർത്ഥ ഈശ്വരാരാധനയല്ലാതെ ആചരിക്കുന്നു. അത് രാജസീക താമസീക വിശ്വാസത്തിന്റെ പ്രതീകമാണ്. (17:1-7)

91. ആഹാരവും മൂന്നുവിധത്തിലുണ്ട്; ദീർഘായുസ്സിനും, ബുദ്ധിക്കും, ശക്തിക്കും, ആരോഗ്യത്തിനും, സന്തോഷത്തിനും, ചടുലതക്കും, ഉതകുന്നതും മിതമായി മധുരമുള്ളതും എന്നാൽ എരിവും, പുളിയും, ചവർപ്പും, ഉപ്പും കുറഞ്ഞതുമായ ഈ ഭക്ഷണമാണ് സാത്വികഭക്ഷണം. കയ്പ്, പുളി, എരിവ്, ചവർപ്പ്, വയറു കത്തുന്ന അനുഭവമുണ്ടാക്കുന്നതുമായ ഭക്ഷണം രാജസീക ഭക്ഷണം. പകുതി വേവിച്ചത്, പകുതി പാകമായത്, ദുർഗന്ധമുള്ളത്, മലിനമായത്, അശുദ്ധമായത് എന്നിവയെല്ലാം താമസിക ദോഷമുള്ള ഭക്ഷണമാണ്. (17:8-10)

92. ത്യാഗങ്ങളും യജ്ഞങ്ങളും പോലും ഈ മൂന്നു വിഭാഗത്തിൽപെടുത്താവുന്നതാണ്. സമർപ്പണ ബോധത്തോടെ, യജ്ഞഭാവത്തിൽ, ഈശ്വരാർപ്പണമായി, സർവചരാചരങ്ങൾക്കും, പ്രകൃതിക്കും, നന്മ വരുത്തുന്നവീക്ഷണത്തോടെ, അനുനിമിഷം നന്മ മനസ്സിൽ നിറച്ച്, കർമ്മത്തിനോട് അമിതാഗ്രഹങ്ങളില്ലാതെ, ധർമ്മമായിട്ടനുശാസിക്കുന്ന ത്യാഗം സാത്വിക ത്യാഗമാണ്. പ്രദർശിപ്പിക്കാനും പേരിനും പ്രസിദ്ധിക്കും വേണ്ടിയും, അമിത പ്രതീക്ഷയുമായും ചെയ്യുന്ന ത്യാഗങ്ങളും യാഗങ്ങളും രാജസീകമാണ്. അധാർമ്മീകമായതും, ദാനവും ദക്ഷിണയും കൊടുക്കാതെയും, വിശ്വാസമില്ലാതെയും, നശീകരണലക്ഷ്യത്തോടെയുള്ളതുമായ ത്യാഗങ്ങൾ/യാഗങ്ങൾ താമസികവുമാണ് (17:11-13)

93. മൂന്നുതരത്തിലുള്ള ശാരീരിക തപസ്സാണുള്ളത്. ഈശ്വര-ഗുരു-ജ്ഞാനികളെ ആരാധിക്കുന്ന, പരിശുദ്ധമായ, സംതൃപ്തിയോടെയുള്ള, ദ്രോഹരഹിത വേദനാരഹിതമായ തപസ്സാണ് സാത്വികമായ ശരീര തപസ്സ്. ശാന്തമായതും, സത്യമായതും, പ്രിയമായതും, അഹിതമല്ലാത്തതും, ജ്ഞാനപ്രദമായതും, ചൈതന്യവത്തായതുമായ വാക്കുകൾ പ്രയോഗിക്കുന്ന തപസ്സാണ് സാത്വിക വാക്കുകൊണ്ടുള്ള തപസ്. സന്തോഷകരവും, സൗമ്യവും, മൗനത്തിലാധാരമായതും, ചപലമല്ലാത്തതും, സ്വയം മാനസീക നിയന്ത്രണമുള്ളതും, ഭാവശുദ്ധിയുള്ളതുമായ തപശ്ചര്യയാണ് മാനസീക തപസ്. ഇതലെ ഫലമാകട്ടെ ശാശ്വത നന്മയും. മൂന്നുതരത്തിലുള്ള മാനസിക തപസ്സുണ്ട്. സാത്വികം, രാജസികം, താമസികം, ശ്രദ്ധയോടെ പ്രായശ്ചിത്തഭാവത്തോടെ, പൂർണമനസ്സോടെ മാനസീക



Scanned with CamScanner

ബന്ധനങ്ങളിൽ നിന്ന് മോചനത്തിനും ഈശ്വര സാക്ഷാത്ക്കാരത്തിനുമായി ചെയ്യുന്നത് സാത്വികതപസ്സ്. പേരിനും പ്രസിദ്ധിക്കും സ്വാർത്ഥലാഭത്തിനും, താൽക്കാലികസുഖത്തിനുമായി ചെയ്യുന്നത് രാജസീകമായ തപസ്. നശീകരണ മനസ്സോടെയും, വാശി, പക, വിദ്വേഷത്തോടെയുമനുഷ്ഠിക്കുന്നത് താമസീക തപസ്. ഇതിന്റെ ഫലമാകട്ടെ നാശവും മാനസീക അപഭ്രംശവും. (17:14-20)

ധ്രുവന്റേത് സാത്വികതപസ്, വിശ്വാമിത്രന്റേത് രാജസീക തപസ്. രാവണന്റേത് താമസികമതപസ്.

94. ധർമ്മബോധത്തോടെയും, അനുയോജ്യമായ വ്യക്തികൾക്കും, അനുയോജ്യസ്ഥലത്തും, കാലത്തും, തിരിച്ചൊന്നും പ്രതീക്ഷിക്കാതെ നന്മമാത്രം ലക്ഷ്യമാക്കി നൽകുന്ന ദാനമാണ് സാത്വികദാനം. അനുയോജ്യമല്ലാത്ത വ്യക്തി, സ്ഥലം, കാലം ഇവയിൽ ആർക്കോ വേണ്ടി പൂർണമനസ്സില്ലാതെ ബലാൽക്കാരമെന്നപോലെ, തിരിച്ച് വലുത് പ്രതീക്ഷിച്ചു നൽകുന്നത് രാജസീകദാനം. അനുയോജ്യമല്ലാത്ത വ്യക്തിക്ക്, പല ദേശത്തിൽ വെച്ച്, പല സമയത്ത് കൊടുക്കുന്നതും, പ്രതിഫലം പ്രതീക്ഷിച്ചുകൊടുക്കുന്നതും, തിന്മയുടെ ഫലം തരുന്നതും പകയോടെ, പ്രതികാരത്തോടെ നൽകുന്നതുമായത് താമസീകദാനം. മന്ത്രങ്ങളും ഓംകാരവും ജപിച്ച് അനുഷ്ഠിക്കുന്ന കർമ്മങ്ങൾ, ഓം തത് സത് ജപിച്ചു ചെയ്യുന്നതുമായ എല്ലാ നന്മ നിറഞ്ഞ കർമ്മങ്ങളും യജ്ഞം പോലെ പവിത്രമാണ്. അത് സാത്വികമാണ്. അപവിത്രമായതിനെ പോലും പവിത്രമാക്കുന്നു.

ഈ മൂന്നുവിധ ആഹാരം കഴിക്കുന്നവരും, തപസ്സു ചെയ്യുന്നവരും, ത്യാഗം സഹിക്കുന്നവരും, ശാരീരിക കർമ്മം ചെയ്യുന്നവരും, ദാനം ചെയ്യുന്നവരും നമ്മുടെയിടയിലുമുണ്ട്. നാം ഏതു വിഭാഗത്തിൽപെടുന്നു? (17: 21-23)

95. ആഗ്രഹങ്ങൾ ജനിപ്പിക്കുന്നതും ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനായി ചെയ്യുന്നതുമായ കർമ്മങ്ങൾ വേണ്ടെന്നു വെക്കലാണ് സന്യാസം. മറ്റു ചിലരുടെ അഭിപ്രായത്തിൽ കർമ്മഫലങ്ങൾ വേണ്ടെന്നു വെക്കുന്നതും സന്യാസമാണ്. ചിലർ പറയുന്നു, എല്ലാ കർമ്മങ്ങളിലും അൽപമെങ്കിലും തിന്മകളുണ്ടാകാൻ സാധ്യതയുള്ളതിനാൽ എല്ലാ കർമ്മങ്ങളും വേണ്ടെന്നു വെക്കലാണ് സന്യാസമെന്ന്. യഥാർത്ഥത്തിൽ ത്യാഗസഹിതമായ സന്യാസചര്യപോലും മൂന്നുവിധമുണ്ട്. യജ്ഞഭാവത്തോടു കൂടിയ സന്യാസമാണ് ശരി. അതിനുതകുന്ന കർമ്മങ്ങൾ ചെയ്തേ മതിയാകൂ. ആ കർമ്മങ്ങൾ മനുഷ്യനെ ശുദ്ധീകരിക്കുന്നു.



Scanned with CamScanner

അതിനാൽ ത്യാഗം, തപസ്, ദാനം, പരസഹായം ഇവയെല്ലാം മാനസീക ബന്ധനങ്ങളില്ലാതെയനുഷ്ഠിക്കണം. എന്നാൽ സന്യാസത്തിന്റെ പേരിൽ സ്വന്തം ധർമ്മം ത്യജിക്കുന്നതും അജ്ഞതകൊണ്ട് സ്വധർമ്മം അനുഷ്ഠിക്കാതിരിക്കുന്നതും താമസീകമായ ത്യാഗവും സന്യാസവുമാണ്. എല്ലാ കർമ്മവും ഒരു ഭാരമാണെന്നും ദുഃഖമാണെന്നും വിചാരിച്ച് കർമ്മമെല്ലാം ഉപേക്ഷിച്ച് മറ്റു ഫലങ്ങൾ പ്രതീക്ഷിച്ച് ചെയ്യുന്നത് രാജസീക സന്യാസമാണ്. തിരിച്ചൊന്നും പ്രതീക്ഷിക്കാതെ നല്ല മനസ്സോടെ സ്വധർമ്മമനുഷ്ഠിച്ച് മറ്റെല്ലാം ത്യജിക്കുന്ന സന്യാസം സാത്വികമാണ്. സാത്വികസന്ന്യാസത്തിലൂടെ താൽക്കാലിക സന്തോഷവും, സുഖവും, ബന്ധനവും ഒന്നും പ്രതീക്ഷിക്കാതെ അനുഷ്ഠിക്കുമ്പോൾ അത് ശാശ്വതമായ നന്മക്കു കാരണമായിത്തീരുന്നു. മനുഷ്യനായി ജനിച്ചവന് എല്ലാ പ്രവൃത്തികളും ഉപേക്ഷിക്കാൻ സാധ്യമല്ല. അതിനാൽ കർമ്മഫലങ്ങൾ ത്യജിക്കുന്നതു തന്നെ ലളിതമായ സാത്വികസന്യാസം. പലകർമ്മങ്ങൾക്കും ഇഷ്ടമുള്ള ഫലം, ഇഷ്മില്ലാത്ത ഫലം, മിശ്രഫലം എന്നീ പ്രകാരം മൂന്നു തരത്തിലുള്ള ഫലങ്ങളുണ്ട്. നല്ല സന്യാസിക്ക് ഈ മൂന്നു തരത്തിലുള്ള ഫ്വങ്ങളും പ്രശ്നമാകുന്നില്ല. സന്യാസിക്ക്, കർമ്മയോഗവും ജ്ഞാനയോഗവും ഒരേലക്ഷ്യവും മാർഗവും നൽകുന്നു. കര്മ്മത്തിന്നാധാരം, കർമ്മം ചെയ്യുന്നവൻ, കർമ്മേന്ദ്രിയങ്ങൾ, വ്യത്യസ്ഥകർമ്മങ്ങൾ, കർമ്മത്തിന് സാക്ഷിത്വം വഹിക്കുന്ന ആത്മാവ്, ഈ അഞ്ചും ജ്ഞാനയോഗിക്കും കർമ്മയോഗിക്കും ഒരു പോലെയാണ്. ജ്ഞാനയോഗിയും കർമ്മയോഗിയും ഇവിടെ ഒത്തു ചേരുന്നു. (18:1-15)

96. അറിയുന്നവൻ, അറിവ്, അറിയുന്ന വസ്തു, ഇവ ജ്ഞാനിക്ക്, കർമ്മമാർഗം നല്കുന്നു. അതേപോലെ കർമ്മം ചെയ്യുന്നവന് കർമ്മി, കർമ്മേന്ദ്രിയങ്ങൾ, കർമ്മം ഇത് ജ്ഞാനമാർഗം തരുന്നു. പരമമായ സത്യത്തെക്കുറിച്ചുള്ള പരമമായ ജ്ഞാനമുള്ളവന്റെ ജ്ഞാനം സാത്വികജ്ഞാനം, സത്യം പലതാണെന്നറിയുന്നവന്റെ ജ്ഞാനം രാജസീകം, അറിഞ്ഞത് ഏതാണോ അതുമാത്രമാണ് ജ്ഞാനമെന്നറിഞ്ഞു നടക്കുന്നവന്റെ ജ്ഞാനം താമസീകം (18:18-22)

97. പ്രതിഫലേച്ഛയില്ലാതെ ധാർമ്മീകമായി ചെയ്യുന്നത് സാത്വീകകർമ്മം. കഠിനമായി പ്രയത്നിച്ച് ആഗ്രഹത്തോടെ ചെയ്യുന്നത് രാജസീക കർമ്മം. അജ്ഞത കൊണ്ടും പരദ്രോഹത്തിലൂടെയും, നശീകരണാത്മകമായും ചെയ്യുന്നത് താമസീക കർമ്മം. ബന്ധനങ്ങളും, അഹങ്കാരവുമില്ലാതെ, ഉറച്ച മനസ്സോടെയും ചൈതന്യത്തോടെയും, ജയപരാജയങ്ങളെക്കു

റിച്ച് വേവലാതിയില്ലാതെയും കർമ്മം ചെയ്യുന്നവനാണ് സാത്വികകർമ്മയോഗി. ഫലപ്രതീക്ഷയോടെ, കർമ്മഫലത്തോട് ബന്ധനസ്ഥനായി, അത്യാഗ്രഹത്തോടെ, ആസുരീക സ്വഭാവത്തോടെ, സുഖദുഃഖങ്ങൾക്കടിമയായി പ്രവർത്തിക്കുന്നവർ രാജസീകഗുണമുള്ള കർമ്മയോഗി. ആത്മനിയന്ത്രണമില്ലാതെ, സംസ്കാരശൂന്യനായി, വാശിയോടെ, ചതിക്കുന്നവനായി, ചൂഷണം ചെയ്ത്, നീചഹൃദയത്തോടെ പ്രവൃത്തിക്കുന്നവൻ താമസിക സ്വഭാവമുള്ളവൻ (18:23-28)

98. ഭയവും നിർഭയവും, ധർമ്മവും അധർമ്മവും, നല്ലതും ചീത്തയും, ചെയ്യേണ്ടതും ചെയ്യരുതാത്തതും തിരിച്ചറിയുന്നത് സാത്വിക ബുദ്ധി. ഇത് തിരിച്ചറിയാൻ കഴിയാത്തത് രാജസിക ബുദ്ധി. അധർമ്മത്തിൽ ധർമ്മത്തേയും, പലതും വിപരീതമായും വക്രമായും കാണുന്നത് താമസിക ബുദ്ധി. ഉറച്ച നന്മ നിറഞ്ഞ മനസ്സിൽ നിന്നുയരുന്ന തീരുമാനമാണ് സാത്വികധൃതി. ആഗ്രഹങ്ങളും, ബന്ധനങ്ങളും, സ്വാർത്ഥതാൽപര്യവുമുള്ള തീരുമാനങ്ങൾ രാജസീക ധൃതി. ദുഷ്ടബുദ്ധിയോടെയും ലക്ഷ്യത്തോടെയും, തളർന്നും, മടിച്ചും, ദുഃഖത്തോടെയുമുള്ള മനസ്സിൽ നിന്നുയരുന്നത് താമസിക ധൃതി. സന്തോഷവും സുഖവും മൂന്നുവിധമുണ്ട്. ധ്യാനത്തിലൂടെയും ഈശ്വരാരാധനയിലൂടെയും അനുഭവിക്കുന്ന സുഖപര്യവസാനിയായ സന്തോഷം സാത്വിക സന്തോഷം/അഥവാ സുഖം. ആദ്യം അത് ദുഃഖപൂരിതമാകാം പിന്നീട് ശാശ്വത സന്തോഷത്തിനും സുഖത്തിനും കാരണമായിത്തീരുന്നു. പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവിക്കുന്ന സുഖം ആദ്യം മധുരമുള്ളതായിട്ടനുഭവപ്പെടും, പിന്നീടത് ശ്വാശ്വത ദുഃഖത്തിനു കാരണമായിത്തീരും. അത്തരം സുഖവും സന്തോഷവും രാജസീകം. സന്തോഷമുള്ളതുപോലെയും സുഖമുള്ളതുപോലെയും ആദ്യം തോന്നുകയും അത് പര്യവസാനിക്കുന്നത്; ഉറക്കം, അലസത, കുറ്റകൃത്യങ്ങൾ എന്നിവയിലായിത്തീരുകയും ചെയ്യുമ്പോൾ അത് താമസിക സുഖ / സന്തോഷമാണ് (18: 30-39)

99. സത്വരജസ്തമോഗുണദോഷങ്ങളില്ലാത്തതായിട്ടൊന്നും ഈ ലോകത്തിലും പ്രപഞ്ചത്തിലുമില്ല. അവയെല്ലാം പ്രകൃതിയുടെ - ഭാഗമായ സ്ഥിതിക്ക് പ്രകൃതിയിൽ സൃഷ്ടിക്കപ്പെട്ട എല്ലാത്തിലും ഈ ഗുണദോഷങ്ങൾ കൂടിയും കുറഞ്ഞുമിരിക്കും. ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രരേയും ഈ മൂന്നു ഗുണങ്ങളുടേയും അടിസ്ഥാനത്തിലാണ് നിർവചിച്ചിരിക്കുന്നത്. മനസ്സും ഇന്ദ്രിയങ്ങളും നിയന്ത്രിക്കാനുള്ള കഴിവ്, പവിത്ര കർമ്മാനുഷ്ഠാനത്തിലുള്ള പ്രതിബദ്ധത, ബാഹ്യവും ആന്തരീ



Scanned with CamScanner

കവുമായ ശുദ്ധി, മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾക്ക് മാപ്പുകൊടുക്കാനുള്ള മനസ്, മാനസീക കുടിലതയില്ലായ്മ, നേർവഴിക്കുള്ള പെരുമാറ്റം പരമമായ ജ്ഞാനാർജ്ജവത്തിലുള്ള വിശ്വാസം, ആത്മീയതയിലും ആത്മാവിലുമുള്ള അടിയുറച്ച വിശ്വാസം, ഈശ്വരസാക്ഷാത്ക്കാരത്തിനുതകുന്ന പന്ഥാവ് ഇവയെല്ലാമുള്ളവനെ ബ്രാഹ്മണനെന്നു പറയുന്നു. ധൈര്യം, നിർഭയത്വം, ദൃഢത, ധീരത, ശത്രുവിനെ കീഴടക്കാനുള്ള മനോബലം, ദാനം ചെയ്യാനുള്ള മനസ്, ഈ ഗുണങ്ങളാർക്കാണോ ഉള്ളത് അവനെ ക്ഷത്രിയനെന്നു പറയുന്നു. കൃഷി, കന്നുകാലി വളർത്തൽ, സത്യസന്ധമായി വ്യാപാരവ്യവഹാരങ്ങൾ എന്നിവ ചെയ്യുന്നവരെ വൈശ്യരെന്നും പറയുന്നു. സമൂഹത്തിൽ സേവനകർമ്മങ്ങൾ ധർമ്മമായും ഉപജീവനമാർഗമായും സ്വീകരിച്ചിരിക്കുന്നവരെ ശൂദ്രരെന്നും പറയുന്നു. അതാതു കർമ്മധർമ്മത്തിലൂടെ ഓരോരുത്തർക്കും സമ്പന്നമായി ജീവിക്കാം. മഹത്വക്കുറവുണ്ടെന്നു തോന്നുമെങ്കിലും സ്വധർമ്മാനുഷ്ഠാനമാണ് ശ്രേഷ്ഠമായിട്ടുള്ളത് (18:40–48)

100. ജ്ഞാനയോഗി എങ്ങിനെയാണ് കർമ്മാതീതനാകുന്നത്? പവിത്ര മനസ്, ബുദ്ധി, നിയന്ത്രിത ഭക്ഷണം-വാക്ക്-ചക്ഷു എന്നിവയുണ്ടാകണം. മനോനിയന്ത്രണത്തിന് പറ്റിയ സ്ഥലത്ത് വസിച്ച്, ആസക്തിയും വിരക്തിയുമില്ലാത്ത അവസ്ഥയോടെ അഹങ്കാരം, ഹിംസാ, വാശി, പക, അത്യാഗ്രഹം, കാമം, ദേഷ്യം, ആഡംബരം ഇവയൊന്നുമില്ലാതെ ജീവിക്കുന്നവനും, ഈശ്വരാർപണമായി ജീവിക്കുന്നവനും, അന്ത്യത്തിൽ ഈശ്വരനെ പ്രാപിക്കുന്നവനുമാണ്, ജ്ഞാനയോഗി. അതേ സമയം കർമ്മയോഗിയാകട്ടെ, ഈശ്വരാർപണമായി ബന്ധനമില്ലാതെ കർമ്മം ചെയ്തുകൊണ്ടേയിരിക്കുന്നു. ഈശ്വരനിൽ ഏകാഗ്ര ഭാവത്തോട മനസ്സുറപ്പിച്ചു സ്വധർമ്മം ചെയ്യുന്നവൻ കർമ്മയോഗിയാകുന്നു. പ്രകൃതി ഓരോ വ്യക്തിയേയും കർമ്മം ചെയ്യുവാൻ നിർബന്ധിതനാക്കുക തന്നെ ചെയ്യും. സർവജീവികളേയും കർമ്മചക്രത്തിലൂടെ തിരിക്കുന്നത് പ്രകൃതിയാണ്. ആ കർമ്മചക്രം, യന്ത്രം പോലെ തിരിഞ്ഞു കൊണ്ടിരിക്കുന്നു. ആ കർമ്മചക്രത്തിന്റെ ഭാഗമാകുവാൻ സാധിക്കുന്നവനാണ് കർമ്മയോഗി. ഞാൻ കർമ്മം ചെയ്യില്ലെന്നു പറഞ്ഞു മാറി നിൽക്കാൻ ഒരാൾക്കും സാദ്ധ്യമല്ല. കർമ്മമണ്ഡലത്തിൽ പൂർണമായി പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നവനെ പ്രകൃതി തന്നെ സംരക്ഷിക്കുന്നു. കർമ്മമണ്ഡലത്തിൽ പൂർണമനസ്സോടെ നിമഗ്നനാകുമ്പോൾ മറ്റെല്ലാ കാര്യങ്ങളും ത്യജിക്കുക/മറക്കുക. ആ കർമ്മയോഗിയെ പ്രകൃതി തന്നെ സംരക്ഷിക്കും എന്ന് ഉറച്ച മനസ്സോടെ അറിയുക. അവനാണ് ഈശ്വരസാക്ഷാ



Scanned with CamScanner

ത്ക്കാരം ലഭിച്ച കർമ്മയോഗി. അതാണ് അന്ധവിശ്വാസങ്ങളിൽ നിന്നും, ദുരാചാരങ്ങളിൽ നിന്നും, അജ്ഞതയിൽ നിന്നുമുള്ള മോചനമാർഗ്ഗവും. (18: 50-69)

101. എവിടെയാണോ ആത്മീയതയുടെ പ്രതീകമായ യോഗേശ്വര കൃഷ്ണനുള്ളത്, എവിടെയാണോ ശാസ്ത്രത്തിന്റെ പ്രതീകമായ ധനുർധാരിയായ അർജ്ജുനനുള്ളത്, അവിടെ നന്മയും, വിജയവും, മഹത്വവും, ചൈതന്യവും, ധർമ്മവും, ഉണ്ടാകുക തന്നെ ചെയ്യും (18:78).

## ഭഗവദ്ഗീതാ മാഹാത്മ്യം.....!

നമ്മളിലും ഇതു രണ്ടും സമഞ്ജസമായി നിലകൊള്ളട്ടെ! ആധുനിക കാലഘട്ടത്തിൽ, അൻപത്തിയൊന്നര നൂറ്റാണ്ട് പഴക്കമുള്ള ഭഗവദ്ഗീതയുടെ പ്രസക്തിയെന്ത് എന്ന ചിന്തക്കാധാരമായ കുറേ വസ്തുതകളുണ്ട്!

ആൽബർട്ട് ഐൻസ്റ്റീൻ പറയുമായിരുന്നുവത്രെ എന്റെ സിദ്ധാന്തങ്ങൾക്കും കണ്ടുപിടിത്തങ്ങൾക്കും ആവേശകരമായിരുന്നത്, ഭഗവദ്ഗീതയിലെ വീക്ഷണമാണെന്ന്. അദ്ദേഹം ജീവിതത്തിന്റെ അവസാനത്തെ പത്തു വർഷക്കാലവും ഭഗവദ്ഗീതയുമായിട്ടായിരുന്നു ജീവിതയാത്ര ചെയ്തിരിക്കുന്നത്. ഭഗവദ്ഗീതയുടെ വിശ്വരൂപ ദർശന അദ്ധ്യായത്തിലെ വിവരണത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ശാസ്ത്രീയ മതം 'കോസ്മിക് റിലിജിയൻ ഐൻസ്റ്റീൻ സ്ഥാപിച്ചു. ആദ്യത്തെ ആറ്റംബോംബു പരീക്ഷണം നടത്തി, അതിന്റെ അത്യത്ഭുതകരമായ ദൃശ്യവും ശബ്ദവും അനുഭവിച്ചപ്പോൾ ആ പരീക്ഷണത്തിന് നേതൃത്വം നൽകിയ ഡോ. ഓപ്പൺ ഹീമറും ഉദ്ധരിച്ചത് ഭഗവദ്ഗീതയാണ്. ബെർക്ക്ലി യൂണിവേഴ്സിറ്റിയിലെ പ്രസിദ്ധ പ്രൊഫസർ തന്റെ പുസ്തകത്തിലുദ്ധരിച്ചിരിക്കുന്നതും ഗീതയാണ്. സെൽഫ് അവയർ യൂണിവേഴ്സ് എന്ന പുസ്തകത്തിൽ ലോകപ്രശസ്ത ശാസ്ത്രജ്ഞനായ പ്രൊഫ. അമിത് ഗോസ്വാമി അനവധി ഭഗവദ്ഗീതാ ശ്ലോകങ്ങളുദ്ധരിച്ചുകൊണ്ടാണ് അത്യത്ഭുതകരമായ ആ ഫിസിക്സ് ഗ്രന്ഥം രചിച്ചിരിക്കുന്നത്.

റഷ്യയിലെ മുൻപ്രസിഡന്റ് ഗോർബച്ചേവ്, അന്താരാഷ്ട്ര നിരായുധീകരണ സെമിനാർ ഉദ്ഘാടനം ചെയ്ത് പ്രസംഗമാരംഭിച്ചത് ഗീതാശ്ലോകമുദ്ധരിച്ചുകൊണ്ടാണ്. ഹാർവാഡ് യൂണിവേഴ്സിറ്റിയിൽ മാനേജ്മെന്റ് പഠനത്തിന്റെ ഭാഗമാക്കിയിരിക്കുന്നു ഗീത. ഗീതയിൽ നിന്നാണ് ധർമ്മ ബേസ്ഡ് മാനേജ്മെന്റ് എന്ന വിഷയം തന്നെ ഉണ്ടായത്. ധർമ്മ



Scanned with CamScanner

ബേസ്ഡ് കാപ്പിറ്റലിസം/ സോഷ്യലിസം.... എന്നീ പദപ്രയോഗങ്ങൾ പോലും ഗീതയിൽ നിന്നുത്ഭവിച്ചു.

ഇന്ന് ഗീത ലോകമെമ്പാടുമുള്ള ചിന്തകർക്കും പണ്ഡിതർക്കും ശാസ്ത്രജ്ഞന്മാർക്കും അതിനൂതനാശയങ്ങൾ പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന ഗ്രന്ഥമാണ്. അതിലെ ചിന്താധാരകളുടെ വ്യാപ്തിയും അഗാധതയും ശാസ്ത്രം പുരോഗമാക്കുന്നതിനു സമാന്തരമായി ഉയർന്നുകൊണ്ടേയിരിക്കുന്നു. ജാതി മത ഇസ-വിശ്വാസങ്ങൾക്കതീതമായി ഭഗവദ്ഗീത വളർന്നുകൊണ്ടേയിരിക്കുന്നു.

എന്നും മനസ്സിലോർമ്മയിരിക്കട്ടെ! പ്രഭാതത്തിലെ സ്നാന ജലം ഗംഗാജലമാണെന്നു സ്മരിക്കുക. സ്നാനത്തിനു ശേഷം 21 ഗായത്രിമന്ത്രം ജപിക്കുക. അതിനു ശേഷം ഗീതാശ്ലോകങ്ങൾ ധ്യാനനിരതനായി ചൊല്ലുക. ഏത് സങ്കീർണപ്രശ്നങ്ങൾ വരുമ്പോഴും ഗോവിന്ദനെ മനസ്സിൽ സ്മരണയുണ്ടാകട്ടെ.

ഈ വരിയോർമ്മിക്കുക! Geetha becomes the new manthra for the big business community in US. (Business week US) ലെ ഈ തലക്കെട്ടുള്ള സുദീർഘ ലേഖനത്തിന്റെ പ്രായോഗികത ലോകമെമ്പാടും ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്നു! നമുക്കുമത് സ്വീകരിച്ചുകൂടെ! ജാതിക്കും മതത്തിനും വർഗവർണ ഭാഷാ ദേശ ഇസ വിശ്വാസങ്ങൾക്കുമതീതമായി ഭഗവദ്ഗീത എല്ലാവരും സ്വീകരിക്കുന്ന കാലം അധിക വിദൂരമല്ല.

രാഷ്ട്രായ സ്വാഹാ രാഷ്ട്രായ ഇദം നമഃ

ശ്രീകൃഷ്ണായ സ്വാഹാ ശ്രീകൃഷ്ണായ ഇദം ന മമ

*



Scanned with CamScanner

കർമ്മത്തെ ധർമ്മമായിട്ടനുശാസിക്കുക!
ജീവിതം ധന്യവും പ്രയോജനപ്രദവുമാക്കുക!
പൂർണ്ണമനസ്സോടെ കർമ്മനിരതരാകുക!
എത്രകാലം ജീവിക്കുന്നു എന്നതല്ല പ്രധാനം !
ജീവിക്കുന്നിടത്തോളം ധന്യജീവിതം നയിക്കുക!
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ!

നന്മനിറഞ്ഞ മനസ്സിന്റെ ഉടമയാകുക!
നല്ല മനസ്സിലേ നല്ല ചിന്തകളുണ്ടാകൂ!
നല്ല ചിന്തകളാണ് നല്ല കർമ്മങ്ങൾക്കാധാരം!
നല്ല കർമ്മങ്ങളാണ് നല്ല കർമ്മഫലം തരുന്നത്!
നല്ല കർമ്മഫലങ്ങളാണ് പുണ്യമെന്നറിയുക!
സ്വർഗ്ഗവും നരകവും ഈ ഭൂമിയിൽ തന്നെയാണ്!
തിന്മ നിറഞ്ഞ കർമ്മഫലങ്ങളാണ് പാപമെന്നറിയുക!

Scanned with CamScanner